● വാർഷിക വരിസംഖ്യ: ₹60

# മലബാർ വിഷൻ

താമരശ്ശേരി രൂപതാ മുഖപത്രം

● 2023 ● ജനുവരി - ഫെബ്രുവരി ● പുസ്തകം: 06 ● ലക്കം: 01 ● RNI Regn No: KERMAL/2017/73545

# അവസരങ്ങളുടെ പുതുവൽസരം

**പണ്ടൊരു കാലത്ത് മലയോര ജനത പുലർത്തിയ ഒത്തൊരുമയേയും അധ്വാനശേഷിയേയും കർമോൽസുകതയേയും അത്ഭുതത്തോടെ നോക്കിക്കണ്ട ഇതര സമൂഹങ്ങൾ സാവധാനം അതു മാതൃകയാക്കുകയും വിദ്യാഭ്യാസ മേഖലയിലും സംരംഭകരംഗങ്ങളിലും അസൂയാവഹമായി അതിവേഗം കുതിച്ചു മുന്നേറുകയും ചെയ്തത് നമുക്ക് പാഠമാകണം**

**ജോസ് കെ. വയലിൽ**

പുതിയൊരു തുടക്കം ആശംസിച്ച് വിജയങ്ങളിലേക്ക് മുന്നേറാനുള്ള പ്രാർഥനകളോടെയും നവമാക്കപ്പെട്ട ചിന്തകളോടെയുമാണ് ഓരോ പുതുവർഷവും പുലരുന്നത്. എന്നാൽ കുടിയേറ്റ ജനതയുടെ മനസ്സുകളിൽ നിറയുന്ന ആധികളുടെയും ആശങ്കകളുടെയും നടുവിലേക്കാണ് ഈ പുതുവർഷ പുലരി ഉദിക്കുന്നത്. ഒന്നിച്ചു നിൽക്കാനും അവകാശങ്ങൾക്കു വേണ്ടി പോരാടാനുമുള്ള ഉൾക്കരുത്തുണ്ടെങ്കിലും യോജിപ്പിന്റെ വഴികൾ കണ്ടെത്താൻ ഒരു കാലത്തും കർഷകർക്ക് സാധിക്കുന്നില്ല. അതുകൊണ്ടു തന്നെ പരിഷ്കൃതരെന്നു നടിക്കുന്ന നഗര സമൂഹത്തിന് എക്കാലവും ചവിട്ടിത്തേക്കാനുള്ള ഒന്നു മാത്രമായി കർഷക സമൂഹം മാറുന്നു. കുടിയിറക്കലുകൾ, ഇറക്കി വിടലുകൾ, വിലത്തകർച്ചകൾ, ജപ്തി ഭീഷണികൾ, വനം വകുപ്പിന്റെ ഭീഷണികൾ, റവന്യു ഉദ്യോഗസ്ഥരുടെ മേധാവിത്തങ്ങൾ അങ്ങനെ എന്തെല്ലാം പ്രതിസന്ധികളെ അതിജീവിച്ചാലാണ് ഓരോ കർഷക സമൂഹവും നേർവഴി വീണ്ടെടുക്കുക.

പിന്നിട്ട കാലങ്ങൾ ഒട്ടേറെ പാഠങ്ങൾ പകരുന്നുണ്ട്. കുടിയേറ്റ ജനതയുടെ ടൈം ആൻഡ് വെൽത്ത് മാനേജ്മെന്റും സംരംഭകത്വ മികവും നേതൃഗുണവും സംഘമുന്നേറ്റങ്ങളുമൊക്കെ എത്രകണ്ട് പുതിയ തലമുറ പഠന വിധേയമാക്കിയിട്ടുണ്ട്, മാതൃകയാക്കിയിട്ടുണ്ട് എന്നത് പരിശോധിക്കേണ്ട കാര്യങ്ങളാണ്. ഒന്നിച്ചുള്ള മുന്നേറ്റങ്ങളായിരുന്നു വിജയിച്ച കുടിയേറ്റ ചരിത്രങ്ങളൊക്കെ. ഒറ്റയാൾ പരിശ്രമങ്ങളേക്കാൾ സംഘ ശക്തികൾക്കായിരുന്നു വിജയം. കാടിനോടും മണ്ണിനോടും മല്ലിടാൻ അതു വേണമായിരുന്നു. വീടുണ്ടാക്കാനും കൃഷിയിറക്കാനും റോഡു വെട്ടാനുമെല്ലാം ആ സംഘ ശക്തി ഒന്നിച്ചു.




> **കുടിയേറ്റ ജനതയുടെ ടൈം ആൻഡ് വെൽത്ത് മാനേജ്മെന്റും സംരംഭകത്വ മികവും നേതൃഗുണവും സംഘമുന്നേറ്റങ്ങളുമൊക്കെ എത്രകണ്ട് പുതുതലമുറ പഠന വിധേയമാക്കിയിട്ടുണ്ട്? ഒന്നിച്ചുള്ള മുന്നേറ്റങ്ങളായിരുന്നു വിജയിച്ച കുടിയേറ്റ ചരിത്രങ്ങളൊക്കെ. ഒറ്റയാൾ പരിശ്രമങ്ങളേക്കാൾ സംഘശക്തികൾക്കായിരുന്നു വിജയം.**

കൃഷിയും അതിനു വേണ്ടിയുള്ള അധ്വാനവും നിലനിൽപിനു വേണ്ടിയുള്ളതായിരുന്നു. കര നെൽകൃഷിയും (വിത്തു കൊത്തൽ) കപ്പക്കൃഷിയുമൊക്കെ ജീവിതം വേരുപിടിപ്പിക്കാനുള്ളവയായിരുന്നു. ഭക്ഷണത്തിനുള്ളതും അത്യാവശ്യം വീട്ടു ചെലവിനുള്ളതും അങ്ങനെ ലഭിച്ചു. വെട്ടിപ്പിടിച്ച മണ്ണിൽ കാലുറപ്പിച്ചു നിൽക്കാനായതോടെയാണ് മറ്റു വിളകൾ മലയോരങ്ങൾ ഹരിതാഭമാക്കാനെത്തിയത്. നാളികേരവും റബറും കശുമാവുമൊക്കെ അങ്ങനെ കൃഷിയിടങ്ങളിലെത്തി. നാണ്യവിളകളാണ് മലയോരത്തിന്റെ വികസന പാത വിപുലമാക്കിയത്. ഒരു സീസണിലെ കപ്പക്കൃഷി ഒരു കുടുംബത്തിന്റെ ഒരു സാമ്പത്തിക വർഷത്തിലെ ഭക്ഷ്യശേഖരവും മണി ബാങ്കും ആയിരുന്ന കാലം ഉണ്ടായിരുന്നു. ഇന്നു പരിസ്ഥിതിവാദികളും പുരോഗമന നാട്യക്കാരും കുരിശിലേറ്റുന്ന കുടിയേറ്റക്കാരുടെ ആ അധിനിവേശം കേരളത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അസ്തിവാരമൊരുക്കുകയായിരുന്നുവെന്ന തിരിച്ചറിവ് ഉണ്ടാകേണ്ടതുണ്ട്. ഇന്നു കാണുന്ന റോഡുകളോ വിദ്യാലയങ്ങളോ സർക്കാർ സ്ഥാപനങ്ങളോ ഒന്നും ഈ കുടിയേറ്റ ജനതയുടെ ദീർഘവീക്ഷണം ഇല്ലായിരുന്നെങ്കിൽ യാഥാർഥ്യമാകില്ലായിരുന്നു എന്നെങ്കിലും തിരിച്ചറിയപ്പെടേണ്ടതുണ്ട്. ശുദ്ധവായുകൊണ്ടും പച്ചപ്പിന്റെ സമൃദ്ധി കൊണ്ടും പൈതൃക പരിശുദ്ധികൊണ്ടും മലയോരങ്ങൾ ധന്യമാണ്. അതുകൊണ്ടുതന്നെ പാരിസ്ഥിതിക വെല്ലുവിളികളുയർത്തുന്ന സംരംഭങ്ങളും വ്യവസായങ്ങളും അധികമില്ല. കാലം തെറ്റിയുള്ള മഴയും പ്രളയവും മറ്റ് പ്രകൃതിദുരന്തങ്ങളും മൂലം കർഷക സമൂഹം പ്രതിസന്ധിയിലാണ്. ചെലവുകൾ ദിനംപ്രതി വർധിക്കുമ്പോഴും വരുമാനത്തിൽ മാത്രം കുതിച്ചു ചാട്ടമില്ല. ഇപ്പോഴുള്ള കൃഷി രീതികളിൽ മാറ്റങ്ങൾ കൊണ്ടുവന്നില്ലെങ്കിൽ പിടിച്ചുനിൽക്കുക ബുദ്ധിമുട്ടായി മാറുമെന്നതിൽ സംശയമില്ല.

പേജ് മൂന്നിൽ തുടരുന്നു ▸



ALPHONSA ENGLISH MEDIUM SCHOOL
SENIOR SECONDARY - RESIDENTIAL
(Affiliated to C.B.S.E., New Delhi)
THAMARASSERY, KOZHIKODE, KERALA - 673 573
Phone: 04952223040, Mob: 8848186993, 9495220031

AN ACHIEVER ALL THE WAY
Moulding and Grooming Generations Since 1992

- Disciplined Formation
- Experienced Faculty
- Hostel for Boys & Girls

ADMISSION STARTED FOR 2023-24
L.K.G. TO CLASS 12

## എഡിറ്റോറിയൽ

● പുസ്തകം: 6 ● ലക്കം: 1

# കലവറയിലെ അരുചികൾ

കറതീർന്ന സംഘാടക മികവുകൊണ്ടും കോഴിക്കോടിന്റെ കലാസ്വാദന പെരുമകൊണ്ടും വൻവിജയമായി പര്യവസാനിച്ചിരിക്കുകയാണ് 61–ാമത് സംസ്ഥാന സ്കൂൾ കലോത്സവം. പങ്കെടുത്ത കുട്ടികളും അവരെ അനുഗമിച്ച മാതാപിതാക്കളും സംഘാടകരെയും കോഴിക്കോടിന്റെ ആദിത്യമര്യാദയെക്കുറിച്ചുമൊക്കെയാണ് സംസാരിക്കുന്നത്. എന്നാൽ എല്ലാറ്റിലും എന്തെങ്കിലും ഒരു വാർത്തായിടം കണ്ടെത്താൻ ആഗ്രഹിക്കുന്ന കുറെ പേർ ചേർന്ന് അനാവശ്യമായ ഒരു വിവാദത്തിലേക്കും ഈ കലോത്സവത്തെ കൊണ്ടു ചെന്നെത്തിച്ചിട്ടുണ്ട്. കലവറയിൽ കയ്ക്കുന്നത് ജാതിവെറിയുടെ അരുചികളാണ്.

ഇത്തവണ കലവറയാണ് വില്ലൻ. കലോത്സവത്തിനായി ഒരുക്കുന്ന വെജിറ്റേറിയൻ ഭക്ഷണമാണ് പ്രശ്നം. അത് ജാതീയ മേൽക്കോയ്മയുടെ സൂചകമാണത്രെ. എന്നാൽ അടുത്ത വർഷം മുതൽ നോൺ വെജ് ഭക്ഷണം നൽകാൻ ശ്രമിക്കും എന്ന് സർക്കാർ, നോൺ വെജ് ഭക്ഷണം നൽകുന്നിടത്ത് ഹലാൽ മാംസം പറ്റില്ലായെന്ന് ഹിന്ദു സഭ, തങ്ങൾക്ക് നോൺ വെജ് ഭക്ഷണം നൽകുന്നതിൽ താൽപര്യമില്ലെന്ന് മുസ്ലീം ലീഗ്, ഈ അനാവശ്യ വിവാദങ്ങൾക്കിടയിൽ താനിനി കലോത്സവ പാചകത്തിനില്ലായെന്ന് ഒന്നര പതിറ്റാണ്ടു ഭക്ഷണമൊരുക്കിയ പഴയിടം. വയറു പൊരിയുന്നവന് മൂന്നു നേരത്തെ ഭക്ഷണം ഒരുക്കുന്നിടത്ത് എന്ത് ജാതി, എന്ത് മേൽക്കോയ്മ, എന്ത് സമുദായം?

യഥാർത്ഥത്തിൽ ഇത്രയും വലിയൊരു മേളക്ക് 5 ദിവസം പതിനായിരങ്ങൾക്ക് ഭക്ഷണമൊരുക്കാൻ ഫണ്ട് ഇല്ലാതെ കഷ്ടപ്പെടുകയായിരുന്നു സർക്കാർ. അത് കൊണ്ടാവണമല്ലോ സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ശേഖരിച്ച പയറും കടലയും തേങ്ങയും എണ്ണയുമൊക്കെ പാചകപ്പുരയിൽ വിഭവങ്ങളായി മാറിയത്. അവിടെയാണ് ഇതിലും ചില വേറുന്ന നോൺ വെജ് ഭക്ഷണം കൊടുക്കാൻ ശ്രമിക്കാമെന്ന് പറഞ്ഞു വിവാദം അവസാനിപ്പിക്കാൻ സർക്കാർ ശ്രമിക്കുന്നത്. സത്യത്തിൽ എന്തിനാണ് ഇത്തരം വിവാദങ്ങൾ? ജാതിക്കും മതത്തിനും ദേശത്തിനും അതീതമായി സ്നേഹിക്കാനും ഒത്തു ചേരാനും പഠിപ്പിക്കുന്ന ഇത്തരം ഉത്സവവേദികളിൽ വർഗീയതയുടെ വിഷം കലർത്താൻ ശ്രമിക്കുന്നതും നാടിന്റെ സമാധാന അന്തരീക്ഷം തകർക്കാൻ ശ്രമിക്കുന്നതും ആർക്കു വേണ്ടിയാണ്? ഇത്തരം വിവാദ പ്രസ്താവനകളിലൂടെ സാംസ്കാരിക നായകന്മാരാകാൻ ശ്രമിക്കുന്നവരോട് ഒരോർമ്മപ്പെടുത്തൽ; നമുക്ക് വാർത്തകൾക്കല്ല ഇടം വേണ്ടത്; നമ്മുടെ സാംസ്കാരിക പൈതൃകങ്ങൾ ഊട്ടിയുറപ്പിക്കാനുള്ള ഇടമാണ് ഒരുക്കേണ്ടത്.

# ആത്മീയ നവീകരണത്തിന്റെ തിരുനാളുകൾ



ഇടയശബ്ദം
മാർ റെമീജിയോസ് ഇഞ്ചനാനിയിൽ

തിരുനാളുകളുടെ ദിവസങ്ങളാണിത്. കോവിഡിനുശേഷം, തിരുനാളുകൾ പഴയ പ്രൗഡിയോടും ചൈതന്യത്തോടും കൂടെ ആഘോഷിച്ച് തുടങ്ങിയിട്ടുണ്ട്. ഏതൊരു മതത്തിലും ആഘോഷങ്ങളുടെ ആന്തരികമൂല്യം പരിരക്ഷിക്കപ്പെടുമ്പോൾ ആ കൂടിവരവുകൾ കൂടുതൽ ഇമ്പമാർന്ന സ്നേഹ സംസ്ക്കാരം വളർത്താൻ മനുഷ്യസമൂഹത്തിന് ശക്തിയേകുന്നുണ്ടെന്ന കാര്യം നാം വിസ്മരിക്കരുത്.

തിരുനാളുകൾ ഒരു തരത്തിൽ പറഞ്ഞാൻ പൊതുജനഭക്തിയുടെ പ്രകടനങ്ങളാണ്. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം പറയുന്നു: “ഈ ഭക്തി പ്രകടനങ്ങൾ സഭയുടെ ആരാധനാജീവിതത്തെ വ്യാപിപ്പിക്കുകയാണ്. പൊതുജനഭക്തിയുടെ അകക്കാമ്പിൽ ജീവിതത്തിന്റെ ഗൗരവമായ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്ന ക്രൈസ്തവ വിജ്ഞാനത്തിന്റെ മൂല്യശേഖരണമാണുള്ളത്. ദൈവമക്കളെന്ന നിലയിൽ വ്യക്തികൾക്കുള്ള അന്തസ്സ് അംഗീകരിച്ചുറപ്പിക്കുന്നതും അടിസ്ഥാനപരമായ സാഹോദര്യം സ്ഥാപിക്കുന്നതുമെല്ലാം പൊതുജനഭക്തിയുടെ ആഘോഷത്തിന്റെ ഉള്ളടരുകളിലുണ്ട്. (CCC 422)

ഓരോ തിരുനാളാഘോഷവും ആ ഇടവകയുടെ സമഗ്രമായ ആത്മീയ നവീകരണത്തിന് പ്രചോദനമാകണം. ബാഹ്യമായ ആഘോഷങ്ങൾ നമ്മുടെ കൂടിവരവുകളെ ആകർഷകമാക്കുമെങ്കിലും, കോവിഡിനു ശേഷമുള്ള നമ്മുടെ തിരുനാളാഘോഷങ്ങളിൽ ദൈവകരുണയുടെ നവമായ വിളംബരങ്ങൾ കൂട്ടിച്ചേർക്കപ്പെടണം. വിശുദ്ധ ഫൗസ്റ്റീനയിലൂടെ വെളിപ്പെടുത്തിയ കർത്താവിന്റെ കരങ്ങളിൽ നിന്നുള്ള പൊൻകിരണങ്ങൾ ഓരോ മനുഷ്യ ഹൃദയങ്ങളിലേക്കും പ്രസരിപ്പിക്കപ്പെടുന്നതാകണം നമ്മുടെ തിരുന്നാൾ ആഘോഷങ്ങൾ. ഈ പൊൻ കിരണങ്ങളാണ് ലോകത്തെ വിശുദ്ധീകരിക്കുക.

ആഘോഷങ്ങൾ സംഘടിപ്പിക്കുന്നതോടൊപ്പം ഓരോ ക്രൈസ്തവനും നവീകരിക്കപ്പെട്ട് ‘ക്രിസ്തുവിനാൽ പണിയപ്പെട്ട ഭവന’ങ്ങളായി ദൈവജനം രൂപാന്തരം പ്രാപിക്കണമെങ്കിൽ, ഓരോ കൂടിവരവും സ്നേഹത്തിന്റെ കലർപ്പില്ലാത്ത സമാഗമവേദികളാകണം. ജീവകാരുണ്യ പ്രവർത്തങ്ങൾക്ക് നാം ഇപ്പോൾ നൽകിവരുന്ന പ്രാധാന്യം, കോവിഡാനന്തര സഭയിൽ ‘ഓരോ മനുഷ്യനിലുമുള്ള ക്രിസ്തു’വിനെ ശുശ്രൂഷിക്കാൻ യഥാർത്ഥത്തിൽ നമ്മെ പ്രാപ്തരാക്കുകയാണ്.

ഓരോ വിശുദ്ധരും ഈ സ്നേഹശുശ്രൂഷയിലൂടെ ത്രിതൈക ദൈവത്തെ ലോകത്തിന് വീണ്ടും വീണ്ടും പരിചപ്പെടുത്തിയവരാണ്. ദൈവത്തോടുള്ള നിരന്തര ബന്ധത്തിലൂടെയാണ് ‘മാനുഷിക സ്നേഹം’ ഫലദായകമാവുകയെന്ന് നമുക്കറിയാം. ഓരോ വിശുദ്ധരുടെയും ജീവിതം അനുസ്മരിക്കുമ്പോൾ, അവരുടെ ദൈവശുശ്രൂഷകളിൽ അവിഭാജ്യമായിരുന്ന അപരനോടുള്ള ത്യാഗമയമായ സ്നേഹം നമുക്ക് വിസ്മരിക്കാനാവില്ല.

സമകാലിക സാമൂഹിക പ്രതിസന്ധികളെ മറികടക്കാൻ ആന്തരികമായ ബലവും കൂട്ടായ്മയും പരസ്പരാശ്രയബോധവും നമ്മുടെ കൂട്ടായ്മയിൽ വർദ്ധിപ്പിക്കേണ്ടതുണ്ട്. അതിനാകട്ടെ, ‘ദൈവജനം ക്രിസ്തുവിന്റെ മൗതിക ശരീരം, പരിശുദ്ധാത്മാവിന്റെ ആലയം’ തുടങ്ങിയ സഭയെക്കുറിച്ചുള്ള നിർവചനങ്ങൾ നാം കൂടുതലായി സ്വാംശീകരിക്കേണ്ടതുണ്ട്.

ഓരോ തിരുനാളുകളും ‘ക്രിസ്തുവിൽ നിന്ന് നമ്മുടെ ജീവിതം പുനരാരംഭിക്കാൻ’ നമ്മെ പ്രചോദിപ്പിക്കാൻ ഉതകുന്നതാകണം. കുടുംബങ്ങളിൽ, സമൂഹത്തിൽ ക്രൈസ്തവർക്ക് തുടക്കം കുറിക്കാനാകുന്ന നവസ്നേഹ സംസ്കാരത്തിന്റെ കൊടിയേറ്റം കൂടി, നമ്മുടെ കൂടിവരവുകളിൽ സംഭവിക്കാൻ പ്രാർത്ഥിക്കുന്നു.

# സ്വയം ഓഡിറ്റിങ്ങിന്റെ സമയം



അകം പുറം
കെ. എഫ്. ജോർജ്

‘പരിശോധിക്കപ്പെടാത്ത ജീവിതം ജീവിക്കാൻ യോഗ്യമല്ല’ –പുരാതന ഗ്രീസിലെ ജ്ഞാനിയായ സോക്രട്ടീസിന്റെ വാക്കുകൾ.

സ്വയം പരിശോധിച്ച് വേണ്ട തിരുത്തലുകൾ നടത്തി മെച്ചപ്പെടുത്താത്ത മനുഷ്യ ജീവിതത്തിന് അർത്ഥവും ലക്ഷ്യവും നഷ്ടപ്പെടുന്നുവെന്നാണ് സോക്രട്ടീസ് പറഞ്ഞുവച്ചത്.

കമ്പനികളിലും സർക്കാർ വകുപ്പുകളിലും കാലാകാലങ്ങളിൽ ഓഡിറ്റിങ് നടത്തുന്നത് സ്ഥാപനങ്ങളുടെ പോക്ക് ശരിയായ ദിശയിലാണോ എന്ന് അറിയാനാണ്. ധൂർത്തുകൾ ചൂണ്ടിക്കാട്ടി ഒഴിവാക്കാനും ലാഭം വർദ്ധിപ്പിക്കാനുള്ള നിർദ്ദേശങ്ങളും ഓഡിറ്റ് റിപ്പോർട്ടിലുണ്ടാകും.

സാമാന്യമര്യാദപ്പുറത്തുള്ള ‘ഹാപ്പി ന്യൂ ഇയർ’ ആശംസ കൊടുക്കൽ വാങ്ങലുകൾക്ക് അപ്പുറത്തേക്ക് സ്വയം ഓഡിറ്റിങ്ങിന് വിധേയരാകേണ്ട അവസരമാണ് ഓരോ പുതുവർഷവും. എങ്കിൽ മാത്രമേ സ്വയം ശുദ്ധീകരിച്ച് ജീവിതം കൂടുതൽ സാർഥകവും സമാധാനപൂർണ്ണവുമാക്കാൻ കഴിയൂ.

കഴിഞ്ഞ കാലത്തിലേക്ക് ഒരു നിമിഷം തിരിയുക. നിസഹായനായ ശിശുവായി പിറന്നുവീണ ശേഷം എത്രയോ ആളുകളുടെ കാരുണ്യത്തിലും സഹായത്തിലുമാണ് ഇന്നത്തെ നിലയിലെത്തിയത്! ദൈവം മാതാപിതാക്കളിലൂടെയും കുടുംബാംഗങ്ങളിലൂടെയും മറ്റ് നിരവധി ആളുകളിലൂടെയും കടത്തിവിട്ടാണ് ഇപ്പോഴത്തെ അവസ്ഥയിലെത്തിയത്. അനുഗ്രഹങ്ങളുടെ കതിർക്കനംകൊണ്ട് ശിരസ് കുനിയുമ്പോൾ നന്ദിയെന്ന രണ്ടക്ഷരമല്ലേ മനസിൽ നിറയേണ്ടത്!

ഇതുവരെ ദാനമായി ലഭിച്ചതിന്റെ കണക്ക് ജീവിതത്തിന്റെ ഓഡിറ്റ് ബുക്കിൽ രേഖപ്പെടുത്തിയ ശേഷം മാത്രമേ കിട്ടാതെ പോയതിന്റെ കണക്കിലേക്ക് തിരിയാവൂ.



പക്ഷേ ഇങ്ങനെയല്ല പലപ്പോഴും ചെയ്യുക. നഷ്ടപ്പെട്ടുവെന്ന് കരുതുന്നത് മാത്രം രേഖപ്പെടുത്തി ആ കോളം മാത്രം പൊലിപ്പിച്ചുകൊണ്ടേയിരിക്കും. ഇതിനെ ബാലൻസ് ചെയ്യേണ്ട എതിർ കോളത്തിലേക്ക് കണ്ണു ചെല്ലില്ല.

അല്ലെങ്കിൽ ബൈബിളിലെ നഥാനിയേലിനെപ്പോലെ ‘നസ്രത്തിൽ നിന്ന് എന്തെങ്കിലും നന്മയുണ്ടാകുമോ’ എന്ന് ചോദിച്ച് സഹായിക്കുന്നവരെ തമസ്ക്കരിച്ചു കളയും.

മുൻവിധികൾ നമ്മെ വഴിതെറ്റിക്കുന്നു. ജീവിതാന്തരീക്ഷവും പാരമ്പര്യവും ജീനുമെല്ലാമാണ് മുൻവിധികൾക്ക് രൂപം കൊടുക്കുന്നതെന്ന് അറിയുന്നില്ല. ശാന്തമായി പരിശോധിച്ചാൻ നിരപരാധിയെന്ന് മനസിലാക്കാവുന്ന വ്യക്തി അങ്ങനെ ശത്രുഗണത്തിൽ ഇടം പിടിക്കുന്നു. പിന്നീട് അയാളുമായി മനസ്സ് നിഴൽ യുദ്ധത്തിൽ ഏർപ്പെടുന്നു. നഷ്ടപ്പെടുന്നതോ സ്വന്തം മനസമാധാനവും.

ഗാന്ധിജിക്ക് ജീവിതം സത്യവുമായുള്ള പരീക്ഷണമായിരുന്നു. മുൻ വിധികളുടെ വേലിക്കെട്ടുകളെ ഗാന്ധിജി പൊളിച്ചെറിഞ്ഞത് സത്യമെന്ന മൂർച്ചയുള്ള ആയുധം കൊണ്ടാണ്. മുൻവിധികളെ പുതുവെളിച്ചത്തിൽ വിലയിരുത്തിയാൽ നവവത്സരത്തിൽ സത്യത്തിലെത്താൻ കഴിയും.

അപ്പോൾ ഹൃദയം കുറ്റപ്പെടുത്തുന്ന എല്ലാ അവസ്ഥകളിൽ നിന്നും വിടുതൽ ലഭിച്ച് ഉള്ളിൽ കുളിർ തെന്നൽ തഴുകുന്ന ലാഘവത്വത്തിലേക്ക് ഉയരാൻ കഴിയും.

ആരോഗ്യ സ്ഥിതിയും ഓഡിറ്റ് ചെയ്തുനോക്കാം. ജീവിത ശൈലിയിലും വ്യായാമത്തിലും ഭക്ഷണത്തിലുമെല്ലാം അൽപ്പം മാറ്റം വരുത്താൻ മനസുവച്ചാൽ ആരോഗ്യവും മെച്ചപ്പെടാം.

നീതിബോധമാണ് മനുഷ്യനെ മൃഗങ്ങളിൽ നിന്ന് വ്യത്യസ്തമാക്കുന്നത്. അത് പരസ്പരസഹായത്തിലേക്ക് അവനെ നയിക്കുന്നു.

‘ഹാപ്പി ന്യൂ ഇയർ’ പറയുമ്പോൾ സന്തോഷമാണല്ലോ അപരനിലേക്ക് ചൊരിയുന്നത്. സന്തോഷത്തെക്കുറിച്ചുള്ള ഒരു ചൈനീസ് പഴമൊഴി ഇങ്ങനെയാണ്:

*ഒരു മണിക്കൂർ സന്തോഷം വേണമെങ്കിൽ ഒന്നു മയങ്ങുക. ഒരു ദിവസത്തേക്ക് നീണ്ടു നിൽക്കണമെങ്കിൽ മീൻ പിടിക്കാൻ പോവുക. ഒരു വർഷം നീണ്ടു നിൽക്കണമെങ്കിൽ നിധി സ്വന്തമാക്കുക. ജീവിതകാലം മുഴുവൻ സന്തോഷം വേണമെങ്കിൽ ആരെയെങ്കിലും സഹായിക്കുക.*

# തളിരിടേണ്ടത് കർഷകക്കൂട്ടായ്മകൾ

**ഉൽപാദിപ്പിക്കുന്ന ഭക്ഷ്യവസ്തുക്കൾ മൂല്യവർധിത ഉൽപന്നങ്ങളാക്കുന്നതിനുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തണം. ഇതു കർഷകന് കൃത്യമായ വരുമാനം ലഭിക്കുന്നതിനൊപ്പം പാഴായി പോകുന്ന ഉൽപന്നങ്ങളെ പുതിയ രൂപത്തിൽ വിപണിയിലെത്തിക്കാനും സഹായിക്കും.**

*ഒന്നാം പേജിൽ നിന്ന് തുടർച്ച*

വിലയിലെ സ്ഥിരതയില്ലായ്മയാണ് കർഷകരെ ഏറ്റവും പ്രതിസന്ധിയിലാക്കുന്നത്. ഏകീകൃത വില എന്നത് നിയമമായാൽ കർഷകർക്ക് ആശ്വാസമാകും. ഉൽപാദിപ്പിക്കുന്ന ഭക്ഷ്യവസ്തുക്കൾ മൂല്യവർധിത ഉൽപന്നങ്ങളാക്കുന്നതിനുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തണം. ഇതു കർഷകന് കൃത്യമായ വരുമാനം ലഭിക്കുന്നതിനൊപ്പം ഉപയോഗമില്ലാതെ പോകുന്ന സാധനങ്ങളെ പുതിയ രൂപത്തിൽ വിപണിയിലെത്തിക്കാനും സഹായിക്കും.

ഉദാഹരണത്തിന് ചക്ക കിലോഗ്രാമിന് 20 രൂപയാണ്. ശരാശരി 10 കിലോയുള്ള ചക്ക വാങ്ങണമെങ്കിൽ 200 രൂപയാകും. എന്നാൽ, അതേ ചക്ക മൂല്യവർധിത ഉൽപന്നമാക്കിയാൽ വില എത്രയോ ഇരട്ടിയാകും. എന്നാൽ ഇത്തരത്തിൽ മൂല്യവർധിത ഉൽപന്നങ്ങൾ നിർമിക്കുന്നതിനായി സംരംഭം തുടങ്ങണമെങ്കിൽ കടമ്പകൾ ഏറെയുണ്ട്. വർഷം മുഴുവനും, അതായത് എല്ലാ സീസണുകളിലും ചക്ക സുലഭമായി ലഭിക്കണം. അത്തരത്തിൽ ചക്കയെത്തിക്കുന്നതിനുള്ള മാർഗങ്ങൾ കണ്ടെത്തുകയും വേണം. എത്തിക്കുന്ന ചക്ക സംസ്കരിച്ചെടുക്കുന്നതിനുള്ള സംവിധാനങ്ങളും ഒരുക്കേണ്ടത് ആവശ്യമാണ്. ഒന്നോ രണ്ടോ സംരംഭകർ അല്ലെങ്കിൽ ചെറുവിഹിതം ഓഹരിയായി സമാഹരിച്ച് രൂപീകരിക്കപ്പെടുന്ന ചെറുസംഘങ്ങൾ, വനിതകളുടെ കൂട്ടായ്മകൾ തുടങ്ങിയവയ്ക്കൊക്കെ മൂല്യവർധിത ഉൽപന്ന യൂണിറ്റുകൾ തുടങ്ങാവുന്നതേയുള്ളൂ. കപ്പയോ ചക്കയോ നാളികേര ഉൽപന്നങ്ങളോ പഴങ്ങളോ ഒക്കെ പല വിധ ഉൽപന്നങ്ങളാക്കി പായ്ക്ക് ചെയ്തും ബ്രാൻഡ് ചെയ്തുമൊക്കെ വിൽക്കാനാകും. ഇവയ്ക്ക് ആവശ്യമായ പരിശീലനങ്ങളും സാങ്കേതികവിദ്യകളും ഉപകരണങ്ങളും യന്ത്ര സംവിധാനങ്ങളും ധനസഹായവും സബ്സിഡികളുമൊക്കെ ഒരുക്കിത്തരാനും അംഗീകൃത ഏജൻസികളുണ്ട്.

വർഷം മുഴുവൻ കഷ്ടപ്പെട്ടു പണിയെടുക്കുന്ന കർഷകർക്ക്, അവരുടെ വിളകൾക്ക് ഇന്നു കിട്ടുന്ന വിലയെങ്കിലും നാളെയും ലഭിക്കുമെന്നുള്ള ഉറപ്പ് ആവശ്യമാണ്. അങ്ങനെയല്ലെങ്കിൽ വില കുറയുന്ന വിളകൾ കർഷകർ അവഗണിക്കുകയും മറ്റൊന്നിലേക്കു മാറുകയും ചെയ്യും.

## വഴികൾ കണ്ടെത്തണം

ഗാർബിൾഡ്, അൺഗാർബിൾഡ് കുരുമുളകുകൾ തമ്മിലുള്ള വിലവ്യത്യാസം കിലോയ്ക്ക് 20 രൂപയോളമാണ്. അൺഗാർബിൾഡ് കുരുമുളക് ഗാർബിൾഡ് ആക്കാനുള്ള സൗകര്യം കർഷകർക്കു ലഭ്യമാക്കിയാൽ, 1000 കിലോ കുരുമുളക് ഉൽപാദിപ്പിക്കുന്ന കർഷകന് എല്ലാ ചെലവുകളും കഴിഞ്ഞ് 14,000 രൂപയോളം അധിക വരുമാനം ലഭിക്കും. ഇത്തരം മൂല്യവർധിത ഉൽപന്നങ്ങൾക്കുള്ള സൗകര്യം ഇപ്പോൾ ഇടനിലക്കാർക്കും വൻകിട കമ്പനികൾക്കുമാണുള്ളത്. ഇതു കർഷകർക്കു നേരിട്ടു ലഭ്യമാക്കിയാൽ കാർഷിക മേഖലയിൽ ഉണ്ടാകുന്ന നേട്ടം വലുതായിരിക്കും.

ഉൽപാദിപ്പിക്കുന്ന വിളകൾ സൂക്ഷിക്കാനും സംഭരിക്കാനും മറ്റു മാർഗങ്ങളില്ലാത്തതിനാൽ കിട്ടുന്ന വിലയ്ക്കു നൽകുകയല്ലാതെ കർഷകർക്കു മറ്റു വഴിയില്ല. എന്നാൽ കുറഞ്ഞ താപനിലയിൽ ഇവ സൂക്ഷിക്കാൻ കഴിയുന്ന വെയർഹൗസുകൾ വന്നാൽ ഇതിനൊരു മാറ്റം സംഭവിക്കും. കർഷകരുടെ നേതൃത്വത്തിൽ പ്രോസസിങ് യൂണിറ്റുകൾ ആരംഭിച്ചാൽ നേട്ടം വീണ്ടും വർധിക്കും. ജോലിസാധ്യതയും കൂടും.

വന്യജീവികളിൽ നിന്നു കർഷകർക്കു സംരക്ഷണം ഉറപ്പാക്കേണ്ട സർക്കാരിന്റെ നിഷ്ക്രിയത്വം ആശങ്കാജനകമാണ്. കുടിയേറ്റത്തിന്റെ പ്ലാറ്റിനം ജൂബിലി പിന്നിട്ടുമ്പോഴും പല മേഖലകളും വന്യമൃഗശല്യങ്ങളുടെ രൂക്ഷതയിൽ നിന് വിടുതൽ നേടിയിട്ടില്ല. വന നിയമങ്ങളാകട്ടെ കർഷകനെ എങ്ങനെയൊക്കെ കെണിയിലാക്കാം എന്ന് തക്കം പാർത്തിരിക്കുന്നവയും ആണ്.

കർഷകനു പ്രയോജനപ്പെടാനാണ് കൃഷിഭവനുകൾ നിലവിൽ വന്നത്. കർഷകർക്ക് ആവശ്യമായ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതും കൃഷിഭവനുകളുടെ ചുമതലയാണ്.

കേരളത്തിലെ സാഹചര്യങ്ങൾക്കനുസരിച്ചു വളരുന്ന അത്യുൽപാദന ശേഷിയുള്ള വിത്തുകൾ വികസിപ്പിച്ചെടുക്കാൻ സംസ്ഥാനത്തുള്ള വിവിധ കാർഷിക ഗവേഷണ സ്ഥാപനങ്ങൾക്കു സാധിച്ചിട്ടുണ്ടെങ്കിലും ഇതിന്റെ ഗുണം കർഷകർക്കു ലഭിക്കുന്നില്ല. ശാസ്ത്രീയമായ രീതിയിൽ വികസിപ്പിച്ചെടുത്ത വിത്തുകളും അത്യുൽപാദന ശേഷിയുള്ള ബ്രീഡുകളും ഗവേഷണ കേന്ദ്രങ്ങളിൽ നിന്നു കർഷകരുടെ അടുത്തെത്തുന്നില്ല.

വിളയിപ്പിച്ചെടുക്കാവുന്ന ഏറ്റവും നല്ല 'വിള'കളിലൊന്നാണ് ഫാം ടൂറിസം. കൃഷിയിടങ്ങളിൽ ചെറിയ താമസസ്ഥലങ്ങൾ ഉണ്ടാക്കി, നമ്മുടെ ഭക്ഷണവും കലാരൂപങ്ങളും മറ്റും ഒരുക്കി വിനോദസഞ്ചാരികളെ ആകർഷിക്കാൻ ഉതകുന്ന പദ്ധതികൾക്കു പറ്റിയ സ്ഥലമാണ്. പഞ്ചായത്ത് തലത്തിൽ ഇതിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തണം.

**കർഷക കൂട്ടായ്മകൾക്ക് രൂപം കൊടുക്കാനും മാർഗ്ഗനിർദ്ദേശങ്ങൾ ലഭിക്കാനും താമരശ്ശേരി രൂപതയുടെ സാമൂഹിക സേവന വിഭാഗമായ സിഒഡിയുടെ സേവനങ്ങൾ വേണ്ടവർ വിളിക്കേണ്ട നമ്പർ: 9447951254**

## ലിസിയുടെ ഒറ്റയാൾ പോരാട്ടം

തുടരെ തുടരെ വന്നു കൊണ്ടിരുന്ന പ്രതിസന്ധികളെ അതിജീവിച്ചാണ് കാക്കവയൽ ഇടവകയിലെ തേക്കുംകാട്ടിൽ ലിസി പുട്ടുപൊടിയും അച്ചാറുകളും പായ്ക്കു ചെയ്ത് വിപണിയിൽ എത്തിച്ചത്. ഒരു തവണ രുചിച്ചവർ വീണ്ടും വീണ്ടും ആവശ്യപ്പെട്ടു തുടങ്ങിയതോടെ ലിസിക്ക് മുമ്പിൽ പുതിയൊരു സാധ്യത തെളിഞ്ഞു വരികയായിരുന്നു.

പശുവളർത്തലായിരുന്നു ലിസിയുടെ വരുമാനമാർഗം. നിനച്ചിരിക്കാതെ സംഭവിച്ച റോഡപകടം വില്ലനായി. അതോടെ പശുക്കൾക്കുള്ള പുല്ലുപറിക്കാനും മറ്റും പ്രയാസമായി. തുടർന്ന് ജോലിക്കായി വിദേശത്ത് പോയെങ്കിലും ശാരീരിക വിഷമതകൾമൂലം തിരികെ പോരേണ്ടി വന്നു. കൂൺ കൃഷിയിൽ ഒരുകൈ നോക്കുന്നത് ആയിടയ്ക്കാണ്. പരിശീലന ക്ലാസുകളിൽ പങ്കെടുത്ത അറിവു വച്ച് കൃഷി ആരംഭിച്ചു. ഏറെ ക്ഷമ വേണ്ട സംരംഭമായിരുന്നു കൂൺ കൃഷി. ആദ്യമൊക്കെ നഷ്ടങ്ങളുണ്ടായെങ്കിലും പതിയെ കൃഷി ലാഭരമായി.

കൂടുതൽ വരുമാനം ലക്ഷ്യമിട്ടാണ് അച്ചാർ, പുട്ട് പൊടി നിർമ്മാണത്തിലേക്കു കടക്കുന്നത്. 'ലിസീസ്' എന്ന പേരിൽ പായ്ക്കറ്റുകൾ അടുക്കിവച്ച സഞ്ചിയുമായി അടുത്തുള്ള വിദ്യാലയങ്ങളിലേക്കും സർക്കാർ സ്ഥാപനങ്ങളിലേക്കുമൊക്കെയാണ് ലിസി നടന്നെത്തിയത്. ആദ്യമൊക്കെ തണുപ്പൻ പ്രതികരണമാണ് ലഭിച്ചതെങ്കിലും ഉപയോഗിച്ചവർ പറഞ്ഞറിഞ്ഞ് ആവശ്യക്കാരേറി. കോഴിക്കോട് സിവിൽ സ്റ്റേഷനിലെ നിരവധി ഉദ്യോഗസ്ഥർ ഇപ്പോൾ ലിസിയുടെ സ്ഥിരം ഉപഭോക്താക്കളാണ്. ഞായറാഴ്ചകളിൽ കോഴിക്കോട് നഗരത്തിലെ പള്ളികളിലും ലിസി ഉൽപന്നങ്ങളുമായി എത്തുന്നു. താമരശ്ശേരി, ഈങ്ങാപ്പുഴ, കോടഞ്ചേരി, പുല്ലൂരാംപാറ, കൂടരഞ്ഞി തുടങ്ങിയ സ്ഥലങ്ങളിൽ വിവിധ കടകളിലേക്കും ലിസീസ് പുട്ടുപൊടിയും അച്ചാറുകളും എത്തിക്കുന്നുണ്ട്.

ഉപഭോക്താക്കൾ പറഞ്ഞറിഞ്ഞ് ആവശ്യക്കാരെത്തുമ്പോഴാണ് ഒരു സംരംഭം വിജയിക്കുന്നതെന്ന് ലിസി പറയുന്നു. "പെട്ടെന്ന് പണമുണ്ടാക്കാമെന്ന ധാരണയിൽ ഒരു സംരംഭം തുടങ്ങരുത്. ദീർഘക്ഷമയാണ് വിജയത്തിന് ആവശ്യം. പരാജയങ്ങളിൽ തളരാതെ പ്രത്യാശയോടെ മുമ്പോട്ടു പോകണം, എങ്കിൽ മാത്രമേ വിജയിക്കാൻ സാധിക്കൂ. അതോടൊപ്പം തന്നെ നമ്മൾ നിർമ്മിക്കുന്ന ഉൽപന്നം മികച്ചതും ഗുണമേന്മയുള്ളതുമായിരിക്കണം." ലിസി പറയുന്നു.

ഇപ്പോൾ 55 കിലോ അരിയുടെ പുട്ടുപൊടി ദിവസവും വിറ്റു പോകുന്നുണ്ട്.



**ലിസി തേക്കുംകാട്ടിൽ**

ഡിമാന്റ് ഏറിയതോടെ പുട്ടുപൊടി നിർമാണം വിപുലീകരിക്കുന്നതിനുള്ള പദ്ധതികളുടെ ആലോചനയിലാണ് ലിസി ഇപ്പോൾ.

ബെന്നിയാണ് ലിസിയുടെ ഭർത്താവ്. മകൻ ജോബിൻസ് വിദേശത്ത് ജോലി ചെയ്യുന്നു. മകൾ ജോസ്ന.

ലിസിയുടെ ഫോൺ: **9496292941**



# പരിഗണിക്കണം ഈ നിർദ്ദേശങ്ങൾ

*(മൂന്നാം പേജിൽ നിന്ന് തുടർച്ച)*

- കർഷകരുടെ വരുമാനം ദീർഘകാല സുസ്ഥിര അടിസ്ഥാനത്തിൽ വർധിപ്പിക്കാനാകണം ഊന്നൽ. കർഷകർക്ക് ഉൽപന്നങ്ങൾ ഏറ്റവും മികച്ച വിലയിൽ എവിടെയും വിൽക്കാനാകണം.
- കൃഷിവിളകൾക്കുള്ള നിയന്ത്രണങ്ങൾ എടുത്തുകളയണം.
- മൃഗപരിപാലനം അവഗണിക്കപ്പെടുകയാണ്. ഇവയ്ക്ക് അതിവേഗം വളരാൻ സഹായകമായ വിപണിയാണിവിടെയുള്ളത്.
- കാർഷിക വില ശൃംഖലയിൽ കർഷകർക്കു പരമാവധി വില ഉറപ്പാക്കണം. ക്ഷീര സഹകരണസംഘങ്ങൾ പാഠമാകണം.
- എണ്ണമറ്റ പദ്ധതികൾ കാരണം കൃഷിഭവനുകൾ സബ്സിഡി വിതരണകേന്ദ്രങ്ങളായി മാറുന്നു. കർഷകർക്കു സുസ്ഥിര മാർഗങ്ങളിൽ വരുമാനം വർധിപ്പിക്കാൻ സാങ്കേതിക പിന്തുണയേകുക എന്ന പ്രധാന ലക്ഷ്യത്തോടെയാകണം അത്തരം വികസന ഗവേഷണ സ്ഥാപനങ്ങളുടെ പ്രവർത്തനം.
- വിപണികളാകും കാർഷികവരുമാനത്തിന്റെ ഭാവി നിശ്ചയിക്കുക. അതു പുതിയ ഉൽപന്നങ്ങളാകാം, പ്രത്യേക വിഭാഗത്തെ ലക്ഷ്യമിടുന്ന ഉൽപന്നങ്ങളാകാം, ആരോഗ്യകരമായ ഭക്ഷ്യോൽപന്നങ്ങളാകാം. വിപണിയുടെ ആവശ്യത്തിന് അനുസൃതമായ ഉൽപാദന പദ്ധതി സ്വീകരിച്ചാലേ കർഷകർക്ക് ഉയർന്നവില ലഭിക്കൂ. ഉൽപാദനക്ഷമത കൂട്ടുക എന്നതിനെക്കാൾ കർഷകരുടെ വരുമാനത്തിനായിരിക്കണം വികസനഗവേഷണ ഏജൻസികൾ ഊന്നൽ നൽകേണ്ടത്.
- മേഖലയിലെ പുതിയലാഭകരമായ സംരംഭങ്ങൾക്കു സാങ്കേതിക പിന്തുണ നൽകണം. ആശ്രയിക്കാവുന്ന, നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങളാണു നവീന സംരംഭങ്ങൾക്കു വേണ്ടത്. കേന്ദ്രത്തിന്റെ, ഒരു ലക്ഷം കോടി രൂപയുടെ കാർഷിക അടിസ്ഥാന സൗകര്യനിധി പരമാവധി പ്രയോജനപ്പെടുത്തണം. പദ്ധതികൾ ബുദ്ധിപൂർവം ആസൂത്രണം ചെയ്തു മറ്റു ഫണ്ടുകളും ലഭ്യമാക്കണം.
- കഴിഞ്ഞ 5 വർഷത്തിനിടെ അറുനൂറോളം അഗ്രിടെക് കമ്പനികൾ രാജ്യത്തുയർന്നുവന്നു. അഗ്രിടെക് കമ്പനികളെയും കാർഷിക സംരംഭകരെയും പ്രോത്സാഹിപ്പിക്കുന്ന ഇക്കോസിസ്റ്റം രൂപപ്പെടുത്തണം.
- ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾക്കാണു (എഫ്പിഒ) ഭാവി. കർഷകർതന്നെ നയിക്കുന്ന എഫ്പിഒകൾ അവർക്കു കൂടുതൽ മികച്ച ആദായമേകും. വലിയ എഫ്പിഒകൾ രൂപീകരിക്കുകയോ എഫ്പിഒകളെ ഒരു കുടക്കീഴിൽ ഒന്നിപ്പിക്കുകയോ ആണു വേണ്ടത്. ബ്യൂറോക്രസിയുടെ നിയന്ത്രണമില്ലെങ്കിൽ സഹകരണസംഘങ്ങൾക്ക് ഇതു ചെയ്യാനാകും. കർഷകരുടെ ഉടമസ്ഥതയിലുള്ള സ്വകാര്യ കമ്പനികളായി അവയെ കാണണം.
- വിലവർധനയ്ക്കു പ്രാഥമികതല സംസ്കരണം പ്രോത്സാഹിപ്പിക്കണം. അനുയോജ്യമായ അന്തരീക്ഷമൊരുക്കി സ്വകാര്യമേഖലയെ ഭക്ഷ്യോൽപന്ന സംസ്കരണത്തിലേക്ക് ആകർഷിക്കണം.

ഇടവകകൾ തോറും രൂപം കൊള്ളുന്ന ചെറുസംരംഭക കൂട്ടായ്മകൾക്ക് ഒട്ടേറെ വിജയങ്ങൾ നേടാനാകും. വീടുകളിലേക്ക് ആവശ്യമായ എത്രയോ കാര്യങ്ങൾ ഹോം ഡെലിവറി സംവിധാനത്തിൽ എത്തിച്ചു നൽകാനാകും. പാൽ, പച്ചക്കറി, കിഴങ്ങുകൾ. മീൻ, ഇറച്ചി തുടങ്ങിയ എത്രയോ സാധ്യതകൾ. വീടുകൾ കേന്ദ്രീകരിച്ച് ഉൽപാദിപ്പിച്ച് അവ കലക്ട് ചെയ്ത് വിൽപന നടത്തുന്ന സംരംഭങ്ങൾ വേറെ സംഘങ്ങളായി ചേർന്ന് പാട്ടഭൂമിയിലോ അല്ലാതെയോ കൃഷി ചെയ്ത് നേടുന്ന വിജയങ്ങൾ. അലങ്കാര മൽസ്യ കൃഷി തേൻ ഉൽപാദനം പോലുള്ളവ വേറെ. സാധ്യതകൾ ഏറെ തുറന്നിട്ടുന്നുണ്ട് പുതുവർഷം. തളരാതെ മുന്നേറാനുള്ള ഇച്ഛാശക്തിയും നേതൃത്വവും ആണ് വേണ്ടത്. ചെറിയ തുടക്കങ്ങൾ നഷ്ടസാധ്യതകൾ കുറയ്ക്കും. വിജയമാകുന്ന സംരംഭങ്ങളെ വിപണി പഠിച്ച് സാവകാശം മറ്റിടങ്ങളിലേക്ക് വ്യാപിപ്പിക്കാനുമാകും.

## ജീവിതം മാറ്റിയ ചെയർ പോളിഷ്

സാമ്പത്തിക പ്രതിസന്ധികൾ സൃഷ്ടിച്ച ഞെരുക്കം നേരിടാനുള്ള പോരാട്ടം ചെന്നു നിന്നത് പഴയ കസേരകളെ പുതുപുത്തനാക്കുന്ന പോളിഷിന്റെ കണ്ടുപിടുത്തത്തിലാണ്. പടത്തുകടവ് ഇടവകാംഗം മുല്ലയിൽ ബിജു ജോർജാണ് കസേര പോളിഷിലൂടെ സംരംഭക ലോകത്തേക്ക് പുതുവഴി വെട്ടിയത്.

വാടക സ്റ്റോറിൽ ജോലി ചെയ്യുന്ന സമയത്താണ് നിറം മങ്ങിയ കസേരകളെ എങ്ങനെ പുതിയതു പോലെയാക്കാമെന്ന ചിന്ത ബിജുവിന്റെ മനസിലുദിക്കുന്നത്. ചെറിയ രീതിയിലുള്ള പരീക്ഷണങ്ങളും നടത്തി. പക്ഷെ, കാര്യമായ പുരോഗതിയുണ്ടായില്ല. പിന്നീട് ഫർണീച്ചർ ബിസിനസിലേക്ക് കടന്നു. പ്രതീക്ഷിച്ച വിജയം നേടാനാകാതെ അത് അവസാനിപ്പിച്ചു. ആ നാളുകളിൽ ഡിവൈൻ ധ്യാന കേന്ദ്രത്തിൽ നടന്ന ഒരു ധ്യാനത്തിൽ പങ്കെടുത്തു. അവിടെ നിന്നും ലഭിച്ച ഊർജമാണ് ബിജുവിനെ കസേര പോളിഷിന്റെ കണ്ടുപിടുത്തത്തിലേക്ക് നയിച്ചത്.

"ഈ പോളിഷ് കണ്ടെത്തിയത് എങ്ങനെയാണെന്ന് പലരും ചോദിക്കാറുണ്ട്. ദൈവം തന്നത് എന്ന് മാത്രമേ എനിക്ക് ഉത്തരമുള്ളു. ധ്യാനത്തിനിടെ കൗൺസിലർ പറഞ്ഞു പുതിയ ഒരു മേഖലയിലേക്ക് ദൈവം എന്നെ നയിക്കുന്നുണ്ടെന്ന്. ഒരാഴ്ചയ്ക്ക് ഉള്ളിൽ പുതിയ ബിസിനസിലേക്ക് കടക്കുമെന്നും അദ്ദേഹം പറഞ്ഞു. അത് അങ്ങനെ തന്നെ സംഭവിച്ചു. ഒരാഴ്ചയ്ക്കുള്ളിൽ തന്നെ പോളിഷിനുള്ള കൂട്ട് പല പരീക്ഷണങ്ങളിലൂടെ കണ്ടെത്താൻ സാധിച്ചു. ദൈവം കാണിച്ചു തന്നു എന്നാണ് ഞാൻ വിശ്വസിക്കുന്നത്." ബിജു പറയുന്നു.

2004 ലാണ് കസേര പോളിഷ് കണ്ടെത്തുന്നത്. 18 വർഷംകൊണ്ട് ഒരു ലക്ഷത്തിലേറെ കസേരകൾ പോളിഷ് ചെയ്തു കഴിഞ്ഞു. 15 വർഷം മുമ്പ് വാടക സ്റ്റോറുകാരുടെ ഒരു സമ്മേളനം കോഴിക്കോട് നടന്നു. ആ സമ്മേളനത്തിൽ കസേര പോളിഷ് അവതരിപ്പിക്കാൻ കഴിഞ്ഞത് വഴിത്തിരിവായി. കസേര പോളിഷുകൊണ്ട് ഏറ്റവും ഗുണം ലഭിക്കുന്നത് വാടക സ്റ്റോർ നടത്തുന്നവർക്കാണ്. ചുരുങ്ങിയ ചിലവിൽ കസേര പുതുപുത്തനാക്കാൻ ബിജുവിന്റെ പോളിഷിലൂടെ കഴിയും. പലയിടങ്ങളിൽ നിന്നും ഓർഡറുകൾ വന്നു. അവർ പറഞ്ഞറിഞ്ഞ് പിന്നെയും ഓർഡറുകൾ വന്നുകൊണ്ടിരുന്നു. കേരളത്തിനു പുറത്തു നിന്നും ആവശ്യക്കാരേറെ.



തുടക്കകാലത്ത് ബിജു തന്നെ കസേരകൾ പോളിഷ് ചെയ്തു നൽകുകയായിരുന്നു പതിവ്. ആർക്കും നിസാരമായി പോളിഷ് ചെയ്യാൻ സാധിക്കുമെന്നതുകൊണ്ട് ഇപ്പോൾ പോളിഷ് വിൽപ്പന മാത്രമേയുള്ളു.

മൾട്ടി പർപ്പസ് ലിക്വിഡ് ഡിറ്റർജെന്റുകൾ വിപണിയിൽ നിരവധിയുണ്ടെങ്കിലും ബിജു നിർമ്മിക്കുന്ന ബി വാഷ് ഡിറ്റർജെന്റ് വ്യത്യസ്തമാകുന്നത് അതിന്റെ ഗുണമേന്മകൊണ്ടാണ്. യാതൊരുവിധ അലർജിയും ഉണ്ടാക്കുന്നില്ലെന്നതാണ് മറ്റൊരു സവിശേഷത. തുണിയലക്കാനും തറ വൃത്തിയാക്കാനും പാത്രങ്ങൾ കഴുകാനും ഹാൻഡ് വാഷായും ഇത് ഉപയോഗിക്കാം. "വിപണിയിൽ എന്തിനും വില കിട്ടുന്ന കാലമാണിത്. ഏത് ഉൽപ്പന്നങ്ങൾക്കും എതിരാളികൾ ഉണ്ടാകും. എന്നാൽ വിപണിയിലെ മത്സരം കുറഞ്ഞ ഉൽപ്പന്നങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് മികച്ച നിലവാരത്തോടെ അത്തരം ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കാൻ സാധിച്ചാൽ നമ്മുടെ വിജയം കുറച്ചു കൂടി എളുപ്പമാകും"– ബിജു പറയുന്നു. മൾട്ടി പർപ്പസ് ലിക്വിഡ് ഡിറ്റർജന്റ് ബിസിനസായി ആരംഭിക്കാൻ താൽപ്പര്യമുള്ളവർക്ക് പഠിപ്പിച്ചുകൊടുക്കാനും ബിജു തയ്യാറാണ്.

മെറീനയാണ് ബിജുവിന്റെ ഭാര്യ. മക്കൾ: ആൻഡ്രിയ, ആൻവിയ
ബിജുവിന്റെ ഫോൺ: **8086577212**

## വിജയത്തിന്റെ തേൻ മധുരം

ഫിസിക്സിൽ ബിരുദം നേടി കോളജിന്റെ പടികളിറങ്ങുമ്പോൾ ജെബിൻ ജോർജിന് ഭാവിയെക്കുറിച്ച് തെല്ലും സംശയമുണ്ടായിരുന്നില്ല. ചെറുപ്പം മുതൽ ശീലിച്ച കൃഷി തൊഴിലാക്കുക. സമപ്രായക്കാർ വൈറ്റ് കോളർ ജോലി സ്വപ്നം കണ്ടു നടന്നപ്പോൾ കൃഷിയിടത്തിൽ സ്വന്തം സ്വപ്നങ്ങൾക്ക് തടമെടുക്കുകയായിരുന്നു ജെബിൻ. ഏതാനും വർഷങ്ങൾക്കൊണ്ട്തന്നെ ഹോം സ്വീറ്റ് ഹണി എന്ന ബ്രാൻഡിൽ തേൻ വിപണിയിലിറക്കി ശ്രദ്ധേയനാകുകയാണ് കാളികാവ് ഇടവകാംഗമായ തുണ്ടത്തിൽ ജെബിൻ.



"അപ്പൻ കൃഷി ചെയ്യുന്നത് കണ്ടാണ് വളർന്നുവന്നത്. അപ്പനെ സഹായിക്കാനായി കൃഷിയിടത്തിലേക്ക് ചെറുപ്പത്തിലെ ഇറങ്ങിയതാണ്. അങ്ങനെ കൃഷിയെ ഇഷ്ടപ്പെട്ടു. മണ്ണിൽ പണിയെടുകാൻ താൽപര്യക്കുറവില്ലായിരുന്നു." – ജെബിൻ പറയുന്നു.

അഞ്ച് ഏക്കറോളമുള്ള കൃഷി ഭൂമിയിൽ കുരുമുളക്, ജാതി, ഗ്രാമ്പൂ, വാഴ, റബർ, കമുങ്, തെങ്ങ് എന്നിവ കൃഷി ചെയ്യുന്നു. തേനീച്ച കൃഷിയിലാണ് കൂടുതൽ ശ്രദ്ധ നൽകുന്നത്. 300 തേനീച്ചപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. വർഷത്തിൽ 2000 ലിറ്ററിലധികം തേൻ ഇതിൽ നിന്ന് ഉൽപ്പാദിപ്പിച്ചെടുക്കുന്നു. ഹോം സ്വീറ്റ് ഹണി എന്ന ബ്രാൻഡിലാണ് തേൻ വിപണിയിലെത്തിക്കുന്നത്. ആവശ്യക്കാർക്ക് കൊറിയറായി എത്തിച്ചു നൽകും.

സോഷ്യൽ മീഡിയയുടെ സാധ്യതകളും മാർക്കറ്റിങ്ങിൽ ജെബിൻ ഉപയോഗപ്പെടുത്തുന്നു. സോഷ്യൽ മീഡിയ ഇൻഫ്ളുവൻസർമാരെ ഉപയോഗിച്ച് പരസ്യം ചെയ്യാറുണ്ട്. അതുകൊണ്ടുതന്നെ കേരളത്തിലെ എല്ലാ ജില്ലകളിലും ആവശ്യക്കാർ ഏറെ. ചില രൂപതകളിലെ സോഷ്യൽ സർവീസ് സംഘടനകളുമായി ചേർന്ന് തേൻ വിൽപ്പന നടത്തുന്നുണ്ട്. ഇതോടൊപ്പം ഗ്രാമ്പു ബ്രാൻഡ് ചെയ്ത് ചെറുപായ്ക്കറ്റുകളിലാക്കി വിപണിയിലിറക്കാനുള്ള തയ്യാറെടുപ്പിലാണ് ജെബിനിപ്പോൾ.

"സമ്മിശ്രകൃഷിയാണ് ജെബിൻ പിന്തുടരുന്നത്. കൃഷി സംബന്ധമായ അറിവുകൾ നേടിയത് അപ്പനിൽ നിന്നാണ്. ചെറുപ്പം മുതലേ അപ്പൻ പറഞ്ഞു തന്ന രീതിലാണ് കൃഷി ചെയ്തിരുന്നത്. കൃഷിഭവനിൽ പോയി ഓരോ കൃഷിക്കും വേണ്ട കാര്യങ്ങൾ എങ്ങനെ ചെയ്യാം എന്നും അതിനുള്ള വളങ്ങൾ എന്തെല്ലാമെന്നും മനസിലാക്കാൻ ശ്രമിക്കാറുണ്ട്. കാലാവസ്ഥ വ്യതിയാനം, വിലത്തകർച്ച, പണിക്കാരെ കിട്ടാത്ത അവസ്ഥ എന്നിങ്ങനെയാണ് ഇപ്പോഴത്തെ വെല്ലുവിളികൾ. പണിക്കാരെ വിളിക്കുന്നുണ്ടെങ്കിലും ഞാനും അവരോടൊപ്പം ഒരു പണിക്കാരനായി പറമ്പിൽ ഇറങ്ങും. സൈഡ് ബിസിനസ് ആയിട്ട് കൃഷിയെ കൊണ്ടുപോകരുത്. ആത്മാർത്ഥമായി മണ്ണിനെയും കൃഷിയെയും സ്നേഹിച്ചാലെ കൃഷിയിലൂടെ എന്തെങ്കിലും വരുമാനം കണ്ടെത്താനാകൂ. ഒരു കൃഷി മാത്രം ചെയ്തതുകൊണ്ടും കാര്യമില്ല, പല കൃഷികൾ ചെയ്താൽ ഒരു കൃഷിക്ക് മാർക്കറ്റിൽ വിലയില്ലെങ്കിലും മറ്റു കൃഷിയിലൂടെ അതു നികത്തിക്കൊണ്ടുപോകാനും അങ്ങനെ മാർക്കറ്റിൽ പിടിച്ചു നിൽക്കാനും സാധിക്കും." – ജെബിൻ പറയുന്നു.

നയനയാണ് ജെബിന്റെ ഭാര്യ. മകൻ ജുവാൻ.
ജെബിന്റെ ഫോൺ: **6282454826**

# ‘ബെനെദേത്തോ സാന്തോ സൂബിത്തോ’

## സംസ്ക്കാര ശുശ്രൂഷയിൽ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ മുഴങ്ങിക്കേട്ട ശബ്ദം

## 'ബെനഡിക്ട് പാപ്പ വേഗം വിശുദ്ധനാകട്ടെ' എന്ന് അർത്ഥം




**ഫാ. അന്വേഷ് പാലക്കീൽ**
(വത്തിക്കാൻ സിറ്റി, റോം)

2022 അവസാന മണിക്കൂറുകൾ കവർന്നെടുത്തു കടന്നു കളഞ്ഞ കർമ്മധീരനും, ക്രാന്തദർശിയും, ധൈഷണിക പ്രബുദ്ധതയുടെ അനശ്വരാഖ്യാനവുമായ ആത്മീയ തേജസ്സായിരുന്നു കാലം ചെയ്ത ബെനഡിക്ട് പതിനാറാമൻ പാപ്പ. ആഗോള കത്തോലിക്കാ സഭയിലെ 265–ാം മാർപാപ്പയായി 2005 ഏപ്രിൽ 19 ന് ചുമതലയേറ്റ് ഏകദേശം എട്ടു വർഷങ്ങൾക്കു ശേഷം 2013 ഫെബ്രുവരി 25 ന് ഔദ്യോഗിക ചുമതലകളിൽ നിന്ന് ഒഴിഞ്ഞ്, ഒരു പതിറ്റാണ്ടിനടുത്ത് തിരക്കുകൾ ഇല്ലാതെ, തികഞ്ഞ ഏകാന്തതയിലും, പഠനത്തിലും, പ്രാർത്ഥനയിലും മാത്രം മുഴുകി 2023 ഡിസംബർ 31 ന് സ്വർഗ്ഗതാതന്റെ പക്കലേക്കു ബെനഡിക്ട് പിതാവ് യാത്രയാകുമ്പോൾ, ആഗോള കത്തോലിക്കാ സഭയുടെ ചരിത്രത്തിൽ സമാനതകളില്ലാത്ത ഒരേട് കൂടെ എഴുതിച്ചേർക്കപ്പെടുകയാണ്.

ഇരുപതാംനൂറ്റാണ്ടു കണ്ട ഏറ്റവും പ്രഗത്ഭരായ ദൈവശാസ്ത്രജ്ഞരിൽ ഒരാളായ ആത്മീയശ്രേഷ്ഠന് അന്ത്യോപചാരം അർപ്പിക്കാൻ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ലക്ഷക്കണക്കിന് ആളുകൾ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ എത്തിച്ചേരുകയുണ്ടായി. ഭക്തി–വികാരനിർഭരമായ മൃതസംസ്കാര ശുശ്രൂഷയിൽ 125 കർദ്ദിനാളുമാർ 400 ൽ അധികം മെത്രാൻമാർ, 3700 ൽ അധികം വൈദികർ എന്നിങ്ങനെ ഭാഗഭാക്കായി. ശുശ്രൂഷയുടെ സമാപനത്തിൽ ബെനഡിക്ട് പിതാവിനെ അടക്കം ചെയ്ത പെട്ടി സെന്റ് പീറ്റേഴ്സ് ബസിലിക്കയിലേയ്ക്ക് തിരികെയെടുത്തപ്പോൾ ജനക്കൂട്ടമൊന്നാകെ കരഘോഷം മുഴക്കി വിളിച്ചു പറഞ്ഞു BENEDETTO ... SANTO SUBITO... (ബെനഡിക്ട് പിതാവ് വേഗം വിശുദ്ധനാകട്ടെ എന്നാണർത്ഥം.) ആത്മീയതേജസ്സിന്റെ അകംപൊരുൾ തിരിച്ചറിഞ്ഞ ജനലക്ഷങ്ങളുടെ ആശംസയും പ്രാർത്ഥനയും ആയിരുന്നു അത്.

ക്രൈസ്തവസഭയുടെ ചരിത്രത്തിൽ സമാനതകളില്ലാത്ത ഇടയശ്രേഷ്ഠൻ ആയിരുന്നു ബെനഡിക്ട് പതിനാറാമൻ മാർപാപ്പ. ജീവിതകാലം മുഴുവൻ ഉപാസിച്ച മഹായിടയനായ ക്രിസ്തുവിനെ മുഖാമുഖം ദർശിക്കാൻ, തന്റെ 95 മത്തെ വയസ്സിൽ യാത്രയാകുമ്പോൾ ആ ചുണ്ടുകളിൽ നിന്നുതിർന്ന മൊഴികൾ Signore Ti Amo (കർത്താവെ നിന്നെ ഞാൻ സ്നേഹിക്കുന്നു) എന്നായിരുന്നു.

മഹാനായ ജോൺ പോൾ രണ്ടാമൻ പാപ്പയുടെ പിൻഗാമി ആരെന്ന ചോദ്യത്തിന് കർദിനാൾ തിരുസംഘത്തിനു യുക്ത്യാധിഷ്ഠിത അന്വേഷണനിരീക്ഷണങ്ങളിൽ നിന്നും, ആഴമേറിയ പഠനങ്ങളും ആർജ്ജിച്ചെടുത്ത ധൈഷണിക പ്രബുദ്ധതയും, ക്രിസ്തു ദർശനങ്ങളുടെ ഉറപ്പുള്ള പാറയിൽ അടിസ്ഥാനമിട്ട വിശ്വാസ ജീവിതവും, ഒരുപോലെ പരിലസിച്ച കർദിനാൾ ജോസഫ് അലോഷ്യസ് റാറ്റ്സിംഗർ എന്ന ദൈവ ശാസ്ത്രജ്ഞനിൽ വേഗം ഉത്തരം കണ്ടെത്താൻ സാധിച്ചു.



**മഹാനായ ജോൺ പോൾ രണ്ടാമൻ പാപ്പയുടെ പിൻഗാമി ആരെന്ന ചോദ്യത്തിന് കർദിനാൾ തിരുസംഘത്തിനു യുക്ത്യാധിഷ്ഠിത അന്വേഷണനിരീക്ഷണങ്ങളിൽ നിന്നും ലഭിച്ച ഉത്തരം: ആഴമേറിയ പഠനങ്ങളും ആർജ്ജിച്ചെടുത്ത ധൈഷണിക പ്രബുദ്ധതയും, ക്രിസ്തു ദർശനങ്ങളുടെ ഉറപ്പുള്ള പാറയിൽ അടിസ്ഥാനമിട്ട വിശ്വാസ ജീവിതവും, ഒരുപോലെ പരിലസിച്ച കർദിനാൾ ജോസഫ് അലോഷ്യസ് റാറ്റ്സിംഗർ – ബെനഡിക്ട് പതിനാറാമൻ മാർപാപ്പ**

ഉത്തരാധുനികത (post modernism )സത്യാനന്തര കാലത്തിലേക്ക് (post Truth Era)യിലേക്ക് വഴിമാറിക്കൊണ്ടിരിക്കുന്ന ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ, ഉയർന്നു വരാൻ പോകുന്ന തീവ്രമായ മതനിരാസവും, ദൈവനിരാസവും മുൻകൂട്ടിക്കണ്ട് ക്രിസ്തുവിശ്വാസത്തെ കാലാതിവർത്തിയായി വ്യാഖ്യാനിക്കാൻ ബെനഡിക്ട് പിതാവിന് കഴിഞ്ഞു. പിതാവ് രചിച്ച 66 പുസ്തകങ്ങളും 3 ചാക്രിക ലേഖനങ്ങളും 4 അപ്പസ്തോലിക പ്രബോധനങ്ങളും കത്തോലിക്കാ ദൈവശാസ്ത്ര പഠനങ്ങളിലെ പവിഴമുത്തുകൾ തന്നെയാണ്. സഭയുടെ അപ്പസ്തോലിക വിശ്വാസ പാരമ്പര്യങ്ങളെ മുറുകെ പിടിക്കുമ്പോഴും, സഭയെ നവീകരിക്കുക (Aggiornamento) എന്ന ലക്ഷ്യത്തോടെ രണ്ടാം വത്തിക്കാൻ കൗൺസിൽ മുന്നോട്ടു വച്ച ആശയങ്ങളെക്കൂടെ ഉൾക്കൊണ്ട് ആധുനിക ലോകക്രമത്തിൽ ക്രൈസ്തവികതയെ വ്യഖ്യാനിക്കാൻ ബെനഡിക്ട് പിതാവിന് കഴിഞ്ഞു. സഭയുടെ ഓർമ്മകളാണ് പാരമ്പര്യങ്ങളുടെ അടിസ്ഥാനമെന്നും ഈ ഓർമ്മകളുടെ സമാഹാരമാണ് സഭയുടെ ചരിത്രമെന്നും ഓർമ്മപ്പെടുത്തി, (Principles of catholic Theology, Cardinal Joseph Ratzinger) അപ്പസ്തോലികതയും, ആധുനികതയും, ഒരു പോലെ ഉൾക്കൊള്ളുന്ന ഒരു പുതിയ ദാർശനിക വിചാരത്തിനു തുടക്കം കുറിച്ചു.

ഇങ്ങനെയൊക്കെ ആണെങ്കിലും ബെനഡിക്ട് പതിനാറാമൻ പാപ്പ ജനഹൃദയങ്ങളിൽ ഇനി സ്ഥാനം പിടിക്കുന്നത് എഴുതി വച്ച ദൈവശാസ്ത്ര വിചാരങ്ങളെക്കാൾ ജീവിച്ചു കാണിച്ച എളിമയുടെ ദൈവശാസ്ത്രത്തിന്റെ (Theology of Humility) പേരിലായിരിക്കും. ചില കടന്നുപോയ ജീവിതങ്ങൾ അങ്ങനെയാണ്; അവർ പറഞ്ഞതിനേക്കാൾ സ്മരിക്കപ്പെടുന്നത് സ്വയം തിരഞ്ഞെടുത്തവശേഷിപ്പിച്ച നിശ്ശബ്ദതകൾക്കാണ്. മൊഴികളേക്കാൾ മിഴിവ് ചില പറയാമൊഴികൾക്കാണ്. തന്റെ സ്ഥാന ത്യാഗത്തെ കുറിച്ച് ബെനഡിക്ട് പിതാവ് പറഞ്ഞത് ഇപ്രകാരമാണ് “ഞാൻ കുരിശ് ഉപേക്ഷിക്കുകയല്ല ഞാൻ കുരിശിനോട് ഒരു പ്രത്യേക വിധത്തിൽ, ഒരു പുതിയ രൂപത്തിൽബന്ധപ്പെടുകയാണിപ്പോൾ. സഭാ ഭരണത്തിന്റെ ഉത്തരവാദിത്വം ഞാൻ ഉപേക്ഷിക്കുകയാണ്, എന്നാൽ പ്രാർത്ഥനയിൽ ഞാൻ വിശുദ്ധ പത്രോസിന്റെ ആവൃതിക്കുള്ളിലുണ്ട്; പ്രാർത്ഥനയിലൂടെയും വിചിന്തനങ്ങളിലൂടെയും ഞാൻ സഭയുടെ വഴിയിലുണ്ട്”

പരിശുദ്ധ ഫ്രാൻസിസ് പിതാവ് ബെനഡിക്ട് പിതാവ് കാലം ചെയ്ത ശേഷം നടന്ന പുതുവർഷത്തോടനു ബന്ധിച്ചിട്ടുള്ള പ്രാർത്ഥനക്കിടയിൽ പറഞ്ഞത് കാലം ചെയ്ത ബെനഡിക്ട് പിതാവ് തിരുസഭയ്ക്കും ലോകം മുഴുവനുമുള്ള ഏറ്റവും വലിയ ദൈവസമ്മാനമാണ് എന്നാണ്.

ബെനഡിക്ട് പതിനാറാമൻ പാപ്പാ അവസാനമായി എഴുതിയ ആത്മീയ വിൽപത്രത്തിന്റെ അവസാന വാക്കുകൾ എത്രയധികമായി തിരുസഭയെ പരിശുദ്ധ പിതാവ് സ്നേഹിച്ചിരുന്നു എന്നതിന്റെ ഏറ്റവും വലിയ തെളിവാണ്. അതിപ്രകാരമാണ്– “യേശുക്രിസ്തു യഥാർത്ഥത്തിൽ വഴിയും സത്യവും ജീവനുമാണ്; സഭ, അവളുടെ എല്ലാ കുറവുകളോടുംകൂടെ, യഥാർത്ഥത്തിൽ അവന്റെ ശരീരമാണ്.”

ആ ആത്മീയാചാര്യന്റെ വിചാരധാരയിൽ, ക്രിസ്തുസ്നേഹപ്രേരിതമായ നൂതന ചിന്തകളിൽ ആകൃഷ്ടരായി, അദ്ദേഹം അവശേഷിപ്പിച്ച കാലടികൾ പിൻപറ്റി അനേകായിരങ്ങൾ വരുംതലമുറകളിൽ കടന്നു വരട്ടെ എന്ന് നമുക്ക് പ്രത്യാശിക്കാം. സ്വർഗ്ഗതാതന്റെ പക്കൽ അണഞ്ഞ പരിശുദ്ധപിതാവിന്റെ ദീപ്ത സ്മരണകൾ മുമ്പിൽ ഹൃദയപ്രണാമം.



# സംവരണത്തിലെ പോരായ്മകൾ

**സാമ്പത്തിക സംവരണം മലയോര കർഷകർക്ക് നാട്ടിൽ തുടരാനുള്ള പിടിവള്ളിയാണ്. സാമ്പത്തിക സംവരണം നേടിയെടുക്കാൻ സമരവും സമ്മർദ്ദവും ചെലുത്തിയത് ഹാർദ്ദിക്ക് പട്ടേലിനെ പോലുള്ള ഉത്തരേന്ത്യൻ നേതാക്കളാണ്. അതിനാൽ സാമ്പത്തിക സംവരണത്തിന് വേണ്ട ഭൂമി, ഭവന വ്യവസ്ഥകൾ അവർക്ക് അനുകൂലമായാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ മാറ്റങ്ങൾ വരണം**



ഡോ. ഹിമ സുബിൻ
കൂനംതടത്തിൽ

സാമ്പത്തിക സംവരണത്തെ സംബന്ധിച്ചുള്ള സുപ്രീം കോടതി വിധി വന്നതിന് ശേഷം സംവരണ വിഷയങ്ങൾ വാർത്തകളിൽ നിറയുകയാണ്. സംവരണം തങ്ങളുടെ ഭരണഘടനാവകാശം ആണെന്ന് സംവരണാനുകൂലികളും എടുത്ത് മാറ്റേണ്ട സമയമായി എന്ന് സംവരണ വിരുദ്ധരും അവകാശപ്പെടുന്നു. എന്തുതന്നെയായാലും സംവരണം ചൂടേറിയ ചർച്ചകൾക്ക് വഴിവെച്ചിട്ടുണ്ട്.

## സംവരണത്തിന്റെ ചരിത്രം

സംവരണം എന്ന ആശയം ഇന്ത്യയിൽ നടപ്പാക്കാൻ പ്രധാന പങ്കുവഹിച്ചത് ഡോ. അംബേദ്കറാണ്. അവശ സമുദായത്തിൽ ജനിച്ച അദേഹം വർണ്ണവെറിയുടെ ദുരിതങ്ങളിൽ ജീവിതത്തിൽ ഉടനീളം അനുഭവിച്ചിട്ടുണ്ട്. ഭൂസ്വത്ത് കൈയ്യാളിയിരുന്ന ഉപരിവർഗ്ഗമായിരുന്നു സർക്കാർ ജോലികളും അധികാര ശ്രേണിയും കയ്യടക്കി വച്ചിരുന്നത്. അതിനാൽ പിന്നോക്ക സമുദായങ്ങളുടെ അവകാശത്തിനായി അദ്ദേഹം ശബ്ദിച്ചു. സാമൂഹിക നീതിക്കു വേണ്ടി ഏതറ്റം വരെയും പോകാൻ ഡോ. അംബേദ്കർ തയ്യാറായി.

അദേഹത്തിന്റെ പ്രവർത്തനം മൂലം, 1932 ലെ പൂനെ കരാറിലൂടെ സംവരണം എന്ന ആശയം ഗാന്ധിജിയും കോൺഗ്രസും തത്വത്തിൽ അംഗീകരിച്ചു. ഇന്ത്യൻ ഭരണഘടന 1950ൽ നിലവിൽ വന്നപ്പോൾ ആർട്ടിക്കിൾ 15 (4) പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം അനുവദിക്കപ്പെട്ടു.

ഇതു പ്രകാരം, സർക്കാർ വിദ്യാഭ്യാസ തൊഴിൽ അവസരങ്ങളിൽ പട്ടികജാതി വിഭാഗത്തിന് 15 ശതമാനവും പട്ടികവർഗ്ഗ വിഭാഗത്തിന്ന 7.5 ശതമാനവും ആണ് സംവരണം നൽകിയത്.

ചുരുക്കി പറഞ്ഞാൽ 22.5 ശതമാനം സീറ്റുകൾ സംവരണത്തിലും 77.5 ശതമാനം സീറ്റുകൾ മെറിറ്റ് അടിസ്ഥാനത്തിലും ആയിരുന്നു. ഈ രീതി, നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ട വിഭാഗത്തിന് സാമൂഹ്യ നീതിയും ഒപ്പം തന്നെ മെറിറ്റിനും പ്രാധാന്യം നൽകി.

## മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കൽ

ഇന്ത്യൻ ഭരണഘടന നിലവിൽ വന്ന 1950 മുതൽ 1990 വരെ മേൽപറഞ്ഞ രീതിയിലാണ് സംവരണം നടപ്പാക്കിയത്. എന്നാൽ ഈ സംവരണ രീതി അടിമുടി മാറ്റിക്കൊണ്ട് 1990 ൽ അന്നത്തെ പ്രധാന മന്ത്രിയായിരുന്ന വി. പി. സിംങ് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കി. അതുപ്രകാരം മറ്റു പിന്നക്ക വിഭാഗങ്ങൾ (ഒ.ബി.സി) എന്ന പുതിയ വിഭാഗത്തിന് 27 ശതമാനം സംവരണം അനുവദിച്ചു. അതോടെ സംവരണ നില മാറി മറിഞ്ഞു. പട്ടികജാതി–15%, പട്ടികവർഗ്ഗം–7.5% ഒ.ബി.സി–27% ആകെ മൊത്തം 49.5% സീറ്റുകൾ സംവരണത്തിലും ബാക്കി 50.5% സീറ്റുകൾ മെറിറ്റിലും ആയി.

1990 ലെ മണ്ഡൽ കമ്മീഷൻ ആനുകൂല്യം മറ്റ് വിഭാഗങ്ങൾക്ക് കൊടുത്തു എന്നതിലല്ല പരാതി, ഭൂരിഭാഗം മലയോര കർഷകരായ സുറിയാനി ക്രൈസ്തവർക്ക് അത് നേടിയെടുക്കാൻ സാധിച്ചില്ല എന്നതിലാണ് വേദന. ജനാധിപത്യത്തിന്റെ വോട്ട്ബാങ്കായി മാറി ശക്തമായ രാഷ്ട്രീയ സമ്മർദ്ദം ചെലുത്തി അവകാശങ്ങൾ കൈയ്യിലൊതുക്കാൻ സമുദായത്തിന് സാധിച്ചില്ല. മലപ്രദേശങ്ങളിൽ കുറച്ച് ഭൂസ്വത്ത് ഉണ്ട് എന്ന കാരണത്താലും, അനാവശ്യ പാരമ്പര്യ ദുരഭിമാനത്താലും സംവരണാനുകൂല്യം നേടിയെടുക്കുന്നതിൽ സമുദായം പരാജയപ്പെട്ടു എന്നതാണ് യാഥാർത്ഥ്യം. ഫലമോ, സംവരണാനുകൂല്യം ഇല്ലാത്തതിനാൽ സർക്കാർ ഉദ്യോഗങ്ങളിൽ സമുദായ അംഗങ്ങൾ കുറഞ്ഞുവരുന്നു.

KEAM 2020-
Govt Medical Colleges - MBBS - Last Rank Admitted-After Rounds

| General catogory | OBC | SC | ST |
|---|---|---|---|
| State rank: 962 (NEET mark 640) | State Rank: 3920 (NEET mark 576) | State rank: 12513 (NEET Mark 461) | State Rank: 19272- (NEET mark 377) |

(പട്ടിക I)

## സംവരണത്തിന്റെ അനന്തരഫലങ്ങൾ

സംവരണത്തിന്റെ സ്വാധീനം ഒരു വിദ്യാർത്ഥി പ്ലസ്ടു കഴിഞ്ഞ് കോളജ് പ്രവേശനത്തിന് ശ്രമിക്കുമ്പോൾ മുതൽ പ്രകടമാകും. നീറ്റ്, ഐഐറ്റി, ജെ ഇ ഇ തുടങ്ങിയ പ്രമുഖ പ്രവേശന പരീക്ഷകൾക്ക് മാർക്ക്/ റാങ്ക് വ്യത്യാസം പ്രകടമാണ്. (പട്ടിക I കാണുക). കോളജ് വിദ്യാഭ്യാസത്തിന് ശേഷം സർക്കാർ ജോലികൾക്ക് ശ്രമിക്കുമ്പോൾ വീണ്ടും സംവരണാനുകൂല്യം പ്രധാന ഘടകമായി മാറും. പ്യൂൺ തസ്തിക മുതൽ സിവിൽ സർവീസ് വരെ ഈ മാർക്ക് / റാങ്ക് വ്യത്യാസം വ്യക്തമായി കാണാം.

ജനറൽ കാറ്റഗറി വിദ്യാർത്ഥി ഐഎഎസ് നേടണമെങ്കിൽ ആദ്യ 80 റാങ്കിൽ വരണമെന്ന് പട്ടിക II പരിശോധിച്ചാൽ മനസിലാകും. ഒബിസി കാറ്റഗറി വിദ്യാർത്ഥികൾ 300 റാങ്ക് ആണെങ്കിലും ഐഎഎസ് നേടാം.

ഇത്തരത്തിൽ തങ്ങളെക്കാൾ കുറഞ്ഞ മാർക്കും റാങ്കും നേടിയവർ മത്സരപരീക്ഷകളിൽ വിജയിക്കുന്നതും സർക്കാർ ഉദ്യോഗങ്ങളിൽ കയറിപ്പറ്റുന്നതും കണ്ട് നിൽക്കേണ്ട ഗതികേടിലാണ് ജനറൽ കാറ്റഗറി വിഭാഗത്തിൽ പെടുന്ന എന്ന ഒറ്റ കാരണത്താൽ സുറിയാനി ക്രൈസ്തവ മക്കൾ. ഇനി സർക്കാർ ഉദ്യോഗത്തിൽ പ്രവേശിച്ചാലും സംവരണ ആനുകൂല്യം ഉള്ളവർക്ക് പ്രമോഷനിലും കൂടുതൽ പരിഗണന ഉണ്ട്.

ചുരുക്കിപ്പറഞ്ഞാൽ മികച്ച സർക്കാർ വിദ്യാഭ്യാസ തൊഴിൽ അവസരങ്ങൾ നേടണമെങ്കിൽ അതിസമർത്ഥൻ ആയിരിക്കണം. അല്ലെങ്കിൽ സംവരണ ആനുകൂല്യം ഉണ്ടായിരിക്കണം.

## മലയോര കർഷകരുടെ മക്കളുടെ അവസ്ഥ

സാമ്പത്തികവും സാമൂഹികവുമായി ഒപ്പം നിൽക്കുന്ന മറ്റ് വിഭാഗങ്ങൾ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് വഴി സംവരണ ആനുകൂല്യം നേടിയെടുത്തപ്പോൾ സുറിയാനി ക്രൈസ്തവർക്ക് അത് സാധിച്ചില്ല. ഭൂരിഭാഗം ക്രൈസ്തവരും ഏതാനും ഏക്കർ ഭൂമി മാത്രം ഉള്ളവരാണ്. കാർഷിക വിലത്തകർച്ച, വന്യജീവി ശല്യം, ഇപ്പോൾ ബഫർസോൺ തുടങ്ങി ജീവിക്കാൻ ഗത്യന്തരമില്ലാത്ത വിഭാഗമായി അവർ മാറി. ഇന്നത്തെ അവസ്ഥയിൽ ഒരു കർഷകനും മക്കളെ കൃഷിയിലേക്കിറക്കാൻ താൽപര്യപ്പെടില്ല.

മലയോര കർഷകന്റെ മക്കൾ കോളജ് പ്രവേശനത്തിന് ശ്രമിക്കുമ്പോൾ എണ്ണപ്പെടുന്നത് ഇന്ത്യയിലെ ഉപരി വർഗ്ഗത്തിന് ഒപ്പം, അതായത് ജനറൽ കാറ്റഗറിയിൽ. സർക്കാർ മെറിറ്റിൽ അഡ്മിഷൻ ലഭിക്കുന്നത് ചുരുക്കം പേർക്ക് മാത്രം. ബാക്കിയുള്ളവർ വിദ്യാഭ്യാസ ലോണെടുത്ത് ഏതെങ്കിലും സ്വകാര്യ കോളജുകളിൽ പഠനം നടത്തും. കോളജ് വിദ്യാഭ്യാസത്തിന് ശേഷം സർക്കാർ ജോലികൾക്കായുള്ള മത്സരപരീക്ഷകൾക്ക് ശ്രമിക്കുമ്പോൾ സംവരണാനുകൂല്യം ഇല്ലാത്തതിനാൽ ഉയർന്ന മാർക്ക്/ റാങ്ക് എന്ന കടമ്പയിൽ തട്ടി വീഴുകയാണ് ഭൂരിഭാഗവും. മാത്രമല്ല, കോച്ചിങ് ഫീസ്, മത്സരപരീക്ഷാ പരിശീലനത്തിനുള്ള ദീർഘകാലയളവ്, വിദ്യാഭ്യാസ ലോണിന്റെ തിരിച്ചടവ്, വീട്ടിലെ സാമ്പത്തിക അവസ്ഥ തുടങ്ങിയ സമ്മർദ്ദങ്ങൾ താങ്ങാൻ സാധിക്കാതെ പലരും കളം വിടും.

കേന്ദ്ര ഗവൺമെന്റ് ഗ്രൂപ്പ് എ സർവീസായ ARS (Agricultural Reserch Service) പരീക്ഷ ഞാൻ എഴുതി എടുത്തത് പലതവണത്തെ പരിശ്രമത്താലും വർഷങ്ങളുടെ അധ്വാനത്താലുമാണ്. ഒരു ഏക്കറിൽ കുറഞ്ഞ കൃഷിഭൂമിയുള്ള സാധാരണ കർഷകന്റെ മകളായ എനിക്ക് അക്കാലയളവിൽ നേരിടേണ്ടി വന്ന സാമ്പത്തിക ബുദ്ധിമുട്ടുകളും, മാനസിക സമ്മർദ്ദങ്ങളും അതീവമായിരുന്നു. മലയോര കർഷകന്റെ മക്കളുടെ അവസ്ഥയെക്കുറിച്ച് തുറന്നെഴുതാൻ എന്നെ പ്രേരിപ്പിക്കുന്നത് അന്ന് അനുഭവിച്ച പരാധീനതകളാണ്.

ഒരു ഭാഗത്ത് ഉന്നതവിഭാഗത്തിൽ ജനിച്ചവർ എന്ന വിളിപ്പേരും, മറുഭാഗത്ത് സാമൂഹിക സാമ്പത്തിക ബുദ്ധിമുട്ടുകളും.

Last Rank-Catogory wise- IAS alloted-UPSC Civil Srvice Examination

| Service | General catogory last rank. | OBC last rank | SC last rank | ST last rank |
|---|---|---|---|---|
| IAS last rank 2020 | 79 | 350 | 510 | 505 |
| IAS last rank 2019 | 77 | 304 | 509 | 513 |

(പട്ടിക II)

## ഇനി ചെയ്യാൻ സാധിക്കുന്നത്

സംവരണം ഇല്ലാത്ത വിഭാഗങ്ങളിലെ സാമ്പത്തിക പിന്നാക്കം നിൽക്കുന്നവർക്ക് കേന്ദ്രസർക്കാർ 2019 ൽ ഏർപ്പെടുത്തിയതാണ്. സാമ്പത്തിക സംവരണം (EWS). നിലവിൽ കേരളത്തിൽ സംവരണം ഇല്ലാത്ത പ്രധാന വിഭാഗങ്ങൾ ബ്രാഹ്മണർ, നായർ, നസ്രണി, എന്നിവരാണ്. നസ്രാണി വിഭാഗത്തിൽ സീറോ മലബാർ, മലങ്കര, യാക്കോബൈറ്റ്, ഓർത്തഡോക്സ്, മാർത്തോമ്മാ തുടങ്ങിയ സഭകൾപെടുന്നു.

നിലവിലെ സംവരണ ശതമാനം: പട്ടികജാതി–15%, പട്ടികവർഗ്ഗം–7.5% ഒബിസി –27%, ഇഡബ്ല്യുഎസ്–10%, അംഗപരിമിതർ –5%, ആകെ മൊത്തം 64.5% സംവരണം. ബാക്കി ജനറൽ മെറിറ്റിൽ അവശേഷിക്കുന്നത് 35.5% സീറ്റുകൾ മാത്രം.

അതായത് 100 സീറ്റ് എടുത്താൽ ഇ.ഡബ്ല്യു.എസ് സംവരണം പോലും ഇല്ലാത്തവന് ലഭ്യമാകുക 35 സീറ്റുകൾ മാത്രം. ജനറൽ മെറിറ്റിൽ ഉള്ള 35.5% സീറ്റുകൾ ജനറൽ കാറ്റഗറി (സംവരണം ഇല്ലാത്തവിഭാഗം) വേണ്ടി മാത്രമാണെന്ന് ഉള്ള തെറ്റിദ്ധാരണയുണ്ട്. എന്നാൽ ജനറൽ മെറിറ്റിലെ സീറ്റിൽ സംവരണ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കും അവകാശമുണ്ട്. ഇക്കാര്യം മനസിലാക്കാൻ ട്രെയിനിലെ ജനറൽ ബോഗി ചിന്തിച്ചു നോക്കൂ. ജനറൽ ടിക്കറ്റ് ഉള്ളവന് അവിടെ മാത്രമേ പ്രവേശനം ഉള്ളൂ. എന്നാൽ ഉയർന്ന ക്ലാസ് ടിക്കറ്റ് എടുത്തവന് ജനറൽ ബോഗിയിലും യാത്ര ചെയ്യാം.

## സംഘടിച്ച് അവകാശങ്ങൾ നേടിയെടുക്കണം:

രവീന്ദ്രർ സച്ചാർ കമ്മീഷൻ റിപ്പോർട്ട് പോലെയുള്ള വസ്തു നിഷ്ഠമായ പഠന റിപ്പോർട്ടും സ്ഥിതി വിവരക്കണക്കുകളും ഉയർത്തിക്കാട്ടിയാണ് മറ്റ് വിഭാഗങ്ങൾ തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കുന്നത്. ഖേദകരം എന്നു പറയട്ടെ, കേരളത്തിലെ സുറിയാനി ക്രൈസ്തവരുടെ യഥാർത്ഥ അവസ്ഥ പഠിച്ച ഒറ്റ കമ്മീഷൻ റിപ്പോർട്ടുപോലും നിലവിൽ ഇല്ല. ഈ ആവശ്യത്തിനായി നിയോഗിച്ച ജെ.ബി കോശി കമ്മീഷൻ ഇതുവരെ കാര്യമായ പ്രവർത്തനം തുടങ്ങിയിട്ടില്ല. അതിനാൽ ആദ്യം ആവശ്യം, സുറിയാനി ക്രൈസ്തവരുടെ സാമൂഹിക സാമ്പത്തിക സ്ഥിതി വസ്തുനിഷ്ഠമായി അവതരിപ്പിക്കുന്ന റിപ്പോർട്ടാണ്. ജെ. ബി. കോശി കമ്മീഷൻ വേഗത്തിൽ പ്രവർത്തനം ആരംഭിക്കാനും റിപ്പോർട്ട് സമർപ്പിക്കാനും സർക്കാരിൽ സംഘടിതമായി സമ്മർദ്ദം ചെലുത്തണം.

സാമ്പത്തിക സംവരണം മലയോര കർഷകർക്ക് നാട്ടിൽ തുടരാനുള്ള പിടിവള്ളിയാണ്. സാമ്പത്തിക സംവരണം നേടിയെടുക്കാൻ സമരവും സമ്മർദ്ദവും ചെലുത്തിയത് ഹാർദ്ദിക്ക് പട്ടേലിനെ പോലുള്ള ഉത്തരേന്ത്യൻ നേതാക്കളാണ്. അതിനാൽ സാമ്പത്തിക സംവരണത്തിന് വേണ്ട ഭൂമി, ഭവന വ്യവസ്ഥതകൾ അവർക്ക് അനുകൂലമാണ്.

മലമടക്കിൽ കാട്ടുപന്നിയും വന്യജീവിയും കളിയാടുന്ന കുറച്ച് ഏക്കർ ഭൂമി ഉണ്ടെന്നതിനാലും, ലോണെടുത്ത് നല്ല വീട് വച്ചതിനാലും മലയോരകർഷക മക്കൾക്ക് സാമ്പത്തിക സംവരണ ആനുകൂല്യം നിഷേധിക്കപ്പെടുകയാണ്. സംവരണ അനുകൂല്യം നേടിയെടുക്കാൻ സമുദായ അംഗങ്ങളും നേതൃത്വം കൂട്ടായി ശ്രമിക്കണം.

# ദൈവിക നീതിയുടെ ഇടയൻ

## 2022 ഒക്ടോബർ 29 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ഫാ. പോൾ പുത്തൻപുരയെ അനുസ്മരിക്കുന്നു

ജീവിതകാലം മുഴുവൻ പോളച്ചനോട് വലിയ കടപ്പാടുണ്ടെന്ന് ഏറ്റുപറഞ്ഞു കടുമേനിയിൽ നിന്നുമുള്ള 85 കാരിയായ ഒരു അമ്മാമ്മ ഫാ. പോൾ പുത്തൻപുരയുടെ മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുക്കാനെത്തിയിരുന്നു. മക്കളും മരുമക്കളും പേരക്കിടാങ്ങളും നാട്ടുകാരുമെല്ലാം ഇവരെ 'അമ്മാമ' എന്നു തന്നെയാണ് വിളിക്കുന്നത്. കടുമേനി ഇടവകയിലെ 13 മക്കൾ ഉള്ള കുടുംബത്തിലെ മൂത്ത സന്താനമായിരുന്നു തങ്കമ്മയെന്ന പേരുകാരിയായ അമ്മാമ്മ. പഠിക്കാൻ നല്ല മിടുക്കിയായിരുന്നെങ്കിലും കുടുംബത്തിനുവേണ്ടി 8-ാം ക്ലാസിൽ വച്ച് പഠനം ഉപേക്ഷിച്ചു. അമ്മയോടൊപ്പം അടുക്കളയിലും അപ്പനോടൊപ്പം പറമ്പിലും കഠിനമായി ജോലി ചെയ്തിരുന്നു.

തങ്കമ്മയുടെ പ്രയത്നഫലമായി കുടുംബം ഏറെ അഭിവൃദ്ധി പ്രാപിച്ചു. തങ്കമ്മയുടെ ഇളയ സഹോദരങ്ങളുടെയെല്ലാം ഉപരിപഠനവും ജോലിയും വിവാഹവുമൊക്കെ മുറയ്ക്കു നടക്കുന്നുണ്ടായിരുന്നു. ആയിടയ്ക്കാണ് പോളച്ചൻ കടുമേനി വികാരിയായി എത്തുന്നത്. ഭവന സന്ദർശനവും വെഞ്ചരിപ്പും കഴിഞ്ഞ് കുടുംബാംഗങ്ങളെ പരിചയപ്പെടൽ ആരംഭിച്ചു. മാതാപിതാക്കളെയും 13 മക്കളെയും അച്ചന് പരിചയപ്പെടുത്തി. അപ്പോളാണ് അച്ചന്റെ ചോദ്യം

എന്തുകൊണ്ടാണ് തങ്കമ്മയുടെ വിവാഹം മാത്രം നടത്താത്തത്? തങ്കമ്മയൊഴികെ ബാക്കിയെല്ലാവരും ഒരേ സ്വരത്തിൽ പറഞ്ഞു: "തങ്കമ്മയ്ക്ക് അങ്ങനെയുള്ള ആഗ്രഹങ്ങളൊന്നുമില്ലച്ചോ, വീടും പറമ്പും നോക്കി മാതാപിതാക്കളെയും സഹോദരങ്ങളെയും സ്നേഹിച്ച് ജീവിക്കുന്നതാണ് അവൾക്കിഷ്ടം. തന്നെയുമല്ല അവൾക്കിപ്പോൾ 40 വയസ് തികഞ്ഞു. ഇനി കല്യാണമൊന്നും നടക്കില്ല".

ഇനി കല്യാണമൊന്നും നടക്കില്ല എന്ന കുടുംബാംഗങ്ങളുടെ പ്രഖ്യാപനം കേട്ടപ്പോൾ ദേഷ്യത്തോടെ പോളച്ചൻ പറഞ്ഞു: "അതു തീരുമാനിക്കാൻ നിങ്ങളാരാ? ദൈവമാണ് അതൊക്കെ നിശ്ചയിക്കുന്നത്. ഏതായാലും അമ്മയും മകളും കൂടി നാളെ പള്ളിയിൽ വന്ന് കുമ്പസാരിച്ച് കുർബാന സ്വീകരിക്കൂ".

പിറ്റേന്ന് തങ്കമ്മ അമ്മയോടൊപ്പം പള്ളിയിൽ പോയി. കുർബാനയ്ക്ക് ശേഷം പോളച്ചൻ അവരോടു പറഞ്ഞു ഇന്നേക്ക് 6 മാസത്തിനുള്ളിൽ തങ്കമ്മയുടെ വിവാഹം ഞാൻ നടത്തിയിരിക്കും. ദൈവാനുഗ്രഹത്താൽ മൂന്ന് മാസത്തിനുള്ളിൽ തന്നെ കടുമേനി ഇടവകയിൽ തന്നെയുള്ള യോഗ്യനായ ഒരു 44 വയസുകാരനെ പോളച്ചൻ കണ്ടുപിടിച്ച് അച്ചൻ അവരുടെ വിവാഹം ആശീർവദിച്ചു. അങ്ങനെ വിവാഹജീവിതം അസാധ്യമെന്നു കരുതി ജീവിച്ച ഒരേ ഇടവകക്കാരായ രണ്ടുപേർ ഉത്തമദമ്പതികളായി. തങ്കമ്മയിപ്പോൾ രണ്ടു മക്കളുടെ അമ്മയും 5 പേരക്കിടാങ്ങളുടെ വല്യമ്മയുമാണ്. തങ്കമ്മയുടെ വീട്ടിൽ ഇപ്പോഴും പോളച്ചന്റെ വലിയ ഫോട്ടോ ഫ്രെയിം ചെയ്തു സൂക്ഷിച്ചിട്ടുണ്ട്. ആ ഫോട്ടോ ചൂണ്ടി തങ്കമ്മ ഇന്നും സകലരോടും പറയും "ദൈവത്തിന്റെ ഈ പ്രതിപുരുഷനാണ് എനിക്കൊരു കുടുംബജീവിതം സമ്മാനിച്ചതെന്ന്." കടുമേനിയിൽ നിന്നും പോളച്ചൻ സ്ഥലം മാറിപ്പോയിട്ട് ഏകദേശം അര നൂറ്റാണ്ടായിട്ടും മരണം വഴിയായി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടിട്ടും, തങ്കമ്മയുടെ മനസിൽ നിന്നും പോളച്ചൻ സ്ഥലം മാറിയിട്ടില്ല. സമയോചിതവും ദൈവികവുമായ പോളച്ചന്റെ ഇടപെടലാണ് തന്നെ പുതുജീവിതത്തിലേക്ക് നയിച്ചതെന്ന തിരിച്ചറിവോടെ പോളച്ചന്റെ കബറിടത്തിങ്കൽ ഒരു പിടി കണ്ണീർപ്പൂക്കളുമായി നിൽക്കുന്ന ആ അമ്മയുടെ ചിത്രം ഏറെ ഹൃദയഹാരിയായിരുന്നു.

വിശ്രമജീവിതം നയിക്കുന്ന പോളച്ചനെ കാണാൻ അമ്മാമ്മ ഇടയ്ക്കൊക്കെ പ്രീസ്റ്റ് ഹോമിൽ വന്നിട്ടുണ്ട്. അതോടൊപ്പം ഫോണിൽ അസുഖ വിവരങ്ങൾ അന്വേഷിക്കുകയും അച്ചനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. അമ്മാമ്മയിൽ നിന്നും പോളച്ചനെക്കുറിച്ച് അനേകം സുകൃതകഥകൾ കേൾക്കാനിടയായി. അതിൽ ഏറ്റവും ഹൃദ്യമായി അനുഭവപ്പെട്ടത്- പോളച്ചൻ യഥാർത്ഥത്തിൽ കുടുംബജീവിതക്കാരുടെ ഒരു അപ്പസ്തോലനാണെന്നത് സത്യമാണ്. ഇടവകയിലെ എല്ലാ കുടുംബങ്ങളിലും സമയോചിതമായി ഇടപ്പെടുന്നയാൾ. ഉള്ളവനെയും ഇല്ലാത്തവനെയും സമഭാവനയോടെ കാണുന്നയാൾ. കുടുംബങ്ങൾ തമ്മിൽ ഭിന്നിച്ചു നിൽക്കാൻ അച്ചൻ അനുവദിക്കില്ല. ഇടവകക്കരുടെ കോടതിയെന്ന് പറയുന്നത് അച്ചന്റെ പള്ളിമുറിയാണ്. വികാരിയച്ചനെന്ന ന്യായാധിപന്റെ മധ്യസ്ഥ തീർപ്പുകൾ അവർ ഐകകണ്ഠേന അംഗീകരിച്ചിരുന്നു.

1940 ജൂലൈ 25-ന് പാലാ രൂപതയിലെ മുത്തോലപുരം പരേതരായ അരഞ്ഞാണി പുത്തൻപുര ജോസഫ് - അന്നമ്മ ദമ്പതികളുടെ എട്ടുമക്കളിൽ ഒരാളായി ജനിച്ചു. ഇലഞ്ഞി സെന്റ് പീറ്റേഴ്സ് ഹൈസ്ക്കൂളിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം പാലാ രൂപതയിൽ മൈനർ സെമിനാരിയിൽ പഠനം ആരംഭിച്ചു. ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ തത്വശാസ്ത്ര - ദൈവശാസ്ത്രപഠനങ്ങൾ പൂർത്തിയാക്കി, അവിഭക്ത തലശ്ശേരി രൂപതയ്ക്കുവേണ്ടി മുത്തോലപുരം ഇടവക ദൈവാലയത്തിൽ വെച്ച് 1966 മാർച്ച് 12ന് തലശ്ശേരി രൂപതയുടെ പ്രഥമ മെത്രാനായിരുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചു.



ഫാ. പോൾ പുത്തൻപുര

തലശ്ശേരി രൂപതയിലെ വെള്ളാട് അസിസ്റ്റന്റ് വികാരിയായും, തലശ്ശേരി, മാനന്തവാടി ഇടവകകളിലും താമരശ്ശേരി രൂപതയിലെ പാത്തൻപാറ, മേരിപുരം, തേനേരി, കടുമേനി, ചരൾ, കണ്ണോത്ത്, കുപ്പായക്കോട്, മഞ്ഞുവയൽ, വാലില്ലാപ്പുഴ, കാറ്റുള്ളമല, കക്കാടംപൊയിൽ, കുളിരാമുട്ടി, തോട്ടുമുക്കം, വലിയകൊല്ലി എന്നീ ഇടവകകളിലും വികാരിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. മാതൃവേദിയുടെ രൂപതാ ഡയറക്ടറായും മതബോധനപ്രവർത്തനങ്ങളുടെ വിവിധ മേഖലാ ഡയറക്ടറായും പോളച്ചൻ പ്രവർത്തിച്ചിട്ടുണ്ട്. ചമൽ, കാറ്റുള്ളമല എന്നിവിടങ്ങളിലെ ദൈവാലയ നിർമ്മാണം പോളച്ചന്റെ നേതൃത്വത്തിലായിരുന്നു. മഞ്ഞുവയൽ ഇടവകയിലെ സെമിത്തേരി നവീകരണം നടത്തിയത് പോളച്ചൻ അവിടെ വികാരിയായിരുന്നപ്പോഴാണ്.

ഇടവക ജനത്തിന്റെ ആധ്യാത്മിക ജീവിതത്തിൽ വളരെ അധികം ശ്രദ്ധാലുവായിരുന്നു. പ്രായമായവരുടെയും രോഗികളുടെയും ഭവനങ്ങൾ സന്ദർശിച്ച് അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും അവരെ സാന്ത്വനപ്പെടുത്തുകയും ചെയ്തിരുന്നു. കുട്ടികളിലുള്ള ആധ്യാത്മികത പരിപോഷിപ്പിക്കുന്നതിനായി അവരെ മിഷൻ ലീഗ് സംഘടനയിൽ ചേർത്ത് പ്രാർത്ഥനയും മധ്യസ്ഥ പ്രാർത്ഥനയും പഠിപ്പിച്ചു. 1982-ൽ തലശ്ശേരി രൂപതാ മിഷൻ ലീഗിന്റെ, രൂപതാ സമ്മേളനം കണ്ണോത്ത്, കോടഞ്ചേരി ഇടവക സംയുക്തമായി നടത്തുവാൻ മുൻകൈ എടുത്ത് പ്രവർത്തിച്ചത് പോളച്ചനാണ്.

കണ്ണോത്ത് പള്ളിയുടെ ആദ്യ കാലത്ത് ഉണ്ടായിരുന്ന പള്ളിമുറി പുതുക്കി പണിതതും, ജെസിബി അപൂർവമായിരുന്ന കാലത്ത് ജെസിബി കൊണ്ടുവന്ന് ഹൈസ്ക്കൂൾ ഗ്രൗണ്ട് നിർമ്മിച്ചതും ഫാ. പോൾ പുത്തൻപുരയാണ്.

അജപാലന ശുശ്രൂഷകളിൽ നിന്ന് വിരമിച്ച് 2013 മുതൽ മേരിക്കുന്ന് പ്രീസ്റ്റ് ഹോമിൽ വിശ്രമ ജീവിതം നയിച്ചു വരികയായിരുന്നു. 2022 ഒക്ടോബർ 29ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

*തയ്യാറാക്കിയത്:*

**ഫാ. തോമസ് ചുവപ്പുങ്കൽ**





ആശ്രയ സി.എം.ഐ
ഹോളിസ്റ്റിക് കൗൺസിലിംഗ് സെന്റർ



● സി.എം.ഐ സഭയുടെ സാമൂഹിക സേവനവിഭാഗമായ സ്റ്റാർസിന്റെ കീഴിൽ പ്രവർത്തനമാരംഭിച്ച പ്രഫഷണൽ കൗൺസിലിംഗ് സെന്ററാണ് ആശ്രയ സിഎംഐ ഹോളിസ്റ്റിക് കൗൺസിലിംഗ് സെന്റർ.

● മാനസിക- വൈകാരിക ആരോഗ്യം മെച്ചപ്പെടുത്തി, ജീവിതാനന്ദം ഏവർക്കും അനുഭവവേദ്യമാക്കിത്തീർക്കുക എന്നാതാണ് ആശ്രയയുടെ ലക്ഷ്യം.

● കൗൺസലിംഗ്, സൈക്കോ തെറാപ്പി എന്നിവയിലൂടെ വ്യക്തിപരമായ കാഴ്ച്ചപ്പാടുകൾ മാറ്റിയെടുത്ത് ഓരോ വ്യക്തിക്കും അവർ അനുഭവിക്കുന്ന ജീവിത പ്രശ്നങ്ങളെ നേരിടാൻ സാധിക്കും എന്ന ലളിത സത്യം കൂടുതൽ പേരിൽ എത്തിക്കാൻ ആശ്രയ ശ്രമിക്കുന്നു.

ആശ്രയയുടെ സവിശേഷതകൾ
സൈക്കോളജിക്കൽ അസസ്സ്മെന്റ്
പ്രഫഷണൽ കൗൺസിലിംഗ്
സൈക്കോ തെറാപ്പി
വ്യക്തിത്വ വികസന ട്രെയിനിംഗ്
ബോധവത്ക്കരണ ക്ലാസുകൾ

വ്യക്തികൾ, ഗ്രൂപ്പുകൾ, വിദ്യാർത്ഥികൾ, കൗമാരക്കാർ, ദമ്പതികൾ, വയോധികർ തുടങ്ങി ഏതു പ്രായക്കാർക്കും ആശ്രയ ആശ്രയമാകുന്നു.

ASHRAYA CMI HOLISTIC COUNSELLING CENTRE
ആശ്രയ ഹോളിസ്റ്റിക് കൗൺസിലിങ് സെന്റർ
AMALAPURI, KOZHIKODE
(An Initiative of Stars Calicut)
FOR BOOKING: 8086 441 346 | 8921 262 847

## നേട്ടം



CA യോഗ്യത നേടിയ സച്ചിൻ കെ. തോമസ്. വിലങ്ങാട് ഇടവകയിലെ കുളത്തിങ്കൽ തോമസ് – ഗ്രേസി ദമ്പതികളുടെ മകനാണ്.



CA യോഗ്യത നേടിയ എബി ടോം. വിലങ്ങാട് ഇടവകയിലെ പാംബ്ലാനിയിൽ ടോസ് എബ്രഹാം – ലാലി ദമ്പതികളുടെ മകനാണ്.



കാക്കനാട് സിറോ മലബാർ സഭാ കാര്യാലയത്തിൽ നടന്ന സഭാതല പ്രതിഭാ സംഗമത്തിൽ പ്രതിഭയായി തെരഞ്ഞെടുക്കപ്പെട്ട ഡയോൺ സണ്ണി. വെറ്റിലപ്പാറ വാണിയപ്പുരയ്ക്കൽ സണ്ണി – ജെസി ദമ്പതികളുടെ മകനാണ്.

## ഫിയെസ്റ്റ 2022 – വിജയികൾ

**താമരശ്ശേരി രൂപതാ മുഖപത്രം മലബാർ വിഷനും മിഷൻ ലീഗ് രൂപതാ സമിതിയും സംയുക്തമായി സംഘടിപ്പിച്ച കരോൾ ഗാനമത്സരത്തിലെ വിജയികൾ**



**ഇൻഫന്റ് ജീസസ് ചർച്ച് അശോകപുരം**



**ഫാത്തിമ മാതാ ചർച്ച് ഈസ്റ്റ് ഹിൽ**



**ഫാത്തിമ മാതാ ചർച്ച് മരിയാപുരം**

**പ്രോത്സാഹന സമ്മാനം: സെന്റ് മേരീസ് ചർച്ച് മഞ്ഞക്കടവ്, സെന്റ് ആന്റണീസ് ചർച്ച് പാറോപ്പടി**

## ബഥാനിയ ശുശ്രൂഷകൾ

**2023 ജനുവരി**

- **06 (ആദ്യവെള്ളി):** ഏകദിന കൺവെൻഷൻ
- **13 (വെള്ളി):** ഏകദിന കൺവെൻഷൻ ജീവിത വിശുദ്ധീകരണ ധ്യാനം (13–16)
- **20 (വെള്ളി):** ഏകദിന കൺവെൻഷൻ
- **21 (ശനി):** ബഥാനിയ ശുശ്രൂഷകരുടെ കൂട്ടായ്മ
- **27 (വെള്ളി):** ഏകദിന കൺവെൻഷൻ ജീവിത വിശുദ്ധീകരണ ധ്യാനം (27–30)

**2023 ഫെബ്രുവരി**

- **03 (ആദ്യവെള്ളി):** ഏകദിന കൺവെൻഷൻ
- **10 (വെള്ളി):** ഏകദിന കൺവെൻഷൻ ജീവിത വിശുദ്ധീകരണ ധ്യാനം (10–13)
- **17 (വെള്ളി):** ഏകദിന കൺവെൻഷൻ
- **20 (തിങ്കൾ):** വലിയ നോമ്പാരംഭം
- **18 (ശനി):** ബഥാനിയ ശുശ്രൂഷകരുടെ കൂട്ടായ്മ

**27 (വെള്ളി):** ഏകദിന കൺവെൻഷൻ ജീവിത വിശുദ്ധീകരണ ധ്യാനം (24–27)

## മാർ കരിയാറ്റിൽ ഇൻസ്റ്റിറ്റ്യൂട്ടിൽ സുറിയാനി ഭാഷാ ക്ലാസുകൾ

**കോഴിക്കോട്:** താമരശ്ശേരി രൂപതയുടെ സുറിയാനി ഭാഷാ പഠന കേന്ദ്രമായ മാർ കരിയാറ്റിൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഏകവത്സര സുറിയാനി ഭാഷാ പഠന ക്ലാസുകൾ ഉടൻ ആരംഭിക്കുന്നു. ആരാധനാ ഭാഷയായ സുറിയാനിയെ പരിചയപ്പെടാനും, അനുദിനം അർപ്പിക്കുന്ന വിശുദ്ധ കുർബാനയെ അത് എഴുതപ്പെട്ട ഭാഷയായ സുറിയാനിയിൽ മനസ്സിലാക്കാനും, പഠിക്കുവാനും ഈ ക്ലാസുകൾ ഉപകരിക്കും. സുറിയാനി ഭാഷയിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയിട്ടുള്ള പ്രശസ്തരായ പണ്ഡിതൻമാർ ക്ലാസ്സുകൾ നയിക്കുന്നു. ക്ലാസുകൾ പൂർണ്ണമായും ഓൺലൈൻ വഴിയാണ്. ആഴ്ചയിൽ ഒരു ക്ലാസ് എന്ന രീതിയിൽ എല്ലാ ബുധനാഴ്ചകളിലും വൈകുന്നേരം 8.30 മുതൽ 9.30 വരെയാണ് ക്ലാസുകൾ. രജിസ്ട്രേഷനും മറ്റു വിവരങ്ങൾക്കും: 8281346179.

മലബാർ വിഷനിൽ
പരസ്യങ്ങൾ നൽകുവാൻ
വിളിക്കുക:
9744995553
9497564558

## എസ്.എസ്.എൽ.സി ക്രാഷ് കോഴ്സ്

**തിരുവമ്പാടി:** 2023 മാർച്ചിൽ നടക്കുന്ന എസ് എസ് എൽ സി പരീക്ഷയ്ക്ക് മുന്നോടിയായി തിരുവമ്പാടിയിലുള്ള ആൽഫാ മരിയ അക്കാദമിയിൽ എല്ലാ വിഷയങ്ങൾക്കുമുള്ള ക്രാഷ് കോഴ്സ് നടത്തപ്പെടുന്നു. വൈകുന്നേരം 5 മണി മുതൽ 7 മണി വരെയാണ് ക്ലാസുകൾ.

**വീടും സ്ഥലവും വില്പനയ്ക്ക്**

10 സെന്റ് സ്ഥലവും മൂന്ന് ബെഡ്റൂമോടുകൂടിയ ഒരുനില വീട് വിൽപ്പനയ്ക്ക്.
വെള്ളം, റോഡ് സൗകര്യം ലഭ്യമാണ്.
വില 35 ലക്ഷം
സ്ഥലം: താമരശ്ശേരി ചമൽ
ഫോൺ. 94 95 82 25 15

## ജർമ്മൻ ഭാഷാ പഠനം

**തിരുവമ്പാടി:** ആൽഫ മരിയ അക്കാദമിയുടെ നേതൃത്വത്തിൽ ഏപ്രിൽ 10ന് ആരംഭിക്കുന്ന ജർമ്മൻ ഭാഷാ പഠനത്തിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ (A1, A2, B1, B2) ആരംഭിച്ചിരിക്കുന്നു. ജർമ്മനിയിൽ വിവിധ ജോലി സാധ്യതകൾക്കനുസരിച്ചുള്ള പ്ലേസ്മെന്റ് അവസരങ്ങൾ നൽകുന്നു. പ്ലസ് ടു അടിസ്ഥാന യോഗ്യതയുള്ളവർക്കാണ് ജർമ്മൻ ഭാഷ പഠിക്കാനുള്ള അവസരം ഉള്ളത്.

● ആൽഫാ മരിയ അക്കാദമിയുടെ 'ക്യാച്ച് ദി യങ്' പ്രോഗ്രാമിന്റെ ഭാഗമായി അഞ്ചാം ക്ലാസ് മുതൽ പ്ലസ്ടു വരെയുള്ള കുട്ടികളുടെ സ്കൂൾ പഠനത്തോടൊപ്പം വിവിധ മത്സര പരീക്ഷകളിൽ പങ്കെടുക്കാനുള്ള പരിശീലനം നൽകുന്നു. ഇതിലൂടെ ഭാവിയിൽ സിവിൽ സർവീസ്, പിഎസ്സി തുടങ്ങിയ വിവിധ മത്സര പരീക്ഷകൾക്ക് കുട്ടികളെ സജ്ജരാക്കുക എന്നതാണ് ലക്ഷ്യം.
വിവരങ്ങൾക്ക്: 0495 2962180

## പോപ്പ് ബെനഡിക്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ ബൈബിൾ ക്ലാസുകൾ

**കോഴിക്കോട്:** താമരശ്ശേരി രൂപതയുടെ ദൈവശാസ്ത്ര – ബൈബിൾ പഠന കേന്ദ്രമായ പോപ്പ് ബെനഡിക്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഏകവത്സര ബൈബിൾ പഠന ക്ലാസുകൾ ഉടൻ ആരംഭിക്കുന്നു.

ലോകപ്രശസ്തമായ ദൈവശാസ്ത്ര യൂണിവേഴ്സിറ്റികളിൽ നിന്ന് ബൈബിൾ ഗവേഷണത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയിട്ടുള്ള പ്രശസ്തരായ പണ്ഡിതൻമാർ ക്ലാസ്സുകൾ നയിക്കുന്നു. ക്ലാസുകൾ പൂർണ്ണമായും ഓൺലൈൻ വഴിയാണ്. ആഴ്ചയിൽ ഒരു ക്ലാസ് എന്ന രീതിയിൽ എല്ലാ വ്യാഴാഴ്ചയും വൈകുന്നേരം 8.30 മുതൽ 9.30 വരെയാണ് ക്ലാസുകൾ.
രജിസ്ട്രേഷനും മറ്റു വിവരങ്ങൾക്കും: 7907810078.

**70 –ാം വിവാഹ വാർഷികം**
**24-11-2022**



വിവാഹ ജീവിതത്തിന്റെ 70 ാം വാർഷികം ആഘോഷിക്കുന്ന
**പി. ജെ. ചാക്കോ & മേരി ചാക്കോ**
പുരയിടത്തിൽ, തിരുവമ്പാടി
സ്നേഹാശംസകളോടെ... മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ, കുഞ്ഞുമക്കൾ

**50 –ാം വിവാഹ വാർഷികം**
**19-02-2023**



**ജോസ് & മേരി**
ചെന്നിക്കര, പാലൂർകോട്ട
സ്നേഹാശംസകളോടെ... ഫാ. ബിജു, ബിനു & ഡെയ്സി,
ബിന്ദു & ഷാജി, കൊച്ചുമക്കൾ



കെസിവൈഎം താമരശ്ശേരി രൂപത സമിതി സംഘടിപ്പിച്ച യുവജന സംഗമം കേന്ദ്രമന്ത്രി രാജീവ് ചന്ദ്രശേഖർ ഉദ്ഘാടനം ചെയ്യുന്നു. ബിഷപുമാരായ ഡോ. വർഗീസ് ചക്കാലയ്ക്കൽ, മാർ റെമീജിയോസ് ഇഞ്ചനാനിയിൽ, കെസിവൈഎം ഭാരവഹാകൾ തുടങ്ങിയവർ സമീപം

# ആവേശമായി യുവജന സംഗമം


**താമരശ്ശേരി:** ആധുനിക കേരളത്തിന്റെ നിർമ്മാണത്തിൽ ക്രൈസ്തവ സമൂഹം വഹിച്ച പങ്ക് വലുതാണെന്ന് കേന്ദ്രമന്ത്രി രാജീവ് ചന്ദ്രശേഖർ. ഇക്കാര്യം ഞങ്ങൾ മാത്രമല്ല ആരും മറക്കുന്നില്ലെന്നും മന്ത്രി പറഞ്ഞു. കെസിവൈഎം താമരശ്ശേരി രൂപത സമിതി സംഘടിപ്പിച്ച മലബാറിലെ ആറു രൂപതകളിൽ നിന്നുള്ള യുവജനങ്ങളുടെ സംഗമം താമരശ്ശേരി അൽഫോൻസ സ്കൂൾ ഗ്രൗണ്ടിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. ക്രൈസ്തവ സമൂഹവും കുടിയേറ്റ ജനതയും നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ നൂറു ശതമാനം പ്രതിജ്ഞാബദ്ധമാണെന്നും മന്ത്രി പറഞ്ഞു. പ്രശ്ന പരിഹാരത്തിന് സർക്കാർ ആത്മാർത്ഥമായി പ്രവർത്തിക്കുമെന്ന് അദ്ദേഹം ഉറപ്പു നൽകി.

പൊതുസമ്മേളനത്തിൽ കെസിവൈഎം സംസ്ഥാന പ്രസിഡന്റ് ഷിജോ ഇടയാടിയിൽ അധ്യക്ഷനായിരുന്നു. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ മുഖ്യ പ്രഭാഷണം നടത്തി. കോഴിക്കോട് ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ അനുഗ്രഹ പ്രഭാഷണം നടത്തി. കെസിവൈഎം സംസ്ഥാന ഡയറക്ടർ ഫാ. സ്റ്റീഫൻ ചാലക്കര ആമുഖ പ്രഭാഷണം നടത്തി. നടൻ സിജോയ് വർഗീസ് ക്രിസ്തുമസ് സന്ദേശം നൽകി.

കെസിവൈഎം താമരശ്ശേരി രൂപത ഡയറക്ടർ ഫാ. മെൽബിൻ വെള്ളയ്ക്കാകുടിയിൽ, രൂപത പ്രസിഡന്റ് അഭിലാഷ് കുടിപ്പാറ, സംസ്ഥാന ജനറൽ സെക്രട്ടറി ബിജു കുര്യൻ എന്നിവർ പ്രസംഗിച്ചു. സംരംഭകൻ സെബാസ്റ്റ്യൻ പെരുമ്പള്ളിക്കാടൻ, അജിനോറ ഗ്ലോബൽ വെഞ്ചേഴ്സ് ഡയറക്ടർ അജോ അഗസ്റ്റിൻ എന്നിവരെ ചടങ്ങിൽ ഉപഹാരം നൽകി ആദരിച്ചു. കേന്ദ്രമന്ത്രി രാജീവ് ചന്ദ്രശേഖറിന് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉപഹാരം നൽകി.

## പുസ്തക പരിചയം

### ശുഭദർശനം



അധ്യാപികയായിരുന്ന എൻ. എസ്. മേരി കൊട്ടുപ്പള്ളിൽ രചിച്ച 51 കവിതകളുടെ സമാഹാരം. അധമ ചിന്തകളിൽ നിന്നും വിമുക്തമായ സുവിശേഷമൊഴികളാണ് ഈ കവിതാ സമാഹാരമെന്ന് അവതാരികയിൽ പി. കെ. ഗോപി പറയുന്നു.

കോഴിക്കോട് സർഗ്ഗം ബുക്സ് പ്രസിദ്ധീകരിച്ചിരിക്കുന്നു. വില 150 രൂപ. കോപ്പികൾക്ക്: 9446643706

## മലബാർ വിഷൻ ക്രിസ്തുമസ് അനുഭവക്കുറിപ്പ് വിജയി



**കോഴിക്കോട്:** മലബാർ വിഷൻ രൂപതാതലത്തിൽ നടത്തിയ ക്രിസ്തുമസ് അനുഭവക്കുറിപ്പ് മത്സരത്തിൽ തിരുവമ്പാടി ഇടവകാംഗം സിതാര വി. തോട്ടയ്ക്കാട്, കേളംകുന്നേൽ ഒന്നാം സ്ഥാനം നേടി. വിജയിക്ക് 3000 രൂപയും പ്രശസ്തി പത്രവും സമ്മാനിക്കും. കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിൽ അധ്യാപികയാണ് സിതാര.

# ഇവർ നവാഭിഷിക്തർ

## താമരശ്ശേരി രൂപതയ്ക്കുവേണ്ടി പൗരോഹിത്യം സ്വീകരിച്ച നവവൈദികർ



### ഫാ. ജോസഫ് പന്തലാടിക്കൽ

● പുല്ലൂരാപാറ ഇടവക പന്തലാടിക്കൽ ആന്റോ – ജാൻസി ദമ്പതികളുടെ മകൻ. 2022 ഡിസംബർ 27 ന് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു.

2011 ജൂൺ 10 ന് താമരശ്ശേരി മൈനർ സെമിനാരിയിൽ ചേർന്നു. തുടർന്ന് ദേവഗിരി സെന്റ് ജോസഫ് കോളജിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദം നേടി. വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ നിന്ന് ഫിലോസഫിയും ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് തിയോളജിയും പൂർത്തിയാക്കി. സഹോദരൻ: സോജിൽ ആന്റോ



### ഫാ. ജേക്കബ് കോയിപ്പുറത്ത്

● പുല്ലുരാംപാറ ഇടവക കോയിപ്പുറത്ത് സണ്ണി – ജാൻസി ദമ്പതികളുടെ മകൻ. 2022 ഡിസംബർ 27 ന് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു.

2010 ജൂൺ 12 ന് താമരശ്ശേരി മൈനർ സെമിനാരിയിൽ ചേർന്നു. തുടർന്ന് ഗോവ സെന്റ് സേവ്യേഴ്സ് കോളജിൽ നിന്നും സൈക്കോളജിയിൽ ബിരുദം നേടി. കുന്നോത്ത് ഗുഡ് ഷേപ്പേർഡ് സെമിനാരിയിൽ നിന്ന് ഫിലോസഫിയും വടവാതൂർ സെമിനാരിയിൽ നിന്ന് തിയോളജിയും പൂർത്തിയാക്കി. സഹോദരൻ: എബിൻ സണ്ണി.



### ഫാ. ജോസഫ് വിലങ്ങുപാറ

● ചുണ്ടത്തുംപൊയിൽ ഇടവക വിലങ്ങുപാറ ജോസഫ്–മേഴ്സി ദമ്പതികളുടെ മകൻ 2022 ഡിസംബർ 29 ന് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു.

മാമ്പറ്റ ഡോൺ ബോസ്കോ കോളജിൽ നിന്ന് ഇംഗ്ലീഷ് ലിറ്ററേച്ചറിൽ ബിരുദം നേടി. ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് ഫിലോസഫിയും വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ നിന്ന് തിയോളജിയും പൂർത്തിയാക്കി.

സഹോദരൻ – ആഷ്‌വിൻ, സഹോദര ഭാര്യ – അനുഗ്രഹ, സഹോദരി – ആര്യ



### ഫാ. ജോർജ്ജ് കരിന്തോളിൽ

● കൂടരഞ്ഞി ഇടവക കരിന്തോളിൽ പോൾ – ജാൻസി ദമ്പതികളുടെ മകൻ. 2022 ഡിസംബർ 30 ന് ബിഷപ് മാർ. റെമിജിയോസ് ഇഞ്ചനാനിയിലിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു.

2013 ജൂൺ 15 ന് താമരശ്ശേരി മൈനർ സെമിനാരിയിൽ ചേർന്നു. തുടർന്ന് ദേവഗിരി സെന്റ് ജോസഫ് കോളജിൽ നിന്ന് സൈക്കോളജിയിൽ ബിരുദം നേടി. ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് ഫിലോസഫിയും കുന്നോത്ത് ഗുഡ് ഷെപ്പേഡ് മേജർ സെമിനാരിയിൽ നിന്ന് തിയോളജിയും പൂർത്തിയാക്കി.
സഹോദരി: നീതു പോൾ


## വിശുദ്ധനാട് തീർത്ഥയാത്ര

കർത്താവ് ജനിച്ചു ജീവിച്ച അനുഗൃഹീത നാട്ടിലൂടെ ഒരു പുണ്യയാത്ര.



● ജോർദ്ദാൻ ● ഇസ്രായേൽ ● പാലസ്തീൻ ● ഈജിപ്ത്

ജെറുസലേം, നെബോ പർവതം, നസ്രത്ത്, മംഗളവാർത്താ ദേവാലയം, കാന, കഫർണാം, ബത്‌ലഹേം, തിരുപ്പിറവി ദേവാലയം, ബഥനി, താബോർ മല, സെഹിയോൻ മാളിക, ജോർദാൻ നദി, ബത്സയ്ദാ കുളം, ഒലിവുമല, തിരുക്കല്ലറ, ഗത്സമൻതോട്ടം, ജറീക്കോ, ചെങ്കടൽ, സീനായ്, ഈജിപ്ത്, പിരമിഡ്. നൈൽ നദിയിലും ഗലീലി തടാകത്തിലും ബോട്ട് യാത്ര, ചാവുകടലിൽ കുളി, ഗത്സമൻ തോട്ടത്തിൽ ആരാധന, കാനായിൽ വിവാഹ വാഗ്ദാന നവീകരണം, ഗാഗുൽത്തായിലേക്ക് കുരിശിന്റെ വഴി.

2023 ഏപ്രിൽ 17, 29, മേയ് 10, 22 തീയ്യതികളിലും സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലും പുറപ്പെടുന്നു.

യാത്രയുടെ ചിത്രങ്ങൾ പെൻഡ്രൈവിൽ നൽകുന്നു എല്ലാ ഗ്രൂപ്പുകളിലും വൈദികരുടെ നേതൃത്വം പരിചയ സമ്പന്നരായ ടൂർ ഗൈഡുകളുടെ സേവനം

Sama Travel Great Journeys Begin Here

Contact : Fr. Sai Parankulangara: 9544 28 50 18

എല്ലാ യാത്രകളുടെയും ബുക്കിംങ് ആരംഭിച്ചിരിക്കുന്നു

## യൂറോപ്പ്– മരിയൻ തീർത്ഥയാത്ര

● വത്തിക്കാൻ ● സ്വിറ്റ്സർലന്റ് ● ഇറ്റലി ● പോർച്ചുഗൽ ● ജർമ്മനി ● ഫ്രാൻസ് ● സ്പെയ്ൻ





കൊളോസിയം, വത്തിക്കാൻ മ്യൂസിയം, കാറ്റക്യൂമ്പ്സ്, സെന്റ് പീറ്റേഴ്സ് ബസിലിക്ക, സിസ്റ്റെയ്ൻ ചാപ്പൽ, പിസ, അസീസി, വെനീസ്, പാദുവ, മിലാൻ കത്തീഡ്രൽ, മൗണ്ട് റ്റിറ്റ്ലീസ്, ബെൻസ് മ്യൂസിയം, ലിസ്യൂ, നോർത്തഡാം കത്തീഡ്രൽ, ഈഫൽ ടവർ, ലൂർദ്, ഫാത്തിമ

16 ദിവസത്തെ പ്രോഗ്രാം കോഴിക്കോട് നിന്ന് പുറപ്പെടുന്നു. ബുക്കിംങ് ആരംഭിച്ചിരിക്കുന്നു

2023 മേയ് ആദ്യവാരം പുറപ്പെടുന്നു

## ഗോവ തീർത്ഥയാത്ര

2023 ഫെബ്രുവരി, ഏപ്രിൽ, മേയ് മാസങ്ങളിൽ പുറപ്പെടുന്നു





വി. ജോസഫ് വാസിന്റെ ജന്മഗൃഹം, വാഴ്ത്തപ്പെട്ട ആഞ്ചലോയുടെ കബറിടം–ദേവാലയം, മിരാമർ ബീച്ച്, ഡോണപോള ബീച്ച്, കളംഗട്ട് ബീച്ച് , ബോട്ടു യാത്ര, ബോം ജീസസ് കത്തീഡ്രൽ, വി. ഫ്രാൻസിസ് സേവ്യറുടെ പൂജ്യശരീരം, ക്രിസ്ത്യൻ മ്യൂസിയം, സെന്റ് അഗസ്റ്റീനിയൻ ചർച്ച്, ഓൾഡ് ഗോവ ചർച്ച്, അഹൂദ ഫോർട്ട്, കോൾവ ബീച്ച്.

യാത്രയടക്കം മൂന്ന് രാത്രി 2 പകൽ കോഴിക്കോട് നിന്ന് ഗോവക്കും തിരിച്ചും ട്രെയിൻ യാത്ര

ഗോവ യാത്രയ്ക്ക് ട്രെയ്ൻ ടിക്കറ്റ് ബുക്ക് ചെയ്യേണ്ടതിനാൽ 3 മാസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

# ലോഗോസ് ക്വിസ് പങ്കാളിത്തത്തിൽ താമരശ്ശേരി രൂപത ഒന്നാമത്

**കോഴിക്കോട്:** കേരള കാത്തലിക് ബൈബിൾ സൊസൈറ്റി സംഘടിപ്പിച്ച ലോഗോസ് ബൈബിൾ ക്വിസ് 2022 ൽ ജനസംഖ്യാടിസ്ഥാനത്തിലുള്ള പങ്കാളിത്തത്തിൽ താമരശ്ശേരി രൂപത സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം നേടി.

താമരശ്ശേരി രൂപതയിൽ നിന്ന് ഈ വർഷം 15557 പേരാണ് ലോഗോസ് ക്വിസിൽ പങ്കെടുത്തത്. സംസ്ഥാനതല ഫൈനൽ മത്സരത്തിൽ താമരശ്ശേരി രൂപതയിൽ നിന്നും വിവിധ പ്രായവിഭാഗങ്ങളിലായി മാത്യു തൈക്കുന്നുംപുറം (കൂരാച്ചുണ്ട്), റോസമ്മ മാടപ്പാട്ട് (പാറോപ്പടി), അതുല്യ മുണ്ടാട്ടുചുണ്ടയിൽ (പുഷ്പഗിരി), ഷിൻസ് പൈനാടത്ത് (പടത്തുകടവ്), ലിയ ട്രീസ കേഴപ്ലാക്കൽ (കൂരോട്ടുപാറ) എന്നിവർ നാലാം സ്ഥാനത്തിന് അർഹരായി.

ഓരോ വർഷവും കൂടി വരുന്ന പങ്കാളിത്തം ഗോലോസ് മത്സരത്തിന്റെ ജനസ്വീകാര്യതയുടെ അടയാളമാണെന്നും കൂടുതൽ ആളുകളെ ബൈബിൾ പഠനത്തിലേക്ക് ആകർഷിക്കാൻ ഈ മത്സരത്തിന് സാധിക്കുമെന്നും താമരശ്ശേരി രൂപത ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. തോമസ് ചിലമ്പിക്കുന്നേൽ പറഞ്ഞു. ഓരോ ഇടവകയിലെയും വികാരിയച്ചന്മാരും മതാധ്യാപകരുമാണ് കഴിഞ്ഞ ലോഗോസ് മത്സരം വിജയമാക്കാൻ നേതൃത്വം നൽകിയതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

2023-ലെ ആദ്യഘട്ട മത്സരം സെപ്റ്റംബർ 24 ഞായറാഴ്ച നടക്കും. ജോഷ്വാ 13-24 അധ്യായങ്ങൾ, പ്രഭാഷകൻ 27-33 അധ്യായങ്ങൾ, വി. ലൂക്കാ 1-8 അധ്യായങ്ങൾ, 2 കോറിന്തോസ് 1-6 അധ്യായങ്ങൾ എന്നിവയായിരിക്കും 2023ലെ ലോഗോസ് ക്വിസ് മത്സരത്തിന്റെ പാഠ്യഭാഗങ്ങൾ.

**2023-ലെ രൂപതാതല മത്സരം സെപ്റ്റംബർ 24 ഞായറാഴ്ച. പാഠ്യഭാഗങ്ങൾ: ജോഷ്വാ 13-24, പ്രഭാഷകൻ 27-33, വി. ലൂക്കാ 1-8, 2 കോറിന്തോസ് 1-6 അധ്യായങ്ങൾ**

**ലോഗോസ് 2022 രൂപതാതല വിജയികൾ: ആദ്യ മൂന്ന് സ്ഥാനക്കാർ യഥാക്രമം**

### എ ഗ്രൂപ്പ്



1. സാൽവിയ സനീഷ് തോണക്കര (കൂടരഞ്ഞി), 2. സെറ മരിയ അന്തീനാട്ട് (മരുതോങ്കര), 3. ലിസ് മരിയ ബിജു (ചമൽ)

### ബി ഗ്രൂപ്പ്



1. ലിയ ട്രീസ കേഴപ്ലാക്കൽ (കൂരോട്ടുപാറ), 2. അനു മരിയ കാരിവേലിൽ (കക്കയം), 3.ആർദ്ര ആൻ സജി മെഴുകനാൽ (കണ്ണോത്ത്)

### സി ഗ്രൂപ്പ്



1. അതുല്യ മുണ്ടാട്ടുചുണ്ടയിൽ (പുഷ്പഗിരി) 2. ഷിൻസ് പൈനാടത്ത് (പടത്തുകടവ്) 3. ബ്ലസി മരിയ പ്ലാത്തോട്ടത്തിൽ (മരുതോങ്കര)

### ഡി ഗ്രൂപ്പ്



1. സിസ്റ്റർ ഏയ്ഞ്ചൽ മരിയ എസ്എബിഎസ് (മലപ്പുറം) 2. സിമി ജോസ് കറുകയിൽ (അശോകപുരം) 3. ജിഷ കാക്കനാട്ട് (കുപ്പായക്കോട്)

### ഇ ഗ്രൂപ്പ്



1. ലിസി ചേന്ദംകുളത്ത് (തിരുവമ്പാടി) 2. ഡോ. സെലീൻ പെരുമ്പള്ളിൽ (ഈസ്റ്റ്ഹിൽ) 3. മോളി കട്ടക്കയം (ചാത്തംകോട്ടുനട)

### എഫ് ഗ്രൂപ്പ്



1. മാത്യു തൈക്കുന്നുംപുറത്ത് (കൂരാച്ചുണ്ട്) 2. റോസമ്മ മാടപ്പാട്ട് (പാറോപ്പടി) 3. മേരി മാണി നെടുംപുറത്ത് (അശോകപുരം), ത്രേസ്യാമ്മ കൊടുകപ്പള്ളിൽ (പുല്ലൂരാംപാറ).

## കോർപ്പറേറ്റ് സ്കൂളുകളിൽ അധ്യാപക നിയമനം

**താമരശ്ശേരി:** രൂപതയുടെ കോർപ്പറേറ്റ് സ്കൂളുകളിൽ വരുംവർഷങ്ങളിൽ ഉണ്ടാകാൻ ഇടയുള്ള താല്ക്കാലിക/ സ്ഥിരം അധ്യാപക ഒഴിവുകളിൽ നിയമിക്കപ്പെടുന്നതിന് യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. താമരശ്ശേരിയിലെ കോർപ്പറേറ്റ് ഓഫീസിൽ നിന്നും ലഭിക്കുന്ന നിശ്ചിത അപേക്ഷാ ഫോമിൽ 31-01-2023 വരെ അപേക്ഷ സമർപ്പിക്കാം. അപേക്ഷകർ ഐച്ഛിക വിഷയത്തിൽ ബിരുദം/ ബിരുദാനന്തര ബിരുദം, ബിഎഡ്/ എംഎഡ്, കെ.ടെറ്റ് (II/III) സെറ്റ്/ നെറ്റ്/ എംഫിൽ എന്നീ യോഗ്യത നേടിയവർക്കാണ് (യുപിഎസ്ടി, എച്ച്എസ്ടി, എച്ച്എസ്എസ്ടി) അപേക്ഷ സമർപ്പിക്കാവുന്നത്. വിവരങ്ങൾക്ക്: **0495 2965617**

## ഇൻഫാം വനിതാ വിങ്ങ് ഫുഡ് കോർട്ട് ആരംഭിച്ചു

**കോടഞ്ചേരി:** ഇൻഫാം വനിതാ വിങ്ങിന്റെ ആഭിമുഖ്യത്തിൽ തെയ്യപ്പാറ സെന്റ് തോമസ് ദേവാലയ അങ്കണത്തിൽ 'വീവ അഗ്രി ആൻഡ് ഫുഡ് കോർട്ട്' ആരംഭിച്ചു. ഇൻഫാം തെയ്യപ്പാറ കാർഷിക ഗ്രാമം സെക്രട്ടറി റെജി പേഴത്തിങ്കലിന് ആദ്യ വില്പന നടത്തി ഇൻഫാം മലബാർ മേഖല ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ ഉദ്ഘാടനം ചെയ്തു. ഇൻഫാം താമരശ്ശേരി കാർഷിക ജില്ല പ്രസിഡൻറ് അഗസ്റ്റിൻ പുളിക്കക്കണ്ടത്തിൽ അധ്യക്ഷത വഹിച്ചു.

ഇൻഫാം വനിതാ വിങ്ങ് പ്രസിഡൻറ് റീന പനയ്ക്കൽ, ഷീന ജോജു, ജിജി കണിയാംമാട്ടേൽ ഡോളി തേന്മല, അമ്മിണി വള്ളിയാംപൊയ്കയിൽ ഇൻഫാം തെയ്യപ്പാറ കാർഷിക ഗ്രാമം പ്രസിഡണ്ട് റോയ് നെടുമ്പള്ളി, ജോസ് തേന്മല എന്നിവർ നേതൃത്വം നൽകി. താമരശ്ശേരി കാർഷിക ജില്ല ഇൻഫാമിന്റെ നേതൃത്വത്തിലുള്ള ആദ്യ സംരംഭമാണ് തെയ്യപ്പാറയിൽ പ്രവർത്തനം ആരംഭിച്ച വീവാ ഫുഡ് കോർട്ട്. ഓർഡർ സ്വീകരിച്ച് ചായയും മധുരപലഹാരങ്ങളും ഉച്ചഭക്ഷണവും തയ്യാറാക്കി നൽകും. കേക്ക് നിർമ്മാണം, കറി പൗഡറുകളുടെയും മസാല പൊടികളുടെയും നിർമ്മാണം, അരിപ്പൊടി പുട്ടുപൊടി എന്നിവയുടെ നിർമ്മാണവും വിതരണവും വിവാ ഫുഡ് കോർട്ടിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്നു.




സ്നേഹസ്മരണകളോടെ

43-ാം ചരമവാർഷികം (21-10-2022)

18-ാം ചരമവാർഷികം (24-12-2022)



ദേവസ്യ
മലേക്കുന്നേൽ
കണ്ണോത്ത്



അന്നമ്മ ദേവസ്യ
മലേക്കുന്നേൽ
കണ്ണോത്ത്

സ്നേഹസ്മരണകളോടെ,
മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

സ്നേഹസ്മരണയ്ക്ക്

41-ാം ചരമദിനം
29-01-2023



ജിബി റോബർട്ട് ജോർജ്
താളനാനി, മലാപ്പറമ്പ്, കോഴിക്കോട്
ജനനം: 30-11-1979 മരണം: 20-12-2022
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

# മികച്ച പഠനത്തിന് നവോദയ

**സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് സൗജന്യമായി മികച്ച വിദ്യാഭ്യാസം നൽകുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ സംവിധാനമാണ് ജവഹർ നവോദയ വിദ്യാലയങ്ങൾ. ആറാം ക്ലാസിലേക്കാണ് അഡ്മിഷൻ. ഇപ്പോൾ അഞ്ചാം ക്ലാസിൽ പഠിക്കുന്നവർ അപേക്ഷിക്കണം. അപേക്ഷ സമർപ്പിക്കേണ്ട അവസാന തിയ്യതി ജനുവരി 31.**



വിദ്യാധനം
പ്രഫ. ചാർലി കട്ടക്കയം



സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് സൗജന്യമായി മികച്ച വിദ്യാഭ്യാസം നൽകുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ സംവിധാനമാണ് ജവഹർ നവോദയ വിദ്യാലയങ്ങൾ.

ആറാം ക്ലാസിലേക്കാണ് അഡ്മിഷൻ. ഇപ്പോൾ അഞ്ചാം ക്ലാസിൽ പഠിക്കുന്നവർ അപേക്ഷിക്കണം. അപേക്ഷ സമർപ്പിക്കേണ്ട അവസാന തിയ്യതി ജനുവരി 31.

1986–ലെ ദേശീയ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായാണ് നവോദയ വിദ്യാലയങ്ങൾ ആരംഭിച്ചത്. പ്രതിഭാശാലികളായ വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം സൗജന്യമായി നൽകുകയാണ് ലക്ഷ്യമിടുന്നത്. ഗ്രാമീണ മേഖലയയിലെ കുട്ടികൾക്കാണ് മുൻഗണന. ആറാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസുവരെ റസിഡൻഷ്യൽ രീതിയിലാണ് ഇവിടെ വിദ്യാഭ്യാസം നൽകുന്നത്. രാജ്യത്ത് ആകെ 649 നവോദയ വിദ്യാലയങ്ങൾ ഉണ്ട്. കേരളത്തിലെ 14 ജില്ലകളിലും ഓരോന്നുവീതം സ്കൂളുകൾ ഉണ്ട്. കോഴിക്കോട് ജില്ലയിൽ വടകരയിലും മലപ്പുറം ജില്ലയിൽ ഊരകത്തുമാണ് നവേദയ സ്കൂളുകൾ പ്രവർത്തിക്കുന്നത്. ഓരോ സ്കൂളുകളിലും 80 മുതൽ 100 വരെ കുട്ടികൾക്കാണ് അഡ്മിഷൻ ലഭിക്കുക. ഒഴിവുകൾ ഉണ്ടെങ്കിൽ 8–ാം ക്ലാസിലും 9–ാം ക്ലാസിലും ലാറ്ററൽ എൻട്രിവഴി അഡ്മിഷൻ കൊടുക്കാറുണ്ട്. ഇതിന് പ്രത്യേക അഡ്മിഷൻ പരീക്ഷ നടത്താറുണ്ട്.

## സൗജന്യ പഠനം

നവോദയ സ്കൂളിൽ അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് താമസം, ഭക്ഷണം, യൂണിഫോം, പാഠപുസ്തകങ്ങൾ, നോട്ടുബുക്കുകൾ തുടങ്ങിയവയെല്ലാം സൗജന്യമായി ലഭിക്കും. ഒൻപതാം ക്ലാസ് വരെ ഫീസില്ല. 12–ാം ക്ലാസ് വരെ മാസം 600 രൂപ നൽകണം. എന്നാൽ പെൺകുട്ടികൾക്കും ബിപിഎൽ വിഭാഗക്കാർക്കും ഈ ഫീസിലും ഇളവുണ്ട്. മികച്ച അടിസ്ഥാന സൗകര്യങ്ങളോടെയാണ് എല്ലാ നവോദയ സ്കൂളുകളും പ്രവർത്തിക്കുന്നത്, ഹോസ്റ്റലിൽ താമസിച്ച് പഠിക്കണം എന്നത് നിർബന്ധമാണ്. കുട്ടികൾ ഹോസ്റ്റലിൽ ആയിരിക്കുമ്പോഴും പൂർണ്ണമായും അധ്യാപകരുടെ നിരീക്ഷണത്തിലും നിയന്ത്രണത്തിലുമായിരിക്കും.

## അഡ്മിഷൻ

അഡ്മിഷന് താഴെ പറയുന്ന നിബന്ധനകൾ ബാധകമാണ്.

- ഈ വർഷം ഗവർമെന്റ്/ എയ്ഡഡ് സ്കൂളിൽ 5–ാം ക്ലാസിൽ പഠിക്കുന്ന 9നും 12നും ഇടയിൽ പ്രായമുള്ള കുട്ടിയായിരിക്കണം. ജനനം 2011 മെയ് ഒന്നിനും 2013 ഏപ്രിൽ 30 ഇടയിലായിരിക്കണം.
- 75% സീറ്റുകൾ റൂറൽ ഏരിയായിലെ കുട്ടികൾക്കായി മാറ്റിവച്ചിരിക്കുന്നു. റൂറൽ ക്വാട്ട വഴി അപേക്ഷിക്കുന്നവർ മൂന്നും നാലും അഞ്ചും ക്ലാസുകൾ അതാത് ഏരിയായിലെ ഗവൺമെന്റ്/ എയ്ഡഡ് സ്കൂളുകളിൽ പഠിച്ചവരായിരിക്കണം.
- ഒരിക്കൽ മാത്രമേ ഒരു കുട്ടിക്ക് അഡ്മിഷന് അപേക്ഷിക്കാൻ സാധിക്കുകയുള്ളൂ.
- മൊത്തം സീറ്റിൽ 33 ശതമാനവും പെൺകുട്ടികൾക്കായി നീക്കി വച്ചിരിക്കുന്നു. പട്ടിഗവർഗക്കാർ, ഭിന്നശേഷിക്കാർ എന്നിവർക്കും സംവരണമുണ്ട്.

## അപേക്ഷാ ഫോം

www.navodaya.gov.in എന്ന വെബ് സൈറ്റ് വഴി ഓൺലൈനായിട്ടാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷയോടൊപ്പം സ്കൂൾ ഹെഡ്മാസ്റ്റർ ഒപ്പിട്ട സർട്ടിഫിക്കറ്റ് അപ് ലോഡ് ചെയ്യേണ്ടതുണ്ട്. ഈ ഫോം വെബ് സൈറ്റിൽ ലഭ്യമാണ്. കുട്ടി പഠിക്കുന്ന സ്കൂളിലെ ഹെഡ്മാസ്റ്ററുടെ പക്കൽ നിന്നോ, അതാത് സ്ഥലങ്ങളിലെ ബ്ലോക്ക് എഡ്യുക്കേഷണൽ ഓഫീസർ (BEO) സിസ്ട്രിക്ക് എഡ്യൂക്കേഷണൽ ഓഫീസർ (DEO) എന്നിവിടങ്ങളിൽ നിന്നോ ഫോറം ലഭ്യമാണ്. അവശ്യരേഖകളും കുട്ടിയുടെ ഫോട്ടോയും രക്ഷിതാവിന്റെ ഒപ്പും സഹിതം ജനുവരി 30ന് മുമ്പായി അപേക്ഷകൾ അപ്‌ലോഡ് ചെയ്യണം. അക്ഷയ കേന്ദ്രങ്ങളുടെ സഹായം ഇതിനായി സ്വീകരിക്കാവുന്നതാണ്.

## അഡ്മിഷൻ ടെസ്റ്റ്

2023 ഏപ്രിൽ 29 നാണ് പ്രവേശന പരീക്ഷ. അപേക്ഷ സമർപ്പിച്ചവർക്ക് 2023 മാർച്ച് 1 മുതൽ പരീക്ഷയ്ക്കുള്ള അഡ്മിറ്റ് കാർഡ് സൈറ്റിൽ നിന്നം ഡൗൺലോഡ് ചെയ്തു കിട്ടും. ജൂൺ ആദ്യവാരം റിസൾട്ട് പ്രസിദ്ധീകരിക്കും.

രണ്ട് മണിക്കൂർ ദൈർഘ്യമുള്ളതാണ് അഡ്മിഷൻ ടെസ്റ്റ്. 100 മാർക്കിന്റെ പരീക്ഷയ്ക്ക് 80 ചോദ്യങ്ങൾ ഉണ്ടാകും. എല്ലാ ചോദ്യങ്ങളും ഒബ്ജക്റ്റീവ് മാതൃകയിലുള്ളതാണ്. ആദ്യത്തെ ഒരു മണിക്കൂർ 50 മാർക്കിനുള്ള മെന്റൽ എബിലിറ്റി ടെസ്റ്റ് ചെയ്യുന്ന 40 ചോദ്യങ്ങൾ. തുടർന്ന് അര മണിക്കൂർ വീതം 25 മാർക്കിന്റെ മാത്തമാറ്റിക്സ്, ഭാഷ എന്നിവയിൽ നിന്നും 20 ചോദ്യങ്ങൾ വീതം ഉണ്ടാകും. പരീക്ഷ ഇംഗ്ലീഷിലോ മലയാളത്തിലോ എഴുതാം.
മുൻപ് നടന്ന പരീക്ഷയുടെ ചോദ്യക്കടലാസുകൾ വെബ്സൈറ്റിൽ ലഭ്യമാണ്. ഇത് പരിശോധിച്ച് പരീക്ഷാ രീതിയും ചോദ്യഘടനയും മനസിലാക്കണം. മാതൃകാ പേപ്പറുകളുടെ ഉത്തരമെഴുതി പരിശീലിക്കുന്നത്. ഉപകാരപ്പെടും. ഗണിതം ഭാഷ എന്നിവയുടെ ചോദ്യങ്ങൾ അഞ്ചാം ക്ലാസ് നിലവാരത്തിൽ ഉള്ളതായിരിക്കും. പരീക്ഷയ്ക്കായി ഇപ്പോഴെ ഒരുങ്ങി തുടങ്ങാം./ മികച്ച വിദ്യാഭ്യാസം, സ്വഭാവ രൂപീകരണം, കഴിലുകളെ കണ്ടെത്തി വികസിപ്പിക്കൽ തുടങ്ങിയവയ്ക്ക് മുൻഗണന നൽകുന്ന നവോദയയിലെ വിദ്യാഭ്യാസം എന്തുകൊണ്ടും മെച്ചമാണ്.



ഉദ്ധിഷ്ട കാര്യത്തിന് ഉപകാരസ്മരണ

ഒരു വിശ്വാസി,
കുമുള്ളി

കേരളം കാത്തിരുന്ന ജൈവവളകൂട്ട്

Palazhi Bio Fertilizers

ചെടികളുടെ കരുത്തിന്... അധിക ഉത്പാദനത്തിന്... രോഗപ്രതിരോധശേഷിക്ക്...



- മണ്ണിന്റെ pH ബാലൻസ് ചെയ്യുന്നു.
- മണ്ണിൽ ജൈവാംശം (Organic Carbon Content) വലിയ അളവിൽ എത്തിക്കുന്നു.

വിളകൾക്ക് ആവശ്യമായ NPK സമൃദ്ധമായി അടങ്ങിയതും, Seaweed Powder, Varm, Trichoderma, Pseudomonas, തുടങ്ങി 15ഓളം സൂക്ഷ്മാണുക്കളുമുള്ള ജൈവവളം.

പാലാഴി® ജൈവ സമൃദ്ധി Organic Fertilizer

Kakkad, Puduppadi
Kozhikode, Kerala

9526 300 066

ENRICHED MICROBES :
BIOFERTILIZERS, BIOFUNGICIDES BIOPESTICIDES,
BIONEMATICIDES, PLANT GROWTH PROMOTERS

# കാനായിലെയും നായിമിലെയും അത്ഭുത ശക്തിയും താബോറിലെ ദൈവീകപ്രഭാവവും



തീർത്ഥാടനം

ഫാ. ജോസഫ് കാപ്പിൽ

പാലസ്തീനയുടെ ഏറ്റവും വടക്കേ ഭാഗമായ ഗലീലാ പ്രദേശത്തിന്റെ തെക്കുഭാഗത്ത്, നസ്രത്തിന് ചുറ്റുവട്ടമുള്ള പ്രദേശങ്ങളിലായി സ്ഥിതി ചെയ്യുന്ന കാനാ, നായീം, താബോർ എന്നീ പുണ്യസ്ഥലങ്ങളിലൂടെയാണ് ഇന്നത്തെ യാത്ര നാം നടത്തുക.

## ഗലീലായിലെ കാന

ഈശോ തന്റെ പരസ്യജീവിതത്തിന്റെ ആരംഭത്തിൽ യൂദയായിൽ എത്തി ജോർദാൻനദിയിൽ വെച്ച് യോഹന്നാൻ മാംമദാനയിൽ നിന്ന് മാമ്മോദീസാ സ്വീകരിച്ച് യൂദയാ മരുഭൂമിയിൽ 40 ദിനരാത്രങ്ങൾ ഉപവസിച്ച്, അരൂപിയിൽ നിറഞ്ഞവനായി വടക്ക് ഗലീലയിലേക്ക് മടങ്ങി. തന്റെ സുവിശേഷ പ്രഘോഷണം ആരംഭിച്ചു. മാമ്മോദീസായുടെ അവസരത്തിൽ സ്വർഗ്ഗം തുറക്കപ്പെട്ടു, ദൈവാരൂപി പ്രാവിന്റെ രൂപത്തിൽ ഈശോയുടെ മേൽ ഇറങ്ങി ആവസിച്ചു. ഇവൻ എന്റെ പ്രിയപുത്രൻ ഇവനിൽ ഞാൻ പ്രസാധിച്ചിരിക്കുന്നു. എന്ന ഒരു സ്വരം സ്വർഗ്ഗത്തിൽ നിന്ന് കേട്ടു.

അവൻ ഗലീല കടൽതീരത്തൂടി നടക്കുമ്പോൾ ശിഷ്യന്മാരുടെ തലവനാകാൻ പോകുന്ന ശിമയോൻ പത്രോസിനെയടക്കം 12 പേരെ വിളിച്ച് തന്റെ ശിഷ്യഗണത്തിന് രൂപം നൽകി. അവർ എല്ലാം ഉപേക്ഷിച്ച് ഈശോയെ അനുഗമിച്ചു. അവൻ അവരുടെ സിനഗോഗുകളിൽ പഠിപ്പിച്ചും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചും ജനങ്ങളുടെ എല്ലാ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തിയും ഗലീല മുഴുവൻ ചുറ്റി സഞ്ചരിച്ചു.

## ആദ്യ അത്ഭുതം

കാനായിലെ കല്യണവിരുന്നിലെ അത്ഭുതത്തെപറ്റി നാം ഒത്തിരിയേറെ കേട്ടിട്ടുണ്ട്, വായിച്ചിട്ടുണ്ട്, ധ്യാനിച്ചിട്ടുണ്ട്. ഗലീലായിലെ പട്ടണമായ നസ്രസ്സിൽ നിന്ന് 7 കിലോമീറ്റർ കിഴക്കായി സ്ഥിതി ചെയ്യുന്ന ഒരു കൊച്ചു പട്ടണമായിരുന്നു കാനാ. അറബിയിൽ ഈ പട്ടണം അറിയപ്പെടുന്നത് കഥർ കാനാ എന്ന പേരിലാണ്. 7000 ത്തോളം വരുന്ന സ്ഥലവാസികളിൽ മൂന്നിലൊരു ഭാഗം മുസ്ലീമുകളും ബാക്കി അറബി ക്രിസ്ത്യാനികളുമാണ്. നസ്രസ്സ് കഴിഞ്ഞാൽ വിശുദ്ധ നാട്ടിലെ രണ്ടാമത്തെ പട്ടണമാണ് കാനാ. പട്ടണത്തിലേക്കുള്ള പ്രവേശനഭാഗത്ത് റോഡിൽ വലിയൊരു വളച്ച് വാതിൽ പണുതുയർത്തിയിട്ടുണ്ട്. അതിന്മേൽ വലിയ അക്ഷരത്തിൽ കാനായിലേക്ക് സ്വാഗതം (Welcome to cana) എന്ന് എഴുതിയിരിക്കുന്നു. ആ വാതിൽ കടക്കുമ്പോൾ, കാനായിലെ നല്ലവരായ നഗരവാസികൾ തീർത്ഥാടകരെയെല്ലാം സന്തോഷത്തോടും സ്നേഹത്തോടുകൂടി സ്വീകരിക്കുന്ന പ്രതീതിയാണ് മനസിലുയരുക.



കാനായിലെ അത്ഭുതം നടന്ന പള്ളി



താബോറിലെ 3 കൂടാരങ്ങളുടെ ബസിലിക്ക

ഈശോയും ശിഷ്യന്മാരും മാതാവും സംബന്ധിച്ച വിവാഹവിരുന്ന് നടന്നതും, ഈശോ തന്റെ ആദ്യത്തെ അത്ഭുതം പ്രവർത്തിച്ച സ്ഥലമായി പാരമ്പര്യം ഉദ്ഘോഷിക്കുന്ന സ്ഥലത്ത് ഇന്ന് ഒരു ദൈവാലയം ഇയർന്നു നിൽക്കുന്നു. ഫ്രാൻസിസ്ക്കൻ വൈദികരുടെ സംരക്ഷണയിലാണ് ഈ സ്ഥലവും ദൈവാലയവും. ദൈവാലയത്തിന്റെ അടിഭാഗത്ത് ക്രിപ്റ്റിൽ അവിടെ ഗവേഷണം നൽകിയപ്പോൾ കണ്ടുകിട്ടിയ കൽഭിത്തികൾ സൂക്ഷിച്ചിട്ടുണ്ട്. മുപ്പത് ലിറ്റർ മുതൽ അമ്പത് ലിറ്റർ വരെ വെള്ളം കൊള്ളുന്ന കൽഫരണികളാണവ. തീർത്ഥാടകർ ദൈവാലയത്തിലിരുന്ന് വി. യോഹ 2/1–11 വരെ വായിച്ച് ധ്യാനിക്കുന്നു. അതോടൊപ്പം ദമ്പതിമാരായിട്ടുള്ളവർ അവരുടെ വിവാഹ വാഗ്ദാനം നവീകരിക്കുകയും ബലിയർപ്പിച്ച് തങ്ങളുടെ വിവാഹജീവിതത്തിന്റെ ആദ്യ ദിവസത്തെ അനുനസ്മരിച്ച് പ്രാർത്ഥിക്കുകയും ചെയ്യുന്നു. മകനെ അവർക്ക് വീഞ്ഞില്ല എന്ന പരിശുദ്ധ അമ്മയുടെ അഭ്യർത്ഥന സ്വീകരിച്ച്, വെള്ളം വീഞ്ഞാക്കി തന്റെ ആദ്യ അത്ഭുതം പ്രവർത്തിച്ച ഈശോ പലകാരണങ്ങളാലും നമ്മുടെ ജീവിതമാകുന്ന കൽഭരണികളിൽ സന്തോഷത്തിന്റെയും സ്നേഹത്തിന്റെയും സമാധാനത്തിന്റേതുമൊക്കെയാകുന്ന വിത്ത് വറ്റിപോകുന്ന അവസരങ്ങളിൽ ഈശോയിലും പരിശുദ്ധ അമ്മയിലും അഭയം പ്രാപിച്ച്, പ്രാർത്ഥിച്ച് ആത്മധൈര്യത്തോടെ ജീവിതത്തിൽ മുന്നേറാനുള്ള പ്രചോദനമാണ് ഓരോ തീർത്ഥാടകനും കാനായിൽ നിന്ന് സ്വന്തമാക്കുക.

കാനായിൽ വച്ച് ഈശോ പ്രവർത്തിച്ച മറ്റൊരത്ഭുതം വി. യോഹന്നാന്റെ സുവിശേഷത്തിൽ വിവരിച്ചിട്ടുണ്ട്. യോഹന്നാൻ 4/ 46–54. കാനായിൽ നിന്നുള്ള നത്താനിയേലുമായുള്ള ഈശോയുടെ കൂടിക്കാഴ്ച്ചയെ അനുസ്മരിക്കുന്ന ഒരു ദൈവാലയവും കാനായിലുണ്ട്.

കാനായിൽ നിന്നും താബോർ മലയിലേക്കുള്ള വഴിമധ്യേയാണ് നായിംപട്ടണം. ഈശോ വിധവയുടെ മകനെ ഉയർപ്പിച്ച സംഭവം ഇവിടെ വച്ചാണ് നടന്നത്. (ലൂക്കാ 7/11–17) ഇന്ന് ഇതൊരു മുസ്ലീം ഗ്രാമമാണ്.

താബോർമല ഗലീലാ പ്രദേശത്തെ വിശാലമായ സമതലപ്രദേശത്തിന്റെ ഏതാണ്ട് മദ്ധ്യഭാഗത്തായി ദൈവം തനിക്കുവേണ്ടി സൃഷ്ടിച്ചുയർത്തിയ ബലിപീഠം പോലെ സ്വർഗ്ഗത്തിലേക്ക് ഉയർന്നു നിൽക്കുന്ന താബോർ മല. 580 മീറ്റർ നീളമാണ് താബോർ മലയ്ക്കുള്ളത്. ക്രൈസ്തവന് താബോർമല വിശുദ്ധമലയാണ്. പത്രോസ്, യോഹന്നാൻ, യാക്കോബ് എന്നീ അപ്പസ്തോലന്മാരുടെ മുൻപിൽ ഈശോ രൂപാന്തരപ്പെട്ട് തന്റെ സ്വർഗ്ഗീയ മഹത്വം വെളിപ്പെടുത്തിയ പുണ്യമലയാണ് താബോർ. വി. മത്തായി 17/1–8, മർക്കോസ് 9/2–10. താബോർ മലയുടെ അടിവാരം വരെ ബസ്സിന് പോകണം. മലമുകളിലേക്ക് പോകുന്നത് പ്രത്യേകം തയ്യാറാക്കിയിട്ടുള്ള ടാക്സി കാറുകളിലാണ്. 30 ച. കിലോ മീറ്റ‌റോളം വരുന്ന മലമുകളിലെ വിശാലമായ മുകൾ പരപ്പിൽ നിന്നും താഴേക്ക് ചുറ്റുപാടും നോക്കിയാലുണ്ടാവുന്ന കാഴ്ച്ച വളരെയേറെ ഹൃദയകാരിയാണ്.

ഈശോയുടെ രൂപാന്തരീകരണ സംഭവത്തിന്റെ വിവരണത്തിൽ സുവിശേഷങ്ങളിൽ ഒന്നിലും ഈശോ രൂപാന്തരപ്പെട്ട മല താബോർ ആണെന്ന് പറയുന്നില്ല. എങ്കിലും അപ്പസ്തോലിക കാലം മുതലുള്ള സഭയുടെ പാരമ്പര്യ വിശ്വാസമനുസരിച്ച് ഈശോ രൂപാന്തരപ്പെട്ടത് താബോർ മലയിലാണെന്നതിന് സംശയമില്ല. മാത്രമല്ല രൂപാന്തരീകരണത്തിന് സാക്ഷികളായ മൂന്ന് അപ്പസ്തോലന്മാരുടെ സാക്ഷ്യവും സഭയ്ക്കുണ്ടല്ലോ. പാരമ്പര്യ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ആരംഭകാലം മുതലേ, താബോർ മലയുടെ മുകളിൽ പള്ളികളും സന്യാസാശ്രമങ്ങളും ദൈവാലയങ്ങളുമെല്ലാം തകർന്നുകിടക്കുന്ന അവശിഷ്ടങ്ങളും ഇന്നും കാണാം. അവയോടൊപ്പം 17–ാം നൂറ്റാണ്ടിൽ ഫ്രാൻസിസ്ക്കൻ സഭയും ഈ മലമുകളിൽ പള്ളികളും ആശ്രമങ്ങളും പുനരുദ്ധരിച്ച് നിർമ്മിച്ചു. ഈശോ രൂപാന്തപ്പെട്ട സ്ഥാനത്ത് 3 ഗോപുരങ്ങളുടെ രൂപത്തിൽ പണമുതുയർത്തിയിരിക്കുന്ന ദൈവാലയവും അതി മനോഹരമാണ്. "ഗുരോ നാം ഇവിടെ ആയിരിക്കുന്നത് നല്ലതാണ്. ഞങ്ങൾ മൂന്ന് കൂടാരങ്ങൾ ഉണ്ടാകാം ഒന്ന് നിനക്ക്, ഒന്ന് മോശയ്ക്ക്, ഒന്ന് ഏലിയായ്ക്ക്" എന്നു പത്രോസിന്റെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലാണ്. 3 ഗോപുരങ്ങളോടുകൂടിയ ഈ ദൈവാലയം പണിയപ്പെട്ടിരിക്കുന്നത് ബസലിക്കയുടെ മദ്ധ്യഭാഗം യേശുവിനും വലത് വശത്തെ ഗോപുരവും ചാപ്പലും. ഏലിയായക്കും ഇടത് വശത്തെ ഗോപുരവും ചാപ്പലും, മൂശയ്ക്കും പ്രതിഷ്ഠിതമാണ്. ബസിലിക്കയുടെ ഉള്ളിൽ പ്രധാന അൾത്താരയുടെ മുൻവശത്ത് ഈശോ രൂപാന്തപ്പെട്ട പാറയുടെ ഭാഗം കാണാം. തൊട്ട് വന്ദിക്കാം, ശിരസ് നമിച്ചു ചുബിക്കാം. ഈശോയുടെ പാദസ്പർശനമേറ്റ ആ പാറ ചുംബിക്കുമ്പോൾ എന്തെന്നില്ലാത്ത ഒരു ആത്മീയ നിർവൃതിയാണ് അനുഭവപ്പെടുക. ബസലിക്കയിൽ ബലിയർപ്പിച്ചു പ്രാർത്ഥിക്കുമ്പോൾ, പത്രോസ് പറഞ്ഞത് എത്രയോ വാസ്തവമാണെന്ന് ആർക്കും അനുഭവപ്പെടും. "കർത്താവേ നാം ഇവിടെയായിരിക്കുന്നത് എത്രയോ നല്ലത്താണ്."

താബോർ മലമുകളിൽ വച്ച്, ഈശോയുടെ സ്വർഗീയ മഹത്വം ദർശിച്ച അപ്പസ്തോലന്മാരെപ്പോലെ ഈശോയുടെ മഹത്വപൂർണ്ണമായ രണ്ടാമത്തെ ആഗമനത്തിന്റെ മഹത്വം ദർശിക്കുവാനും, ലയിച്ച് ചേരുവാനും ഇടവരുത്തണമെയെന്ന പ്രാർത്ഥനയാണ് മലമുകളിൽ നിന്ന് താഴേക്ക് ഇറങ്ങിപ്പോരുന്ന നിമിഷങ്ങളിൽ ഓരോ തീർത്ഥാടകന്റെയും ഹൃദയത്തിൽ ഉയരുക.

ഉപകാരസ്മരണ



സിസിലി വർക്കി, പലോലിൽ
വിലങ്ങാട്

ഉപകാരസ്മരണ



പരിശുദ്ധാത്മാവിനോട്
പ്രാർത്ഥിച്ചതിന്റെയും
തിരുരക്ത സംരക്ഷണ
പ്രാർത്ഥന ചൊല്ലിയതിന്റെയും
ഫലമായി ഉദ്ദിഷ്ടകാര്യം
സാധിച്ചതിന്
ഉപകാര സ്മരണ

ജോൽസന ജോൺ
മൂലക്കാട്ട്, നരിനട

ഉപകാരസ്മരണ



ഒരു വിശ്വാസി, കൂടരഞ്ഞി

ഉപകാരസ്മരണ



ഒരു വിശ്വാസി, തേഞ്ഞിപ്പലം

# കുഞ്ഞുമാലാഖ കഥപറയുമ്പോൾ

സിസ്റ്റർ ടെൽന SABS

ഈശോയുടെ കുഞ്ഞുമക്കളെ. ഇന്നു മുതൽ നിങ്ങളോടൊപ്പം ഒരു കുഞ്ഞുമാലാഖയും ഉണ്ട് കേട്ടോ. കുഞ്ഞുമാലാഖ നിങ്ങൾക്ക് ഒരു നല്ല കഥയുമായിട്ടാണ് വന്നിരിക്കുന്നത്. ആരുടെ കഥയാണ് ഇതെന്നറിയേണ്ടേ? പറയാട്ടോ, ആദ്യം കഥ കേട്ടോളൂ.

ഒരിക്കൽ ഒരു കാട്ടിലൂടെ ദിവ്യനായ ഒരു മനുഷ്യനും അദ്ദേഹത്തിന്റെ കൂട്ടുകാരനും കൂടി നടന്നുപോവുകയാണ്. കുറേ ദൂരം ചെന്നപ്പോൾ അദ്ദേഹം ഒരു കാഴ്ച്ച കണ്ടു. ആരോ ഒരുക്കി വച്ചിരിക്കുന്ന കെണിയിൽ കുടുങ്ങിക്കിടക്കുന്ന ഒരു പാവം മുയൽക്കുട്ടൻ. അതിനെ കണ്ടപ്പോൾ അദ്ദേഹത്തിന് വലിയ വിഷമമായി. എന്തു ചെയ്തെന്നോ? അദ്ദേഹം ആ കൂട് തുറന്ന് മുയൽകുട്ടനെ സ്വതന്ത്ര്യനാക്കി, എന്നിട്ട് അതിനെ കരങ്ങളിലെടുത്ത് തലോടിയ ശേഷം, "നീ നിന്റെ വീട്ടുകാരോടൊപ്പം പോയി സുഖമായി ജീവിച്ചുകൊള്ളൂ" എന്ന് പറഞ്ഞ് അതിനെ താഴേക്കുവിട്ടു. ഇരുവരും യാത്ര തുടർന്നു. കൂറച്ചു ദൂരം ചെന്ന് തിരിഞ്ഞു നോക്കിയപ്പോഴാണ് കണ്ടത് മുയൽക്കുട്ടൻ അവരുടെ പിന്നാലെ വരുന്നത്. അദ്ദേഹം വീണ്ടും അതിനെ കരങ്ങളിലെടുത്ത് "നീ നിന്റെ വീട്ടുകാരോടൊപ്പം പെയ്ക്കൊള്ളൂ..." എന്ന് പറഞ്ഞ് വിട്ടയച്ചു. പക്ഷേ മുയൽക്കുട്ടൻ വീണ്ടും അവരെ പിന്തുടർന്നു. കുറച്ചു ദൂരം ചെന്നപ്പോഴാണ് അദ്ദേഹം ഇതറിഞ്ഞത്. അവനെ കരങ്ങളിലെടുത്ത് തന്നോട് ചേർത്തുപിടിച്ച് തലോടിയ ശേഷം അവനെ ഉൾക്കാട്ടിലേക്ക് തന്നെ പറഞ്ഞയച്ചു. കൂട്ടുകാരേ, ആരായിരുന്നു ആ പ്രകൃതി സ്നേഹി എന്നറിയുമോ? പ്രപഞ്ചത്തിലെ എല്ലാ ജീവജാലങ്ങളെയും തന്റെ സഹോദരീസഹോദരന്മാരായി കണ്ട് സ്നേഹിച്ച വിശുദ്ധ ഫ്രാൻസിസ് അസ്സീസ്സിയായിരുന്നു ആ ദിവ്യൻ. അസ്സീസ്സിയെപ്പോലെ നമുക്കും പ്രപഞ്ചത്തെ സ്നേഹിക്കാം. കാരണം എല്ലാം നമ്മുടെ ദൈവത്തിന്റെ സൃഷ്ടികളല്ലേ... ഇനി മാലാഖ രണ്ട് ചോദ്യം ചോദിക്കട്ടെ, കൂട്ടുകാർ ഉത്തരം പറയുമോ?

*1. ഏത് വിശുദ്ധനെയാണ് ഇന്നത്തെ കഥയിൽ നം പരിചയപ്പെട്ടത്.?*
*2. ഇന്നത്തെ കഥ നമുക്ക് നൽകുന്ന സന്ദേശമെന്താണ്?*



# ക്വിസ് കോർണർ 2023

*നവംബർ – ഡിസംബർ ലക്കം വിജയികളായവർ:*

● ഒന്നാം സമ്മാനം, 1000 രൂപ
**ഏലിയാമ്മ മാത്യു**
കണ്ടത്തിൽ, കക്കാടംപൊയിൽ

● രണ്ടാം സമ്മാനം, 500 രൂപ
**മോളി ജോർജ്**
കിഴക്കരക്കാട്ട്, തലയാട്

● മൂന്നാം സമ്മാനം, 250 രൂപ
**ഷാനറ്റ് ജോസഫ്**
പതുപ്പള്ളിൽ, മരുതോങ്കര

ഉത്തരങ്ങൾ അയയ്ക്കേണ്ട
വാട്സാപ്പ് നമ്പർ
**9744 99 5553**

സമ്മാനങ്ങൾ സ്പോൺസർ ചെയ്യുന്നത്
**ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

## 2023 ജനുവരി – ഫെബ്രുവരി ലക്കം ചോദ്യങ്ങൾ

**ഈ ലക്കത്തിൽ നിന്നുമാണ് ചോദ്യങ്ങൾ തയ്യാറാക്കിയിരിക്കുന്നത്**

1. വിജയിച്ച കുടിയേറ്റ ചരിത്രങ്ങളൊക്കെയും എന്തായിരുന്നു?
2. 'പരിശോധിക്കപ്പെടാത്ത ജീവിതം ജീവിക്കാൻ യോഗ്യമല്ല' എന്ന് പറഞ്ഞത് ആര്?
3. മുൻവിധികളുടെ വേലിക്കെട്ടുകളെ ഗാന്ധിജി പൊളിച്ചെറിഞ്ഞത് എന്ത് ആയുധം കൊണ്ടാണ്?
4. പടത്തുകടവ് മുല്ലയിൽ ബിജു ജോർജ് വികസിപ്പിച്ചെടുത്ത മൾട്ടി പർപ്പസ് ലിക്വിഡ് ഡിറ്റർജെന്റിന്റെ പേര് എന്ത്?
5. ബെനെദേത്തോ സാന്തോ സൂബിത്തോ എന്നതിന്റെ അർത്ഥമെന്ത്?
6. സഭയുടെ പാരമ്പര്യങ്ങളുടെ അടിസ്ഥാനം എന്തെന്നാണ് ബെനഡിക്ട് പാപ്പ പഠിപ്പിച്ചത്?
7. സംവരണം എന്ന ആശയം ഇന്ത്യയിൽ നടപ്പിലാക്കാൻ പ്രധാന പങ്കുവഹിച്ചത് ആരാണ്?
8. നിലവിലെ സംവരണപ്രകാരം ജനറൽ മെറിറ്റിൽ അവശേഷിക്കുന്നത് എത്ര ശതമാനം സീറ്റുകളാണ്?
9. 2023ലെ രൂപതാതല ലോഗോസ് മത്സരം എന്നാണ്?
10. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം നൽകുന്നതിനുള്ള കേന്ദ്ര സർക്കാർ സംവിധാനം ഏത്?

**ഉത്തരങ്ങൾ 2023 ഫെബ്രുവരി 25 ന് മുമ്പ് ലഭിക്കണം**

### നവംബർ – ഡിസംബർ ലക്കം ഉത്തരങ്ങൾ

1. ഫിൻലന്റ്, ഡെൻമാർക്ക്, നോർവേ 2. എൻഡിപിസി 3. വിമുക്തി 4. എംഡിഎംഎ 5. സ്വഭാവ പെരുമാറ്റ ലക്ഷണങ്ങൾ 6. യൂറോപ്പ് ഒരു വിസ്മയം 7. നാക്ക് 8. അഡോൾഫ് ലോറൻസ് 9. കഫർണാം 10. സജീവം

### പൊതുനിർദ്ദേശങ്ങൾ

● പേജിന്റെ വലതു വശത്ത് നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരങ്ങൾ എഴുതി, പേരും വിലാസവും രേഖപ്പെടുത്തി അയയ്ക്കേണ്ടതാണ്.
● വാട്സാപ്പിലൂടെ ഉത്തരങ്ങൾ അയയ്ക്കുന്നവർ ഉത്തരങ്ങൾ രേഖപ്പെടുത്തിയ ക്വിസ് കോർണർ ഭാഗം മാത്രം ഫോട്ടോ എടുത്തോ സ്കാൻ ചെയ്തോ അയയ്ക്കണം. ഉത്തരങ്ങൾ വായിച്ചെടുക്കാൻ പാകത്തിനു വേണം ഫോട്ടോയെടുത്ത് അയയ്ക്കാൻ. അവ്യക്തമായ ഉത്തരങ്ങളുള്ളവ പരിഗണിക്കില്ല.
● പേപ്പറുകളിൽ എഴുതിയോ വാട്സാപ്പിൽ ടൈപ്പ് ചെയ്തോ അയയ്ക്കുന്ന ഉത്തരങ്ങൾ മത്സരത്തിനായി പരിഗണിക്കുന്നതല്ല.
● **വിലാസം: എഡിറ്റർ, മലബാർ വിഷൻ, പിഎംഒസി, മേരിക്കുന്ന് പിഒ, കോഴിക്കോട് 673012.** ● സംശയങ്ങൾക്ക് വിളിക്കുക: **97 44 99 5553**

ഇവിടെ മുറിക്കുക

**ഉത്തരങ്ങൾ ഇവിടെ എഴുതുക**

1
2
3
4
5
6
7
8
9
10

പേര്: ..............................

വീട്ടുപേര്: ..............................

ഇടവക: ..............................

ഫോൺ: ..............................

**മലബാർ വിഷൻ മാട്രിമോണിയൽ**

വധുവിനെ അന്വേഷിക്കുന്നു

● താമരശ്ശേരി രൂപത RC യുവാവ്, 29 വയസ്, 180 cm ഉയരം, Degree, മിലിട്ടറി, അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 8943906001

വിവാഹ പരസ്യങ്ങൾ നൽകാം...

മാട്രിമോണിയൽ കോളത്തിൽ പരസ്യം നൽകാൻ 97 44 99 555 3 എന്ന നമ്പറിൽ വിളിക്കുക

**75–ാം വിവാഹ വാർഷികം**
16-02-2023



**ആഗസ്തി & ഏലിക്കുട്ടി**
ചെരിയംപുറത്ത്
ആശംസകളോടെ, സെന്റ് ജോസഫ് വാർഡ്, സെന്റ് ആന്റണീസ് ചർച്ച്, ചക്കിട്ടപ്പാറ

**40–ാം വിവാഹ വാർഷികം**
26-01-2023



**വിജയകുമാർ & ലൂസി**
ചെറുപിള്ളേട്ട്, ചക്കിട്ടപാറ
പ്രാർത്ഥനാശംസകളോടെ കുടുംബാംഗങ്ങൾ

# ക്രൈസ്തവ സമുദായം നേരിടുന്ന വെല്ലുവിളികൾ



ചിന്തയും ചർച്ചയും
ഫാ. സബിൻ തൂമുള്ളിൽ



കേരള ക്രൈസ്തവ സമുദായത്തിന്റെ യഥാർത്ഥ അവസ്ഥയെക്കുറിച്ച് സമുദായ അംഗങ്ങളിൽ പലർക്കും കാര്യമായ ഗ്രാഹ്യമൊന്നുമില്ല. കേരള ജനസംഖ്യയിൽ ഇപ്പോഴും രണ്ടാം സ്ഥാനം ക്രൈസ്തവർക്കാണെന്ന മിഥ്യാധാരണ പുലർത്തുന്നവർ ധാരാളമുണ്ട്. അതുപോലെ സർക്കാർതലത്തിൽ ഈ സമുദായം നേരിടുന്ന അനീതികളെയും വിവേചനങ്ങളെയും കുറിച്ചും പലർക്കും വലിയ ധാരണയുമില്ല. ന്യൂനപക്ഷ അവകാശങ്ങൾ എന്നു പറഞ്ഞാൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താനുള്ള അവകാശം മാത്രമാണെന്നാണ് പലരും കരുതുന്നത്. എന്നാൽ ഓരോ ന്യൂനപക്ഷ സമുദായാംഗത്തിനും ലഭിക്കേണ്ട ആനുകൂല്യങ്ങളും അവകാശങ്ങളും കൂടി ഇതിൽ ഉൾപ്പെടുന്നു.

വാസ്തവത്തിൽ എല്ലാത്തരത്തിലും പിന്നോക്കം പോയിക്കൊണ്ടിരിക്കുന്ന ഒരു സമുദായമാണ് നമ്മുടേത്. കേരള ക്രൈസ്തവരുടെ പിന്നോക്കാവസ്ഥയെ കുറിച്ച് പഠിക്കുന്ന ജെ ബി കോശി കമ്മീഷനു മുൻപിൽ സമർപ്പിച്ച രൂപതയുടെ റിപ്പോർട്ടിൽ ഈ സമുദായം അനുഭവിക്കുന്ന പ്രതിസന്ധികൾ എന്തെല്ലാമാണെന്ന് വ്യക്തമായി മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. നയനഗോചരമല്ലാത്ത ദാരിദ്ര്യവസ്ഥ (Invisible Poverty) യിലൂടെയാണ് നമ്മൾ കടന്നു പോകുന്നത്. അതിനാൽ സമുദായത്തിന്റെ അവസ്ഥയെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും വിവിധ തലങ്ങളിൽ നേരിട്ടുകൊണ്ടിരിക്കുന്ന അനീതികളെക്കുറിച്ചും വ്യക്തമായ ബോധവൽക്കരണം നടത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

## കുറയുന്ന ജനസംഖ്യാനുപാതം

കേരള സംസ്ഥാന രൂപീകരണ സമയത്ത് ക്രൈസ്തവർ ഇവിടുത്തെ രണ്ടാമത്തെതും പ്രബലവുമായ സമുദായമായിരുന്നു. 1970 കൾ ഉൾപ്പെടെ ഇവിടെ ജനസംഖ്യയിൽ വർധനവുായിരുന്നുവെങ്കിലും പിന്നീട് നമ്മുടെ അനുപാതം ഗണ്യമായി താഴേക്ക് പോയി. 2001 ലെ സെൻസസ് പ്രകാരം കേരളത്തിലെ ക്രൈസ്തവർ 19.05% ആയിരുന്നു. എന്നാൽ 2011 – ലെ സെൻസസ് പ്രകാരം ഇത് 18.38% കുറഞ്ഞിരിക്കുന്നു. 2001 –നും 2011 –നും ഇടയിലെ 10 വർഷങ്ങൾ കൊണ്ട് ഇവിടുത്തെ ഹിന്ദുക്കളുടെ എണ്ണം 3,62,000 വും മുസ്ലീങ്ങളുടെ എണ്ണം 10,10,000 വും കൂടിയപ്പോൾ ക്രിസ്ത്യാനികളുടെ എണ്ണം കൂടിയത് വെറും 84000 മാത്രമാണ്. 2011 –ലെ സെൻസസ് പ്രകാരം കേരളത്തിലെ ആകെ ക്രൈസ്തവരുടെ എണ്ണം 61.4 ലക്ഷമാണ്. അതിൽ സീറോ മലബാർ സഭാംഗങ്ങളുടെ എണ്ണം 23.4 ലക്ഷവും.

## കുറയുന്ന ജനന നിരക്ക്

ഓരോ വർഷവും ക്രൈസ്തവരുടെ ജനനനിരക്കും കുറഞ്ഞു വരികയാണ്. കേരളത്തിൽ 2016 ൽ ആകെ ജനിച്ച കുട്ടികളിൽ 15.3% വും, 2017 –ൽ 14.96% വും മാത്രമാണ് ക്രൈസ്തവർ, അമ്മമാരുടെ പ്രായത്തിലും ഏറ്റവും ഉയർന്ന ശരാശരി ക്രൈസ്തവരുടേതാണ്. വന്ധ്യത നേരിടുന്നവരുടെ എണ്ണവും കൂടിവരുന്നു. കാര്യങ്ങൾ ഇങ്ങനെ മുന്നോട്ടു പോയാൽ വരും വർഷങ്ങളിലെ കണക്കെടുപ്പുകളിൽ ക്രൈസ്തവരുടെ നില ദയനീയമായിരിക്കും.

2017 ലെ ജനനനിരക്ക് പ്രകാരം മുസ്ലിം ജനനനിരക്ക് 43%വും, ഹിന്ദു ജനനനിരക്ക് 41.7% വും, ക്രിസ്ത്യൻ ജനന നിരക്ക് വെറും 14.96% വുമാണ്. ക്രിസ്ത്യൻ സമുദായത്തിന്റെ നിലനിൽപ്പ് അപകടത്തിൽ ആകുന്ന സാഹചര്യ ത്തിലാണ് നിലവിൽ നാം ഉള്ളത്. ഇതിന്റെ ഭീകരത വ്യക്തമാക്കുന്ന മറ്റൊരു കണക്കാണ് ക്രൈസ്തവരിൽ കണ്ടുവരുന്ന ഉയർന്ന മരണനിരക്കും കുറഞ്ഞ ജനന നിരക്കും. 2022 ലെ കണക്ക് അനുസരിച്ച് ക്രിസ്ത്യാനികളുടെ ജനന നിരക്ക് 12% വും മരണ നിരക്ക് 22%വും ആകാനാണ് സാധ്യത എന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു.

## അവിവാഹിതരുടെ എണ്ണം

കേരള ക്രൈസ്തവ സമൂഹത്തിൽ 30 വയസ്സിനു മുകളിൽ പ്രായം ആയിട്ടും വിവാഹം കഴിക്കാത്ത പുരുഷന്മാരുടെ എണ്ണം കൂടി വരികയാണ്. എന്നാൽ സ്ത്രീകളുടെ കാര്യത്തിൽ ഈ അവസ്ഥ അത്ര പ്രകടമല്ല. കുടുംബങ്ങളുടെ പിന്തുടർച്ച നഷ്ടപ്പെട്ടുപോകുന്നു, തലമുറകൾ തമ്മിലുള്ള അന്തരം വർദ്ധിക്കുന്നു, ജനസംഖ്യയിൽ ഗണ്യമായ കുറവിന് ഇടയാക്കുന്നു തുടങ്ങിയ ഒത്തിരിയേറെ സാമൂഹിക വൈകാരിക പ്രശ്നങ്ങൾക്ക് ഇത് കാരണമാകുന്നുണ്ട്. പെൺകുട്ടികൾ ഉയർന്ന നിലവാരത്തിലുള്ള ബന്ധങ്ങളെക്കുറിച്ച് ചിന്തിക്കുന്നതും പുരുഷൻമാരുടെ തൊഴിലില്ലായ്മയുമാണ് ഇതിനു പ്രധാനകാരണം.

## തൊഴിലില്ലായ്മ

തൊഴിലില്ലായ്മ ഏറ്റവും രൂക്ഷമായ സംസ്ഥാനമായി കേരളം ഇന്ന് മാറിക്കൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ രാജ്യത്ത് മൂന്നാം സ്ഥാനത്താണ് കേരളം. തൊഴിലില്ലായ്മയുടെ ദേശീയ ശരാശരി 6% മാത്രം ആകുമ്പോൾ കേരളത്തിൽ അത് 10.67% ആണ്. ഇതിൽ തന്നെ ഏറ്റവും അധികം തൊഴിലില്ലായ്മ നിലനിൽക്കുന്നത് ക്രൈസ്തവരുടെ ഇടയിൽ ആണെന്നത് കേന്ദ്ര ന്യൂനപക്ഷക്ഷേമ വകുപ്പ് മന്ത്രി പാർലമെന്റിൽ പ്രസ്താവിച്ച കാര്യമാണ്. തൊഴിൽ ഉള്ളവരിൽ പലർക്കും വിദ്യാഭ്യാസത്തിന് അനുസൃതമായ തൊഴിൽ ലഭിക്കുന്നില്ല എന്നത് മറ്റൊരു പ്രശ്നമാണ്.

താമരശ്ശേരി രൂപത നടത്തിയ കമ്മ്യുണിറ്റി സർവ്വേ പ്രകാരം രൂപതയിലെ 21452 വിദ്യാർത്ഥികൾ സാമ്പത്തിക പ്രതിസന്ധി മൂലം പഠനം നിർത്തേണ്ടി വന്നിട്ടുള്ളവരാണ്. 16% കുടുംബങ്ങൾ താത്കാലിക തൊഴിലാളികൾ ആണ്. 3.2% ആളുകൾ വിദ്യാസമ്പന്നരായ തൊഴിൽ രഹിതരാണ്. രൂപതയിൽ 33% അംഗങ്ങൾക്ക് മാത്രമാണ് സ്ഥിര വരുമാനം നൽകുന്ന തൊഴിൽ ഉള്ളത്. ഗവൺമെന്റ് ജോലികളിലോ, മറ്റു പ്രൈവറ്റ് സെക്ടറിലോ ജോലി ചെയ്തു വരുമാനം ഉണ്ടാക്കുന്ന കുടുംബ നാഥന്മാർ താരതമ്യേന കുറവാണ്.

## സർക്കാർ ജീവനക്കാരുടെ ഗണ്യമായ കുറവ്

കേന്ദ്ര–സംസ്ഥാന ഗവൺമെന്റ് ജോലികളിൽ ക്രിസ്ത്യൻ പ്രാധിനിധ്യ ത്തിന്റെ ശോചനീയമായ അവസ്ഥ സർവേയിൽ വളരെ വ്യക്തമാണ്. സർക്കാർ – അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ രൂപതയിൽ നിന്ന് കേവലം 6% മാത്രമാണ് ജോലി ചെയ്യുന്നത്. കമ്മ്യുണിറ്റി സർവ്വേ പ്രകാരം, രൂപതയിലെ കോർപ്പറേറ്റ് എജ്യുക്കേഷൻ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ അധ്യാപക – അനധ്യാപക തസ്തികകളിലായി 1131 രൂപത അംഗങ്ങൾ ജോലി ചെയ്യുന്നു. അതായത്, രൂപതയിലെ കോർപ്പറേറ്റ് സ്കൂളുകളിൽ ആകെയുള്ള തസ്തികകളിൽ 89% തസ്തികകളിലും രൂപത അംഗങ്ങളായ ക്രൈസ്തവർ ജോലി ചെയ്യുന്നു എന്നത് മാത്രമാണ് ഇത്ര എങ്കിലും സർക്കാർ ജീവനക്കാർ രൂപതയിൽ ഉണ്ടാകാനുള്ള ഒരു പ്രധാന കാരണം.

താരതമ്യേന മികച്ച വിദ്യാഭ്യാസം നൽകാൻ ക്രൈസ്തവ മാതാപിതാക്കൾക്ക് പ്രത്യേകമായ താത്പര്യം ഉണ്ടെങ്കിലും മികച്ച ജോലി കണ്ടെത്താൻ പഠനം പൂർത്തികരിച്ചവർക്ക് സാധിക്കുന്നില്ല എന്നത് സമുദായത്തിന്റെ സാമ്പത്തിക വളർച്ചയെ കാര്യമായി ബാധിക്കുന്നുണ്ട്. പാരമ്പര്യമായി നമ്മുടെ സമൂഹത്തിലുള്ള ചില കീഴ്വഴക്കങ്ങൾ മികച്ച ജോലി നേടുന്നതിൽ നിന്ന് നമ്മുടെ പുതിയ തലമുറയെ തടസ്സപ്പെടുത്തുന്നുണ്ട്. അതിൽ ഒന്ന് അതിരുകവിഞ്ഞ അഭിമാന ബോധമാണ്. പഠനം പൂർത്തീകരിച്ച ഉടനെ കുറഞ്ഞ ശമ്പളത്തിൽ ജോലി ചെയ്യാൻ നമ്മുടെ ഉദ്യോഗാർത്ഥികൾ വിമുഖത കാണിക്കുന്നു. എന്നാൽ, ഓരോ ജോലിയും ഉദ്യോഗാർത്ഥികൾക്ക് നൽകുന്ന എക്സ്പീരിയൻസ് കൂടുതൽ മെച്ചപ്പെട്ട ജോലികൾ ലഭിക്കുന്നതിന് സഹായകരമാണ് എന്നത് പലരും ചിന്തിക്കുന്നില്ല.

കേരളത്തിൽ തൊഴിൽ അവസരങ്ങൾ കുറയുന്നതും, EWS (Economically Weaker Sections) സംവരണം വേണ്ടരീതിയിൽ വിനിയോഗിക്കാത്തതും, സർക്കാർ ജോലി ലക്ഷ്യം വച്ച് പരിശീലനത്തിൽ ഏർപ്പെടാത്തതും, ജോലിക്ക് ആവശ്യമായ മറ്റ് ആഡ്ഓൺ കോഴ്സുകൾ ചെയ്യാൻ ശ്രമിക്കാത്തതും, സർക്കാർ സംവിധാനങ്ങളിൽ അഴിമതി നിറയുന്നതും, മറ്റ് സമുദായങ്ങൾ കൂടുതൽ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതും, സർക്കാർ ജോലികളിൽ നിന്ന് ക്രൈസ്തവർ പുറന്തള്ളപ്പെടുന്നതിന് കാരണമാണ്.

## പ്രവാസി വൽക്കരണം

ഏറ്റവുമധികം പ്രവാസിവൽക്കരിക്കപ്പെട്ട് കൊണ്ടിരിക്കുന്ന സമൂഹമാണ് ക്രൈസ്തവരുടെത്. 2018 ൽ 34.17 ലക്ഷം പ്രവാസികളാണ് കേരളത്തിൽ നിന്നുള്ളത് എന്നാണ് കണക്ക്. ഇതു കേരള ജനസംഖ്യയുടെ ഏതാണ്ട് 10% വരും; ഇതിൽ ഏറിയ പങ്കും യുവജനങ്ങളാണ്. സംവരണമോ, മറ്റ് തൊഴിൽ ആനുകൂല്യങ്ങളോ ഇല്ലാത്തത് മൂലം ക്രൈസ്തവ യുവജനങ്ങളിൽ ഏറിയപങ്കും കേരളത്തിന് പുറത്താണ്. പാശ്ചാത്യരാജ്യങ്ങളിൽ കുടിയേറുന്നവർ അവിടെ സ്ഥിരതാമസമാക്കുകയാണ്. ഇങ്ങനെ ഉന്നത ബൗദ്ധിക നിലവാരം പുലർത്തുന്നവരുടെ കുടിയേറ്റങ്ങൾ ഈ സമുദായത്തിന്റെ ബൗദ്ധിക ശോഷണത്തിന് കാരണമാകുന്നു.

സ്വന്തം നാട്ടിൽ ജോലി ലഭിക്കാത്തതിനാൽ ഗൾഫ് നാടുകളിൽ തൊഴിൽ അന്വേഷിച്ചെത്തുന്ന വളരെ പേർ അവിടെ തൊഴിൽ ചൂഷണങ്ങൾക്ക് വിധേയരാകുന്നുണ്ട്. ഗൾഫ് രാജ്യങ്ങളിലെ പ്രതിസന്ധികൾ മൂലം പലരും തൊഴിൽ സുരക്ഷിതത്വം ഇല്ലാതെ അരക്ഷിതാവസ്ഥയിൽ കഴിയുന്നവരാണ്. മാത്രമല്ല കുടുംബത്തിൽ നിന്ന് അകന്നു നിൽക്കുന്നതിനാൽ ഇവർ ധാരാളം മാനസിക വൈകാരിക പ്രശ്നങ്ങൾ നേരിടുന്നവരുമുണ്ട്. ക്രൈസ്തവർ വൻതോതിൽ പ്രവാസികളാക്കപ്പെടുന്നതിനാൽ ഭാരതീയവും പൗരസ്ത്യവുമായ ക്രൈസ്തവ പൈതൃകത്തിനും ശോഷണം സംഭവിക്കുന്നു.

ഗൾഫ്, ഓസ്ട്രേലിയ, യൂറോപ്യൻ രാജ്യങ്ങൾ, ബ്രിട്ടൻ, കാനഡ, അമേരിക്ക എന്നിവിടങ്ങളിൽ പഠനത്തോടൊപ്പം ജോലി ചെയ്യുന്ന ധാരാളം യുവജനങ്ങൾ നിലവിലുണ്ട്. രൂപതയിൽ നിന്ന് തൊഴിൽ തേടി വിദേശത്ത് പോയിരിക്കുന്നവർ 6398 പേരാണ്. വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി വിദേശത്ത് പോയിരിക്കുന്നവർ 2066 പേരാണ്. അതൊടൊപ്പം 3983 കുടുംബാംഗങ്ങൾ ഇതരരാജ്യങ്ങളിലേക്ക് കുടിയേറി പാർത്ത് അവിടെ കുടുംബമായി താമസിക്കുന്നു. അതോടൊപ്പം വിദേശ തൊഴിൽ നഷ്ടം സംഭവിച്ച 1367 പേർ കണക്കനുസരിച്ച് രൂപതയിലുണ്ട്.

15–ാം പേജിൽ തുടരും ▸

# തുടരുന്ന പ്രതിസന്ധികൾ

14-ാം പേജിൽ നിന്ന് തുടർച്ച

ക്രൈസ്തവരുടെ പ്രധാന വരുമാന മാർഗമായ കാർഷിക മേഖല ഗുരുതര പ്രതിസന്ധിയയിലാണ്. 2013 മുതൽ തുടരുന്ന റബർ വിലയിടിവ് പല ക്രൈസ്തവ കുടുംബങ്ങളെയും സാമ്പത്തികമായി തളർത്തി. സുഗന്ധവ്യഞ്ജനങ്ങളുടെയും നാണ്യവിളകളുടെയും അവസ്ഥയും ഇതു തന്നെയാണ്. പ്രളയവും പ്രകൃതിക്ഷോഭവും വ്യാപകമായ കൃഷി നാശം ഉണ്ടാക്കി. ഗാഡ്ഗിൽ - കസ്തൂരിരംഗൻ പ്രശ്നങ്ങൾ അവരുടെ ഭൂമി വിൽപ്പന പോലും പ്രതിസന്ധിയിലാക്കിയിരിക്കുന്നു. വന്യമൃഗങ്ങളുടെ രൂക്ഷമായ ശല്യം മൂലം കുടിയേറ്റ മേഖലകളിൽ ഉള്ളവർക്ക് കൃഷി ചെയ്യാൻ സാധിക്കാത്ത അവസ്ഥയാണ് ഉള്ളത്. വന്യജീവി സംരക്ഷണ നിയമം മൂലം വന്യജീവികൾ ക്രമാതീതമായി വർധിച്ചുവരികയാണ്. കൂടാതെ പണിക്കൂലി വർധിച്ചതും രാസവളങ്ങളുടെയും കീടനാശിനികളുടെയും വില വർദ്ധിച്ചതും സബ്സിഡികളും മറ്റ് ആനുകൂല്യങ്ങളും നിർത്തലാക്കപ്പെട്ടതും കൃഷിയെ ഒട്ടും ആദായകരമല്ലാതാക്കി മാറ്റി.

കമ്മ്യൂണിറ്റി സർവേ പ്രകാരം രൂപതയിലെ 71% കുടുംബങ്ങളും കൃഷിയെ ആശ്രയിച്ച് കഴിയുന്നവരാണ്. കാർഷികവൃത്തിയിൽ ഏർപ്പെട്ടിട്ടും കൃഷി ഇൻഷുറൻസ് ഇല്ലാത്തവരാണ് ഏറെയും. 469 കർഷകർക്ക് മാത്രമാണ് ഇൻഷുറൻസ് പരിരക്ഷയുള്ളത്. 14920 കർഷകർ ഇൻഷുറൻസ് എടുത്തിട്ടില്ല. 6759 കുടുംബങ്ങൾ കൃഷി അനുബന്ധമായ കടക്കെണിയിൽ അകപ്പെട്ടിട്ടുള്ളവരാണ്. രൂപതയിലെ ആകെ കർഷകരിൽ 42% കർഷകരും കടക്കെണിയിൽ പെട്ടിരിക്കുന്നവരായി സർവ്വേ തെളിയിക്കുന്നു.


## കടബാധ്യതകൾ

കടത്തിന്റെ മേൽ കടവുമായി നീങ്ങുന്ന ഒരു സമുദായമാണ് കേരള ക്രൈസ്തവർ. ദേശസാത്കൃത ബാങ്കുകളിൽ നിന്ന് എന്നതിനേക്കാൾ സ്വകാര്യ ബാങ്കുകളിൽ നിന്ന് അമിത പലിശക്ക് ലോൺ എടുക്കുന്നവരാണ് അധികവും. ജനസംഖ്യയിൽ 18.38% ത്തിൽ താഴെ മാത്രമുള്ള ക്രിസ്ത്യാനികളാണ് സ്വകാര്യ ബാങ്ക് ലോണുകളുടെ 30% ത്തിൽ അധികവും എടുത്തിരിക്കുന്നത്. വിദ്യാഭ്യാസ ലോൺ എടുത്ത പലരും ജോലികൾ ലഭിക്കാത്തത് മൂലം അവ അടച്ചു തീർക്കാൻ കഷ്ടപ്പെടുകയാണ്. കാർഷിക, ഭവന വായ്പകൾ എടുത്തവരും വിദേശ ജോലികൾക്കായി ലോണെടുത്തവരും ഇതുപോലെ കഷ്ടപ്പെടുന്നുണ്ട്.

താമരശ്ശേരി രൂപതയുടെ സർവ്വേപ്രകാരം, രൂപതാംഗങ്ങളുടെ ഇടയിൽ വരുമാനവും ചിലവും തമ്മിൽ പ്രകടമായ അന്തരം ഉണ്ട്. 71% കുടുംബങ്ങൾക്കും കടബാധ്യതയുണ്ട് എന്നതാണ് വസ്തുത, രൂപതയിലെ മൂന്നിലൊന്നു കുടുംബങ്ങൾ മാത്രമാണ് കടബാധ്യത ഇല്ലാത്തവർ. സർവ്വേയിൽ പങ്കെടുത്ത മൂന്നിലൊന്നു കുടുംബങ്ങളും വീട് നിർമ്മാണത്തിനും, നാലിലൊന്ന് കുടംബങ്ങൾ കൃഷി ആവശ്യങ്ങൾക്കും കടമെടുക്കുന്നവരാണ്. സമൂഹത്തിലെ ഏകദേശം അഞ്ചിലൊന്ന് കുടംബങ്ങൾ വിദ്യാഭ്യാസ ആവശ്യത്തിനായി കടമെടുത്തിരിക്കുന്നു. ന്യൂനപക്ഷ സമൂഹമെന്ന നിലയിൽ ക്രൈസ്തവർക്ക് ലഭ്യമാകേണ്ട സാമ്പത്തിക സഹായങ്ങൾ ഈ വിഭാഗത്തിന് ലഭിക്കാത്തത് ഈ സമൂഹത്തിന്റെ ദുരിതം വർദ്ധിപ്പിക്കുന്നു.






Printed and Published by Fr. Benny Alex Karackatt on behalf of Diocese of Thamarassery and printed at Roshni Publications (P) Ltd, Calicut-12 and published at PMOC, Marikkunnu, Calicut-12. Editor: Fr. Manoj Kollamparambil